കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2018 ഡിസംബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച
# പുതിയ പുസ്തകങ്ങൾ





മീനുക്കുട്ടി കണ്ട ലോകം
(കഥ)
**കെ വി മോഹൻകുമാർ**
വില ₹75




ഐതിഹ്യമാല കുട്ടികൾക്ക്
(പുനരാഖ്യാനം)
**ജ്യോതി കെ ജി**
വില ₹400




അമ്മന്നൂർ മാധവചാക്യാർ
(ജീവചരിത്രം)
**മാർഗി മധു**
വില ₹80




നമ്മുടെ എഴുത്തുകാർ
(വൈജ്ഞാനികം)
**ശ്രീജിത് പെരുന്തച്ചൻ**
വില ₹150





ഗാന്ധിജിയെ അറിഞ്ഞ കുട്ടി
(വൈജ്ഞാനികം)
**കവിതാ വിശ്വനാഥ്**
വില ₹100




മീഡിയ
(പുനരാഖ്യാനം)
**ഡോ ഡി രാജേന്ദ്രൻ**
വില ₹110





ജ്യാമിതിയുടെ കഥ
(ശാസ്ത്രം)
**ഡോ. ഡി രാജേന്ദ്രൻ**
വില ₹70





അമ്മക്കുട്ടിയുടെ അത്ഭുതങ്ങൾ
(നോവൽ)
**കെ എ ബീന**
വില ₹40




മിസ്റ്റർ ബോണ്ട് എന്റെ കുഞ്ഞു പൂച്ച (കഥ)
**ഷൈല സി ജോർജ്**
വില ₹30




മൂങ്ങാച്ചിക്കുഞ്ഞ്
(പുനരാഖ്യാനം)
**എസ് ശാന്തി**
വില ₹00




ഗണിതശാസ്ത്ര മനീഷികൾ
(നാടകം)
**സി എ സ്കറിയാക്കുട്ടി**
വില ₹70

## കോപ്പികൾക്ക്

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471 – 233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഡിസംബർ 2018
വില ₹20
വാർഷികവരിസംഖ്യ ₹200

# തളിര്

## ഉള്ളടക്കം

### ഹിമഭൂമിയിൽ നിന്നൊരപ്പൂപ്പൻ
**റോസ്മേരി**


6



അങ്ങുദൂരെ മഞ്ഞണിഞ്ഞ താഴ്‌വരയിൽ നിന്നും കൈനിറയെ സമ്മാനങ്ങളുമായി വരുന്ന സാന്താക്ലോസിനെ കൂട്ടുകാർ കാത്തിരിക്കുകയല്ലേ. നിസ്വാർഥതയുടെ പ്രതീകമായ സാന്തയെക്കുറിച്ച് കൂടുതലറിയാൻ ഈ ലേഖനം വായിക്കൂ...

### കാട്ടുപോത്ത്
**മനോജ് പി**

10



ആന കഴിഞ്ഞാൽ നമ്മുടെ കാടുകളിലെ ഏറ്റവും വലിയ മൃഗമാണ് കാട്ടുപോത്ത്. കേരളത്തിലെ മിക്ക വനമേഖലകളിലും കണ്ടുവരുന്ന കാട്ടുപോത്തുകൾ ഇന്ന് വംശനാശഭീഷണി നേരിടുകയാണ്. കാട്ടുപോത്തിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാം ഈ സചിത്ര ലേഖനത്തിലൂടെ...

### നാം തനിച്ചാണോ?
**ദിലീപ് മമ്പള്ളിൽ**

28

ഭൂമിയിലുള്ളതുപോലെ ജീവജാലങ്ങൾ മറ്റു ഗ്രഹങ്ങളിലുണ്ടാകുമോ? ഒന്നുചിന്തിച്ചു നോക്കൂ... നമ്മെപ്പോലെ ബുദ്ധിയുള്ള ജീവികൾ മറ്റു ഗ്രഹങ്ങളിലുണ്ടെങ്കിലോ?



മുൻമൊഴി ....................4
സുഗതകുമാരി
ക്രിസ്തുമസ് ഗാനം....................5
യേശു പറഞ്ഞ ഒരുകഥ....................14
ഉത്തരംതാങ്ങുന്ന പല്ലി....................14
കെ കെ പല്ലശ്ശന
രാജാവിന്റെ വെള്ളാന ....................16
ഡോ. കെ ശ്രീകുമാർ
പുണ്യം ....................18
ഉമ്മന്നൂർ ഗോപാലകൃഷ്ണൻ
സ്കൂൾഡെയ്സ്....................19
എൻ ടി രാജീവ്
കൊണാർക്കിലെ സൂര്യക്ഷേത്രം....20
കെ യതീന്ദ്രനാഥൻ
pH സ്കെയിൽ....................22
ലക്ഷ്മണൻ കെ പി
അറയ്ക്കൽ ബീവി....................24
പുനരാഖ്യാനം : ജ്യോതി കെ ജി
കടപയാദി....................26
പള്ളിയറ ശ്രീധരൻ
തണൽ....................32
പ്രേമജ ഹരീന്ദ്രൻ
മഴവില്ലുണ്ടായ കഥ....................37
രാജഗോപാലൻ നാട്ടുകൽ
ഡെമൊക്ലസിന്റെ വാൾ ....................38
എം ഗീതാഞ്ജലി
ആനക്കാര്യം ....................40
എൻ ടി രാജീവ്
കുട്ടന്റെ സ്വപ്നം ....................41
രാജു പാമ്പാടി
ജക്കാർത്ത ഏഷ്യൻ ഗെയിംസ്.....42
സനിൽ പി തോമസ്
ഒരു സ്വപ്നം ....................45
ജോസ് ഗോതുരുത്ത്
മഹാഭാരതം ....................46
സുഗതകുമാരി
ഇളംതളിര്....................48
ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ ....................53

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**ചിഞ്ജു പ്രകാശ്**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ദേവപ്രകാശ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org,
director@ksicl.org**

**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**



വര: സുധീർ പി വൈ



യേശു എന്ന കുഞ്ഞ് ജനിച്ചതു കൊട്ടാരത്തിലായിരുന്നില്ല. പ്രഭുഗൃഹത്തിലായിരുന്നില്ല. ഒരു പഴയ സത്രത്തിന്റെ കാലിത്തൊഴുത്തിലായിരുന്നു. വയ്ക്കോൽ വിരിച്ചാണ് അമ്മ അവനെ കിടത്തിയത്. കാലിത്തൊഴുത്തിലെ പാവങ്ങൾ, നാൽക്കാലികൾ കുഞ്ഞിനെ നോക്കിനിന്നു. 'ഇവൻ ഞങ്ങളുടെ കുഞ്ഞ്–' ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു പ്രഭ ചൊരിഞ്ഞുനിന്ന ദിവ്യനക്ഷത്രം താഴേക്കു വിരൽ ചൂണ്ടി. 'ഇവൻ ദൈവപുത്രൻ'– അപ്പോൾ അന്തരീക്ഷത്തിൽ സ്വർഗീയസംഗീതം മുഴങ്ങിയെന്നും ദൈവദൂതരുടെ ചിറകടികൾ കേൾക്കായെന്നും പറയുന്നു. ദൂരെ ദൂരെ നിന്നും വന്ന മൂന്നു രാജാക്കന്മാർ ആ വയ്ക്കോൽക്കിടക്കയിൽ കീറത്തുണിയാൽ പൊതിയപ്പെട്ടു കിടക്കുന്ന ചെറു ശിശുവിന്റെ മുന്നിൽ മുട്ടുകുത്തി. 'ഇവൻ ഞങ്ങളുടെ രക്ഷകൻ'– ഓടിയെത്തിയ ഇടയന്മാർ പറഞ്ഞു: 'ഇവൻ ഞങ്ങളുടെ കുഞ്ഞാട്'– പിന്നീട് ആശാരിപ്പണി ചെയ്യുന്ന പിതാവിനൊപ്പം ചുറുചുറുക്കോടെ ജോലിചെയ്യുന്ന കുട്ടിയെ നോക്കി അയൽക്കാർ അഭിനന്ദിച്ചു. 'മിടുക്കൻ ആശാരിപയ്യൻ' – പിന്നീട് അവൻ വളർന്നുയർന്നു കൈകൾ നീട്ടിയപ്പോൾ ആ തണൽ തേടിയെത്തിയ പാവപ്പെട്ട മുക്കുവർ ആ തേജസ്സുറ്റ മുഖത്തുനോക്കി 'ഗുരോ' എന്നുവിളിച്ചു. കഷ്ടപ്പെടുന്നവർ അവനെ രക്ഷകൻ എന്നുവിളിച്ചു.

ആരായിരുന്നു യേശു? ഒരേ സമയം ദൈവപുത്രനും മനുഷ്യപുത്രനുമായിരുന്നു. സ്നേഹവും കാരുണ്യവുമായിരുന്നു. ത്യാഗവും നീതിയും ഈശ്വരവിശ്വാസവുമായിരുന്നു- ഇവയെല്ലാം ചേർന്ന ആ തേജോരൂപനെ ഓർമിക്കുവാൻ, അറിയുവാൻ, അവിടുന്നു നമ്മെ പഠിപ്പിക്കുവാൻ ശ്രമിച്ച പാഠങ്ങൾ എന്തെന്ന് മനസ്സിലാക്കുവാൻ, ആ സ്മരണയ്ക്കു മുന്നിൽ പ്രണമിക്കുവാൻ വീണ്ടും ക്രിസ്തുമസ്കാലം ആഗതമായിരിക്കുന്നു. ഒരു നക്ഷത്രത്തിന്റെ ചുവട്ടിൽ, കാലികൾക്കു നടുവിൽ, വയ്ക്കോൽവിരിപ്പിൽ, കീറത്തുണിയിൽ പൊതിഞ്ഞുകിടന്നു കളിക്കുന്ന ആ ദിവ്യശിശുവിനെ നമുക്കു വീണ്ടും വീണ്ടും നോക്കിക്കാണാം. ആ കുഞ്ഞിക്കാലുകളിൽ ചുംബിക്കാം. ആ കാലുകൾ മനുഷ്യരാശിക്കുവേണ്ടി ചോര ചിന്തുവാനുള്ളവയാണ് എന്നു നന്ദിയോടെ സ്മരിക്കാം. എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ.

സ്നേഹത്തോടെ,
**സുഗതകുമാരി**

**ഒരേ സമയം ദൈവപുത്രനും മനുഷ്യപുത്രനുമായിരുന്നു യേശു. സ്നേഹവും കാരുണ്യവുമായിരുന്നു. ത്യാഗവും നീതിയും ഈശ്വരവിശ്വാസവുമായിരുന്നു- ഇവയെല്ലാം ചേർന്ന ആ തേജോരൂപനെ ഓർമിക്കുവാൻ, അറിയുവാൻ, അവിടുന്നു നമ്മെ പഠിപ്പിക്കുവാൻ ശ്രമിച്ച പാഠങ്ങൾ എന്തെന്ന് മനസ്സിലാക്കുവാൻ, ആ സ്മരണയ്ക്കു മുന്നിൽ പ്രണമിക്കുവാൻ വീണ്ടും ക്രിസ്തുമസ്കാലം ആഗതമായിരിക്കുന്നു.**

# ഒരു പഴയ ക്രിസ്തുമസ് ഗാനം





വര: ബാബുരാജൻ

പ്രേമവാരാശേ, ലോക
പ്രേമ വാരാശേ
താരകമുയരെ, തൂവിരൽ ചൂണ്ടും
ഗോകുലഗേഹം അതീവ വിനീതം
മൂകം, വിജനമനോജ്ഞം, ശാന്തം
ലോകേശാത്മജൻ എഴുന്നള്ളുകയായ്
(പ്രേമവാരാശേ...)

വരുവിൻ, കണ്ണീരൊഴുകുന്നോരേ
വരുവിൻ, നോവാൽ തളരുന്നോരേ
അടിമകളേ, പീഡിതരേ, വരുവിൻ
ഇവിടെ വിളക്കുകൊളുത്തീ ദൈവം
ബത്‌ലഹേം ഗോകുലനിലയേ പോകാം
അതുലാനന്ദ സുഖാന്തികമണയാം
(പ്രേമവാരാശേ...)

# ഹിമഭൂമിയിൽ നിന്നൊരപ്പൂപ്പൻ

**റോസ്മേരി**

വൃശ്ചികത്തിലെ തെളിഞ്ഞ ആകാശം. ആകാശം നിറയെ മിന്നിനിൽക്കുന്ന നക്ഷത്രങ്ങൾ. പിന്നെ, പുൽക്കൂട്ടിലുറങ്ങുന്ന ഉണ്ണിയേശു. ചുറ്റുപാടും വർണനക്ഷത്രങ്ങൾ. കടലാസുതോരണങ്ങൾ. പക്ഷേ കുട്ടികളുടെ മനസ്സിൽ തെളിയുന്ന പ്രധാന ക്രിസ്മസ് ബിംബം സാന്താക്ലോസ് എന്ന ക്രിസ്മസ് അപ്പൂപ്പന്റേതായിരിക്കും. തീർച്ച!

സാന്താക്ലോസ് വെറുമൊരു ഭാവനാകഥാപാത്രമല്ലെന്നും, പിന്നിൽ ചരിത്രപരമായ ചില പശ്ചാത്തലങ്ങളുണ്ടെന്നും അറിയുന്നത് കൗതുകകരമായിരിക്കും. ലോകമെമ്പാടുമുള്ള കുഞ്ഞുങ്ങളുടെ മനം കവർന്ന ഈ പ്രിയപ്പെട്ട മുത്തച്ഛൻ, നൂറ്റാണ്ടുകൾക്കു മുമ്പ് ഈ ഭൂമിയിൽ ജീവിച്ചിരുന്ന ഒരു നല്ല മനുഷ്യന്റെ പ്രതിനിധിയാണ് എന്നറിയുമ്പോൾ നിങ്ങൾ വിസ്മയിച്ചേക്കാം.

ആ കഥപറയാൻ ഏറെ പിന്നിലേക്കു സഞ്ചരിക്കേണ്ടതുണ്ട്. ക്രിസ്തുവിനു ശേഷം, മൂന്നാം നൂറ്റാണ്ടിലേക്ക്... പഴയ ഏഷ്യാമൈനറിലെ മിറാ എന്ന ദിക്കിൽ (ഇന്നത്തെ ടർക്കി) ഒരു പ്രഭുകുടംബത്തിൽ അരുമയായ ഒരാൺകുഞ്ഞു പിറന്നു. അച്ഛനമ്മമാർ 'ജനനായകൻ' എന്നർഥം വരുന്ന നിക്കോളാസ് എന്നവനു പേരുമിട്ടു.

ചെറുപ്പത്തിൽത്തന്നെ ദരിദ്രരോടും കഷ്ടപ്പെടുന്നവരോടും അതിരറ്റ ദയാവായ്പായിരുന്നു നമ്മുടെ പ്രഭുകുമാ



വര:റോണി ദേവസ്യ

രന്. മുതിർന്നപ്പോൾ ആൾ ഒരു ക്രിസ്തീയ പുരോഹിതനായിത്തീർന്നു. അച്ചനായിക്കഴിഞ്ഞപ്പോൾ തന്റെ ഇടവകയിലെ പാവപ്പെട്ടവരുടെ ജീവിതാവസ്ഥകൾ എങ്ങനെ മെച്ചപ്പെടുത്താം എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ചിന്ത.

ലളിതജീവിതം നയിച്ചിരുന്ന ഫാദർ നിക്കോളാസ്, വീട്ടുകാർ നൽകുന്ന പണമത്രയും പാവങ്ങൾക്കിടയിൽ വിതരണം ചെയ്തു. പകൽസമയങ്ങളിൽ അദ്ദേഹം വേഷം മാറി, ദരിദ്രർ തിങ്ങിപ്പാർക്കുന്ന ചേരികളിൽ ചുറ്റിത്തിരിയും. അവരുടെ സംഭാഷണങ്ങൾക്കു കാതോർക്കും. ഇടവകയിലെ ജനങ്ങളുടെ യഥാർഥ അവസ്ഥ മനസ്സിലാക്കാൻ വേണ്ടിയായിരുന്നു ഇത്തരം യാത്രകൾ.

താൻ നൽകുന്ന സഹായം. അതേറ്റവും അർഹിക്കുന്നവരുടെ കൈയിൽത്തന്നെ എത്തിച്ചേരണം എന്ന് നിക്കോളാസച്ചൻ ആഗ്രഹിച്ചു. പക്ഷേ ഇക്കാര്യം രണ്ടാമതൊരാൾ അറിയരുത് എന്നുമദ്ദേഹത്തിന് നിഷ്കർഷയുണ്ടായിരുന്നു. അതുകൊണ്ട് രാത്രിയുടെ മറവിൽ മറ്റാരുടെയും കണ്ണിൽപ്പെടാതെ തന്റെ കുതിരപ്പുറത്തേറി, അച്ചൻ യാത്ര പുറപ്പെടും. എന്നിട്ട് ശബ്ദമുണ്ടാക്കാതെ ദാനം അർഹിക്കുന്ന ദരിദ്രഭവനത്തിന് അടുത്തെത്തും. തുറന്നുകിടക്കുന്ന ജാലകപ്പാളിയിലൂടെയോ ചിമ്മിനിയുടെ ദ്വാരത്തിലൂടെയോ നാണയങ്ങൾ നിറച്ച സഞ്ചി അകത്തേക്കിടും. തുടർന്ന് നിശ്ശബ്ദനായ് മടങ്ങും. ഇതായിരുന്നു പതിവ്.

മുതിർന്നവർക്കെന്നപോലെ കുഞ്ഞുങ്ങൾക്കും നിക്കോളാസച്ചൻ പ്രിയങ്കരനായിരുന്നു.

തന്റെ തോൾസഞ്ചിയിൽ കുട്ടികൾക്കുള്ള മധുരപലഹാരങ്ങളും കളിക്കോപ്പുകളും ആൾ സദാ കരുതിയിരുന്നു.

നിക്കോളാസച്ചന്റെ ദാനശീലത്തെക്കുറിച്ച് നിരവധി കഥകൾ പ്രചാരത്തിലുണ്ട്. അവയിൽ ഒന്നുമാത്രം പറയാം. ആ ഇടവകയിൽ അതീവ ദരിദ്രമായ ഒരു കുടുംബമുണ്ടായിരുന്നു. ഒരു വൃദ്ധനും ഭാര്യയും കല്യാണപ്രായം കഴിഞ്ഞ മൂന്നു പെൺമക്കളും.

അവരെ വിവാഹം ചെയ്തയക്കുവാൻ അവർക്കു യാതൊരു നിർവാഹവുമുണ്ടായിരുന്നില്ല. അതേച്ചൊല്ലി അച്ഛനമ്മമാർ ഏറെ ദുഃഖിച്ചു. അടിയുറച്ച ദൈവവിശ്വാസികളായ ആ കുടുംബം എന്നും പുലർച്ചെ പള്ളിയിൽ വരുന്നതും ദൈവസന്നിധിയിൽ കണ്ണീരോടെ പ്രാർഥിക്കുന്നതും നിക്കോളാസച്ചൻ കാണുന്നുണ്ടായിരുന്നു. അവരെ സഹായിക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു.

ഒരു നിശ്ശബ്ദരാത്രിയിൽ അച്ചൻ അവരുടെ പഴഞ്ചൻ കുടിലിന് അടുത്തെത്തി. എന്നിട്ട് ചിമ്മിനിയുടെ ദ്വാരത്തിലൂടെ പണസഞ്ചി താഴേക്കിട്ടു. ചിമ്മിനിയുടെ വശത്ത് ഉണങ്ങാനിട്ടിരുന്ന സോക്സിനുള്ളിലേക്കാണ് അത് ചെന്നുവീണത്. രാവിലെ പെൺമക്കൾ നോക്കുമ്പോൾ സോക്സിനുള്ളിലതാ, സ്വർണനാണയങ്ങൾ നിറച്ച ഒരു തുണിസഞ്ചി. ആരാണാവോ തങ്ങൾക്കു ഇത്ര വലിയ ഒരു തുക സമ്മാനിച്ചത്? എത്ര ചിന്തിച്ചിട്ടും അവർക്ക് പിടികിട്ടിയില്ല.

എന്തായാലും ആ പണമുപയോഗിച്ച് മൂത്ത മകളുടെ വിവാഹം നടത്തി. രണ്ടാമത്തെ മകളുടെ കല്യാണത്തിനും അച്ചൻ ഇവ്വിധം രഹസ്യമായിത്തന്നെ സ്വർണനാണയങ്ങൾ നിക്ഷേപിച്ചു.

പിന്നീട് ഇളയവളുടെ കല്യാണവും തീരുമാനിക്കപ്പെട്ടു. ഇത്തവണ, തങ്ങളെ സഹായിക്കുന്നത് ആരെന്നു കണ്ടുപിടിക്കുകതന്നെ. ഗൃഹനാഥൻ നിശ്ചയിച്ചു. അയാൾ ഉറങ്ങാതെ നിരവധി രാത്രികൾ കാത്തിരുന്നു. ഒടുക്കം അതാ പണസഞ്ചിയുമായി നമ്മുടെ നിക്കോളാസച്ചൻ.

തികച്ചും ഓർക്കാപ്പുറത്തു നടന്ന കൂടിക്കാഴ്ച! ആനന്ദക്കണ്ണീർ പൊഴിച്ചുകൊണ്ട് വൃദ്ധനും കുടുംബവും അച്ചനോടു നന്ദിപറഞ്ഞു. സമ്മാനം കൈമാറുമ്പോൾ അച്ചൻ ഒരുകാര്യം മാത്രം ഓർമിപ്പിച്ചു. താനാണു സഹായിച്ചതെന്നു മറ്റാരും അറിയരുതെന്ന്. പക്ഷേ അച്ചൻ കണ്ണിൽ നിന്നും മറയേണ്ട താമസം വൃദ്ധനും കുടുംബവും സന്തോഷം താങ്ങാനാവാതെ ആ വാർത്ത നാടെങ്ങും വിളംബരം ചെയ്തു.

അച്ചൻ പിന്നീട് ബിഷപ്പായി സ്ഥാനമേറ്റു. അപ്പോഴും ദാനധർമങ്ങൾ തുടർന്നു. ജീവിച്ചിരിക്കെത്തന്നെ അദ്ദേഹം വിശുദ്ധ നിക്കോളാസ് എന്നറിയപ്പെട്ടു. ഇറ്റലിയിലെ ബാറിയിലുള്ള സെന്റ് നിക്കോളാസ് ബസിലിക്കയാണ് കബറിടം. കരുണ, വാത്സല്യം, ദരിദ്രരോടുള്ള മനസ്സലിവ്. അനാഥരോടും വിധവകളോടുമുള്ള കരുതൽ ഇവയൊക്കെയാണ് ഈ വിശുദ്ധന്റെ സവിശേഷതകൾ.

**താൻ നൽകുന്ന സഹായം, അതേറ്റവും അർഹിക്കുന്നവരുടെ കൈയിൽത്തന്നെ എത്തിച്ചേരണം എന്ന് നിക്കോളാസച്ചൻ ആഗ്രഹിച്ചു. പക്ഷേ ഇക്കാര്യം രണ്ടാമതൊരാൾ അറിയരുത് എന്നുമദ്ദേഹത്തിന് നിഷ്കർഷയുണ്ടായിരുന്നു.**

**നല്ല സ്വഭാവമുള്ള കുട്ടികൾക്കേ സാന്താക്ലോസ് സമ്മാനം നൽകൂ. അതുകൊണ്ട് ഡിസംബർ മാസം തുടങ്ങുമ്പോൾ മുതൽ കുട്ടികൾ സകല കുസൃതികളും വെടിഞ്ഞ് മര്യാദക്കാരും അനുസരണാശീലമുള്ളവരും ആവാൻ ശ്രമിക്കും!**

അദ്ദേഹത്തിന്റെ കാലശേഷമാണ് കുഞ്ഞുങ്ങൾക്ക് രഹസ്യമായി ഉപഹാരങ്ങൾ കൈമാറുന്ന പതിവ് ആരംഭിച്ചത്. ആദ്യമൊക്കെ പുണ്യവാളന്റെ ഓർമദിവസമായ ഡിസംബർ ആറിനായിരുന്നു ഇത്. പിൽക്കാലത്ത് അത് ഡിസംബർ 24 ലേക്ക് എത്തിച്ചേർന്നു.

വളരെപ്പെട്ടെന്നാണ് ഈ ആചാരം മറ്റു രാജ്യങ്ങളിലേക്കും പ്രചരിച്ചത്. കുഞ്ഞുങ്ങൾ കാലേക്കൂട്ടി തങ്ങളുടെ ആഗ്രഹങ്ങൾ ഒരു കടലാസ്സിൽ കുറിച്ച് ചിമ്മിനിയുടെ ചുവട്ടിൽ നിക്ഷേപിക്കുന്നു. ക്രിസ്മസ്ത്തലേന്ന് പുണ്യവാളന്റെ പ്രതിനിധിയായ സാന്താ അപ്പൂപ്പൻ ആരും കാണാതെ കടന്നുവന്ന് തങ്ങൾക്കുള്ള ഉപഹാരം ജാലകപ്പടിമേലോ ക്രിസ്മസ് ട്രീയുടെ ചുവട്ടിലോ കൊണ്ടുവച്ചിട്ട് ഒച്ചയുണ്ടാക്കാതെ മടങ്ങുന്നു.

നല്ല സ്വഭാവമുള്ള കുട്ടികൾക്കേ സാന്താക്ലോസ് സമ്മാനം നൽകൂ. അതുകൊണ്ട് ഡിസംബർ മാസം തുടങ്ങുമ്പോൾ മുതൽ കുട്ടികൾ സകല കുസൃതികളും വെടിഞ്ഞ് മര്യാദക്കാരും അനുസരണാശീലമുള്ളവരും ആവാൻ ശ്രമിക്കും!

പുണ്യവാളന്റെ ചരിത്രത്തിനൊപ്പം പല രാജ്യങ്ങളിൽ നിലനിന്നുപോരുന്ന മിത്തുകളും സങ്കല്പങ്ങളും ഒക്കെച്ചേർന്ന് മറ്റേതോ ലോകത്തുനിന്നും ഈ ഭൂമിയിലെത്തുന്ന ഒരു ദിവ്യരൂപമായ് പരിണമിച്ചു, സാന്താക്ലോസ്.

വിക്ടോറിയൻ കാലഘട്ടത്തിലാണ് ഈ സങ്കൽപ്പം കൂടുതൽ ജനപ്രിയമായത്. എഴുത്തുകാരും ശില്പികളും ചരിത്രകാരന്മാരും സാന്തയ്ക്ക് അവരവരുടെ സങ്കല്പങ്ങൾക്കനുസരിച്ച് രൂപഭാവങ്ങളിൽ പല മാറ്റങ്ങളും വരുത്തി.

ഡോക്ടർ ക്ലെമന്റ് ക്ലാർക്ക് മൂർ 1823 ൽ എഴുതിയ കവിതയാണ് ഇവയിൽ ഏറ്റം സവിശേഷം. 'വിശുദ്ധ നിക്കോളാസിന്റെ സന്ദർശനം' അഥവാ 'ക്രിസ്മസ്ത്തലേന്ന്' എന്നാണു ശീർഷകം.

എട്ട് റെയ്ൻഡിയറുകൾ വലിക്കുന്ന തെന്നുവണ്ടി



(സ്ളെഡ്ജ്)യിൽ ആകാശത്തുകൂടി അതിവേഗം കുതിച്ചുപാഞ്ഞെത്തുന്ന സാന്ത അപ്പൂപ്പൻ! ഉത്തരധ്രുവത്തിലെ അതിശൈത്യമാർന്ന ദിക്കിൽ നിന്നുമാണവരുടെ പുറപ്പാട്. കൃത്യമായ്പ്പറഞ്ഞാൽ ഫിൻലൻഡിലെ ലാപ്‌ലാൻഡിൽ നിന്ന്. അപ്പൂപ്പന്റെ അയഞ്ഞ ളോഹയും കൂമ്പൻ കമ്പിളിത്തൊപ്പിയും ചിരിക്കുമ്പോൾ ജെല്ലിപോലെ മൃദുലമായ് തുള്ളിത്തുളുമ്പുന്ന വിസ്തൃതമായ കുടവയറും കവിയുടെ ഭാവനയിൽ വിരിഞ്ഞതാണ്. അതിവേഗം ഈ കവിതയ്ക്ക് സംഗീത, നൃത്താവിഷ്കാരങ്ങൾ അരങ്ങേറപ്പെട്ടു.

1863–ൽ ഹാർപ്പർ വാരികയിൽ തോമസ് നാസ്റ്റ് എന്ന അമേരിക്കൻ ചിത്രകാരനാണ് സാന്ത അപ്പൂപ്പന് ഇന്നു കാണുന്ന നിയതമായ രൂപവും വേഷവിധാനങ്ങളും വരഞ്ഞുണ്ടാക്കിയത്.

സദാ ആഹ്ലാദം തുളുമ്പുന്ന മുഖഭാവം. സമൃദ്ധമായ് ഒഴുകിക്കിടക്കുന്ന വെളുവെളുത്ത താടിരോമങ്ങൾ, തക്കാളിപ്പഴം പോലെ തുടുത്ത കവിളിണകൾ. കുസൃതിയും വാത്സല്യവും കൂടിക്കലർന്ന മിഴികൾ. അരികിൽ വെളുത്ത കമ്പിളിരോമം കൊണ്ടു തൊങ്ങൽ പിടിപ്പിച്ച ചുവന്ന കുപ്പായവും അറ്റം കൂർത്ത തൊപ്പിയും. വലംകൈയിൽ ഒരു നീണ്ട പൈപ്പ്. തോളിൽ സമ്മാനങ്ങൾ നിറച്ച ഒരു കൂറ്റൻ ഭാണ്ഡവും. അങ്ങു വിദൂരതയിലുള്ള ഹിമഭൂമിയിൽ നിന്ന് കലമാന്റെ പുറത്തു സവാരി ചെയ്തു തങ്ങളെത്തേടിയെത്തുന്ന ഈ അപ്പൂപ്പനെ ഏതു കുട്ടിയാണ് സ്നേഹിച്ചുപോവാത്തത്?

കുട്ടികളുടെ സകല സങ്കടങ്ങളും അകറ്റാനായി, ആണ്ടിലൊരിക്കൽ ഇരുളിന്റെ മറപറ്റി വന്നുപോവുന്ന ഈ സ്നേഹവാനെക്കുറിച്ച് പല കേട്ടുകേൾവികളുമുണ്ട്.

വർഷം മുഴുവൻ മഞ്ഞണിഞ്ഞ ഒരു താഴ്‌വരയിലാണത്രേ സാന്തയുടെ കൊച്ചു തടിവീട്. തൊട്ടടുത്ത് ഒരു പണിശാലയുമുണ്ട്. ഓരോ കുട്ടിയുടെയും ആവശ്യങ്ങൾ വായിച്ചറിഞ്ഞ് സ്വന്തം കൈകൾ കൊണ്ടുതന്നെ മെനഞ്ഞെടുക്കുന്ന കളിപ്പാട്ടങ്ങൾ, സഹായിക്കാൻ വനദേവതകളുടെ ഒരു സംഘവും ഒപ്പമുണ്ട്. സദാ സന്തോഷവാനായ അപ്പൂപ്പൻ ഇടയ്ക്കിടെ ‘‘ഹൊ ഹാ ഹാ’’ എന്നൊരു വമ്പൻ ആഹ്ലാദച്ചിരി മുഴക്കുമത്രേ!

സാന്തയെക്കുറിച്ച് നിരവധി ഗാനങ്ങൾ, സിനിമകൾ, ഓപ്പറെകൾ, ഡ്രാമകൾ, കവിതകൾ, കഥകൾ ഇവയൊക്കെ വർഷംതോറും പുറത്തിറങ്ങുന്നു. സങ്കൽപ്പകഥാപാത്രം എന്നതിനപ്പുറം മനുഷ്യരുടെ ഇടയിൽ ജീവിക്കുന്ന ഒരു യഥാർഥ വ്യക്തിയായ്, അദ്ദേഹം കൊണ്ടാടപ്പെടുന്നു. ഇറ്റലി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ കുട്ടികൾ ക്രിസ്മസ്ത്തലേന്ന് ഉമ്മറവാതിൽക്കൽ ക്യാരറ്റും പച്ചപ്പുല്ലും നിരത്തിവയ്ക്കുന്നു. ഒരു ടിന്നിൽ ചീസ് ബിസ്ക്കറ്റുകളും. യാത്ര ചെയ്തു ക്ഷീണിച്ചെത്തുന്ന അപ്പൂപ്പനും മാനുകൾക്കും വിശപ്പടക്കുവാൻ വേണ്ടി...

2008 ൽ കാനഡാ ഗവൺമെന്റ് സാന്തായെ പൗരത്വം നൽകി സ്വന്തമാക്കി. അലാസ്കയിൽ ‘സാന്താക്ലോസ് വസതി’ എന്ന പേരിൽ ഒരു ഗ്രാമം തന്നെയുണ്ട്. നോർവേയിലെ ഓരോ പ്രവിശ്യയും സാന്തയുടെ ജന്മദേശമെന്ന് സ്വയം അവകാശപ്പെട്ടുകൊണ്ടേയിരിക്കുന്നു.

സാന്തയ്ക്ക് വർഷന്തോറും കോടിക്കണക്കിന് കുഞ്ഞുങ്ങളാണ് കത്തെഴുതുന്നത്. ഈ കത്തുകൾ സ്വീകരിക്കാനും അവയ്ക്ക് മറുപടി എഴുതാനും പല വിദേശരാജ്യങ്ങളും ക്രിസ്മസ് കാലത്ത് തപാൽ വകുപ്പിന്റെ കീഴിൽ പ്രത്യേകം സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നു.

സാന്തയുടെ പേരിൽ ലോകമെമ്പാടും നിരവധി സത്പ്രവൃത്തികൾ നടക്കുന്നു. അച്ഛനമ്മമാർ മക്കൾക്ക് സ്നേഹോപഹാരങ്ങൾ സമ്മാനിക്കുന്ന ഉല്ലാസവേളയാണല്ലോ ക്രിസ്മസ് കാലം. ഒപ്പം വീടില്ലാത്തവരും അനാഥരും ജയിലുകളിലും ആശുപത്രികളിലും കഴിയുന്നവരും കൂടി ഓർമിക്കപ്പെടുന്നു. സാന്താക്ലോസ് അവരുടെയടുത്തും സമ്മാനങ്ങളുമായെത്തുന്നു. വികസിത രാജ്യങ്ങളിലെ സുമനസ്സുകളായ സമ്പന്നരും പ്രമുഖ കമ്പനികളും സന്നദ്ധസംഘടനകളും ഒത്തുചേർന്നാണ് ഇത്തരം സമ്മാനങ്ങളും സ്നേഹവിരുന്നുകളും ഒരുക്കുന്നത്.

നിസ്വാർഥതയുടെ പ്രതീകമാണ് സാന്താ അപ്പൂപ്പൻ. തിരിച്ചൊന്നും പ്രതീക്ഷിക്കാതെ കൊടുക്കുന്നതിൽ മാത്രം ആനന്ദം കണ്ടെത്തുന്നയാൾ. ഓരോ കുഞ്ഞിന്റെയും ബാല്യത്തെ വർണശബളമാക്കുന്ന നിറസാന്നിധ്യം. ഏതു നിസ്സാരനും എളിയവനും ഈശ്വരസമക്ഷം മറ്റുള്ളവർക്കൊപ്പം തന്നെയെന്ന് സാന്ത നമ്മെ പഠിപ്പിക്കുന്നു.

പ്രത്യുപകാരം പ്രതീക്ഷിക്കാതെ ദുഃഖിതന്, പരാജിതന്, ഒറ്റപ്പെട്ടവന്, തെല്ലുസന്തോഷം പകരുമ്പോൾ നാമോരോരുത്തരും ഓരോ സാന്തമാരായ് മാറുകയാണ്. പ്രകാശത്തിന്റെ ചെറുതിരിനാളങ്ങൾ.



ഫോട്ടോഫീച്ചർ

# കാട്ടുപോത്ത്

**പി മനോജ്**

**വംശനാശഭീഷണി നേരിടുന്ന മൃഗമാണ് കാട്ടുപോത്ത്. ലോകത്ത് ഇന്നു നിലനിൽക്കുന്ന കാട്ടുപോത്തുകളിൽ 90% ത്തിൽ അധികവും ഇന്ത്യയിലാണുള്ളത്. നമ്മുടെ നാടും അവയ്ക്ക് ഇന്ന് ഒട്ടും സുരക്ഷിതമല്ലാതായി ത്തീർന്നിട്ടുണ്ട്. വേട്ട കൂടാതെ വനനശീകരണവും മറ്റു പല രീതിയിലുള്ള ആവാസവ്യവസ്ഥകളുടെ ശിഥിലീകര ണവും വളർത്തുമൃഗങ്ങളിൽ നിന്നുള്ള രോഗബാധക ളുമെല്ലാം ഇതിനു കാരണമാണ്.**

ആനകഴിഞ്ഞാൽ നമ്മുടെ വനങ്ങളിൽ കാണപ്പെടുന്ന ഏറ്റവും വലിയ മൃഗം ഏതെന്നു ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളൂ 'കാട്ടുപോത്ത്'. പശുവംശത്തിലെ ഏറ്റവും വലിയ മൃഗവും കാട്ടുപോത്തുതന്നെ. പോത്തെന്നാണ് പേരെ ങ്കിലും കാട്ടിലെ പശുവാണ് കാട്ടുപോത്ത്.

കേരളത്തിലെ മിക്ക വനമേഖലകളിലും കാട്ടുപോത്തുക ളുണ്ട്. വയനാട്, പെരിയാർ, പറമ്പിക്കുളം തുടങ്ങിയ വന്യജീവി

സങ്കേതങ്ങളാണ് കേരളത്തിൽ കാട്ടുപോത്തുകളെ നന്നായി അടുത്തുകാണുവാൻ അനുയോജ്യമായ വന്യജീവി സങ്കേതങ്ങൾ.

ഇന്ത്യൻ ഉപഭൂഖണ്ഡവും തെക്കു കിഴക്കേ ഏഷ്യയുമാണ് കാട്ടുപോത്തുകളുടെ ജന്മദേശം. ഇന്ത്യയെക്കൂടാതെ വിയറ്റ്നാം, ചൈന, കംബോഡിയ, മലയൻ പെനിൻസുല, മ്യാൻമാർ, നേപ്പാൾ, ഭൂട്ടാൻ എന്നീ രാജ്യങ്ങളിലും കാട്ടുപോത്തുകളുണ്ടെങ്കിലും അവയുടെ എണ്ണം നന്നേ കുറവാണ്. ഉള്ളവതന്നെ ഒറ്റപ്പെട്ടുപോയ വനമേഖലകളിലാണു താനും. ശ്രീലങ്കയിലെ കാട്ടുപോത്തുകൾക്ക് വംശനാശം സംഭവിച്ചതായാണ് കണക്കാക്കപ്പെടുന്നത്.

ആന കഴിഞ്ഞാൽ നമ്മുടെ കാടുകളിലെ ഏറ്റവും വലിയ മൃഗമാണ് കാട്ടുപോത്ത് എന്നു പറഞ്ഞുവല്ലോ. പ്രായപൂർത്തിയായ ആൺ കാട്ടുപോത്തിന് 1000 കിലോഗ്രാം വരെ ഭാരമുണ്ടാകും. ഇന്ത്യയിലെ കാട്ടുപോത്തുകളിൽ ആണിന്റെ ശരാശരിഭാരം 840 കിലോഗ്രാമാണ്. നല്ല കറുത്ത നിറമാണ് ആൺ കാട്ടുപോത്തുകൾക്ക്. പെണ്ണിന് കറുപ്പുകലർന്ന തവിട്ടുനിറമെന്ന് പറയാം.

വെളുത്ത കാലുകളും കറുത്ത കുളമ്പുകളും ഉള്ള കാട്ടുപോത്തുകളെ കണ്ടാൽ ഷൂവും സോക്സും ഇട്ടു നടക്കുന്ന മൃഗങ്ങളാണെന്ന് തോന്നിപ്പോകും. പെൺ കാട്ടുപോത്തുകൾക്ക്

വംശനാശഭീഷണി നേരിടുന്ന മൃഗമാണ് കാട്ടുപോത്ത് എന്നു പറഞ്ഞുവല്ലോ. അവയെ വേട്ടയാടുന്നത് 1972 ലെ ഇന്ത്യൻ വന്യജീവി സംരക്ഷണ നിയമപ്രകാരം കുറ്റകരമാണ്. വംശനാശം നേരിടുന്ന ജീവികളെ ഉൾപ്പെടുത്തിയിട്ടുള്ള IUCN ന്റെ റെഡ് ലിസ്റ്റിലും കാട്ടുപോത്തുകൾ ഉണ്ട്.





ശരാശരി 700 മുതൽ 900 കിലോഗ്രാം വരെ ഭാരമുണ്ടാകും. താടയും എഴുന്നുനിൽക്കുന്ന പേശീദൃഢമായ ശരീരവുമാണ് കാട്ടുപോത്തുകൾക്ക്. ഇത് അവയ്ക്ക് ഒരു മുരടന്റെ ഭാവം നൽകുന്നു. അതുകൊണ്ടായിരിക്കാം അൽപ്പം മുരടൻമാരായ മനുഷ്യരെ നമ്മൾ കാട്ടുപോത്തെന്നു പറയുന്നത്.

കാട്ടുപോത്തിന്റെ കിടാവിനെ കണ്ടാൽ പശുക്കുട്ടിയെപ്പോലിരിക്കും. ചെമ്പൻ നിറമാണ്.വളരുന്നതനുസരിച്ച് അത് കറുപ്പായി മാറും. ഉറച്ചതും വളഞ്ഞിരിക്കുന്നതുമായ കൊമ്പുകൾ വരും.

നിത്യഹരിതവനങ്ങളിലും, അർധ നിത്യഹരിതഭവനങ്ങളിലും ഇലപൊഴിയും കാടുകളിലും ആർദ്ര ഇലപൊഴിയും കാടുകളിലും പുൽമേടുകളിലുമൊക്കെ കാട്ടുപോത്തുകൾ ജീവിക്കുന്നു.

മനുഷ്യന്റെ ശല്യമില്ലെങ്കിൽ കാട്ടുപോത്തുകൾ പകലും രാത്രിയും ഒരുപോലെ മേയാനിറങ്ങും. കാട്ടാനകളുടെ കാര്യത്തിലെന്നപോലെ കൂട്ടമായാണ് കാട്ടുപോത്തുകളെ കാണപ്പെടുക. കൂട്ടത്തിൽ കുട്ടികളും ഇടത്തരം പ്രായമായ ആൺ-പെൺ പോത്തുകളുമൊക്കെ ഉണ്ടാകും. കരുത്തും പ്രായവുമുള്ള പെൺകാട്ടുപോത്തുകളാണ് കൂട്ടത്തെ നയിക്കുന്നത്. മുതിർന്ന ആൺ കാട്ടുപോത്തുകൾ പലപ്പോഴും ഒറ്റതിരിഞ്ഞാണ് നടക്കുക. മാർച്ച് ഏപ്രിൽ മാസങ്ങളിലാണ് പ്രധാന









## കാട്ടുപോത്തും മിഥുനും

കാട്ടുപോത്തുകളുടെയും വളർത്തു കന്നുകാലികളുടെയും സങ്കരമാണ് മിഥുൻ. ത്രിപുര, മിസ്സോറാം, അസം, അരുണാചൽ പ്രദേശ്, നാഗാലാൻഡ് എന്നിവിടങ്ങളിലെ വളർത്തുമൃഗമാണ് മിഥുൻ. Gayal എന്നാണ് ഇംഗ്ലീഷ് പേര്. ശാസ്ത്രനാമം Bos frontalis

ഇണചേരൽ കാലം. ഈ സമയത്ത് ആൺപോത്തുകൾ കൂട്ടങ്ങളോടൊപ്പം ചേരും. ഇണചേരൽ കാലങ്ങളിൽ ആൺപോത്തുകൾ തമ്മിൽ ഇടിയും കുത്തുമൊക്കെ ഉണ്ടാകാറുണ്ട്.

വിവിധയിനം പുല്ലുകളും പച്ചിലകളുമൊക്കെയാണ് കാട്ടുപോത്തുകളുടെ പ്രധാനാഹാരം. ഏതാണ്ട് 200 ലധികം തരം സസ്യങ്ങളെ ഇവ ആഹാരമാക്കാറുണ്ട്. മരത്തൊലിയും നിലത്തു വീണുകിടക്കുന്ന പഴങ്ങളും കാട്ടുപോത്തുകളുടെ മെനുവിൽപ്പെടും. വനത്തിന്റെ ആവാസവ്യവസ്ഥയിലെ പ്രധാന പങ്കാളികൾ കൂടിയാണ് കാട്ടുപോത്തുകൾ. നിരവധി സസ്യയിനങ്ങളുടെ വിത്തുവിതരണം നടക്കുന്നത് കാട്ടുപോത്തിന്റെ ചാണകത്തിലൂടെയാണ്. മാത്രമല്ല കടുവയുടെ പ്രധാന ഇരകളിൽ ഒന്നാണ് കാട്ടുപോത്ത്.

എങ്കിലും ശക്തന്മാരായ ആൺപോത്തുകളെയും ശൗര്യമേറിയ പെൺപോത്തുകളെയും കീഴടക്കുക കടുവകൾക്കുപോലും അത്ര എളുപ്പമല്ല. കടുവകളുടെയും മറ്റു ശത്രുക്കളുടെയും ആക്രമണത്തെ കാട്ടുപോത്തുകൾ സംഘംചേർന്ന് എതിർത്ത് തോൽപ്പിക്കാറുമുണ്ട്. കാട്ടുപോത്തിന്റെ ആക്രമണത്തിൽ കടുവകൾ ചത്ത സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

മനുഷ്യനാണ് കാട്ടുപോത്തുകളുടെ ഏറ്റവും വലിയ ശത്രു. പഴയ ബംഗ്ലാവുകളിലും മറ്റും കാട്ടുപോത്തുകളുടെ തല സ്റ്റഫ് ചെയ്തു വച്ചിരിക്കുന്നത് നിങ്ങൾ കണ്ടുകാണും. നായാട്ടുകാരുടെ പ്രധാന വേട്ടവസ്തുക്കളിലൊന്നാണ് കാട്ടുപോത്ത്. കാരണം ഒറ്റ വെടിക്ക് ഇത്രയധികം ഇറച്ചി ലഭിക്കുന്ന മറ്റൊരു മൃഗം ഇല്ലാത്തതുതന്നെ. ഇറച്ചിയാണെങ്കിൽ ഉണക്കിസൂക്ഷിക്കുകയും ചെയ്യാം.

ലോകത്ത് ഇന്നു നിലനിൽക്കുന്ന കാട്ടുപോത്തുകളിൽ 90% ത്തിനു മുകളിൽ ഉള്ളത് ഇന്ത്യയിലാണ്. നമ്മുടെ നാടും അവയ്ക്ക് ഒട്ടും സുരക്ഷിതമല്ലാതായിത്തീർന്നിട്ടുണ്ട്. വേട്ട കൂടാതെ വനനശീകരണവും മറ്റു പല രീതിയിലുള്ള ആവാസവ്യവസ്ഥകളുടെ ശിഥിലീകരണവും വളർത്തുമൃഗങ്ങളിൽ നിന്നുള്ള രോഗബാധകളുമെല്ലാം ഇതിനു കാരണമാണ്.

കാട്ടുപോത്തിന് 'ഇന്ത്യൻ ബൈസൺ' എന്ന് പറയാറുണ്ട്. യഥാർഥ ബൈസൺ ബോവിന്റെ ഉപകുടുംബത്തിൽപ്പെട്ട മൃഗമാണെങ്കിലും അവയ്ക്ക് നമ്മുടെ കാട്ടുപോത്തുകളുടെ ജനുസുമായി ബന്ധമൊന്നുമില്ല. അമേരിക്കയും യൂറോപ്പുമാണ് ബൈസണുകളുടെ ജന്മദേശം. 'Guar' എന്നാണ് നമ്മുടെ കാട്ടുപോത്തുകൾക്ക് ഇംഗ്ലീഷിൽ പറയുക. ശാസ്ത്രനാമം Bos gaurus .



# യേശുപറഞ്ഞ ഒരു കഥ

കേൾക്കുവിൻ, ഒരു വിതക്കാരൻ വിത്തു വിതയ്ക്കാൻ പുറപ്പെട്ടു. വിത്തുകൾ വാരി എറിഞ്ഞപ്പോൾ ചിലത് വഴിയരികിൽ വീണു. പക്ഷികൾ വന്ന് അവയെ തിന്നുകളഞ്ഞു. മറ്റുചിലവ മണ്ണ് അധികമില്ലാത്ത ഇടങ്ങളിൽ വീണു. അവ പെട്ടെന്ന് മുളച്ചുപൊങ്ങി. സൂര്യനുദിച്ചപ്പോൾ അവ വെയിലേറ്റ് വാടുകയും വേരില്ലാത്തതിനാൽ കരിഞ്ഞുപോവുകയും ചെയ്തു. ചിലവ പാറപ്പുറത്തു വീണു. അവ മുളച്ചതേയില്ല. ചൂടേറ്റ് കരിഞ്ഞുപോയി. വേറെ ചിലത് മുൾച്ചെടികൾക്കിടയിൽ വീണു. മുൾച്ചെടികൾ വളർന്ന് അവയെ ഞെരുക്കിക്കളഞ്ഞു. കുറേ വിത്തുകൾ നല്ല മണ്ണിൽ പതിച്ചു. അവ തഴച്ചു വളർന്ന് ഏറെയേറെ ഫലം വിളയിച്ചു. കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ.



വര: സജി വി

കവിത



വര: ടി ആർ രാജേഷ്

# ഉത്തരംതാങ്ങുന്ന പല്ലി

**കെ കെ പല്ലശ്ശന**

'ഉത്തരം താങ്ങുന്ന പല്ലി' യൊന്ന്
പൊത്തോന്നു താഴത്തു വീണു
ചത്തപോലൊട്ടുകിടന്നു, പിന്നെ
ഉത്തരംനോക്കിക്കുതിച്ചു.
മുത്തശ്ശനൂറിച്ചിരിച്ചു, മന്ദം
മുത്തശ്ശിയോടു മൊഴിഞ്ഞു:
"ഉത്തരം വീണില്ല ഭാഗ്യം, പല്ലി
ചത്തുപോകാത്തതും ഭാഗ്യം."
'ഉത്തരപ്പല്ലി' ചിലച്ചു, വീണ്ടും
ഉത്തരംതാങ്ങിക്കിതച്ചു!



# യേശുനാഥൻ പറഞ്ഞു...

☞ സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകേണമേ
അങ്ങയുടെ രാജ്യം വരേണമേ
അന്നന്നുവേണ്ട ആഹാരം
ഞങ്ങൾക്കു നൽകേണമേ
തിന്മയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ.

☞ നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ
നിങ്ങളും വിധിക്കപ്പെടും.

☞ ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും.
അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും.

☞ മുട്ടുവിൻ തുറക്കപ്പെടും.

☞ മറ്റുള്ളവർ നിങ്ങൾക്കു ചെയ്തുതരണമെന്ന്
നിങ്ങളാഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ.

☞ അധ്വാനിക്കുന്നവരും ഭാരംചുമക്കുന്നവരുമായവർക്ക്
ഞാനാശ്വാസം നൽകും.

☞ ബലിയല്ല കരുണയാണ് ഞാനാഗ്രഹിക്കുന്നത്.

☞ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവൻ തന്നെയാണ് എന്റെ ബന്ധു.

☞ നിന്നെപ്പോലെ നിന്റെ അയൽക്കാരെയും നീ കരുതണം.

☞ എളിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

☞ സ്വർഗരാജ്യം കുഞ്ഞുങ്ങളുടേതാണ്.

☞ ധനവാന് സ്വർഗരാജ്യത്തിൽ പ്രവേശിക്കുവാൻ ദുഷ്കരമാണ്.

☞ ദേവാലയം കവർച്ചക്കാരുടെ ചന്തയാക്കുന്നവർക്ക് ഹാ കഷ്ടം.

☞ നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടെ സ്നേഹിക്കുക.

☞ ഓർമിക്കുക ഈശ്വരൻ ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയും മേൽ മഴപെയ്യിക്കുകയും ചെയ്യുന്നു. എല്ലാവരും അവിടത്തെ മക്കളാണ്.

# രാജാവിന്റെ വെള്ളാന

ഡോ. കെ ശ്രീകുമാർ

ഒരിക്കൽ ബോധിസത്വൻ വെള്ളാനയുടെ ജന്മം കൈക്കൊണ്ടു.

വളരെപ്പണ്ട് നദിക്കരയിൽ കുറെ മരപ്പണിക്കാർ കുടിലുകെട്ടി താമസിച്ചിരുന്നു. ദിവസേന രാവിലെ അവർ ചെറുതോണികളിൽ നദി മുറിച്ചുകടന്ന് കാട്ടിലെത്തും. കാട്ടിലെ കാതലൊത്ത തടികൾ കണ്ടെത്തി, അവ മുറിച്ച് കഷണങ്ങളാക്കി ഇക്കരെയെത്തിക്കും. അവ പലകയാക്കി നഗരത്തിൽക്കൊണ്ടുപോയി ന്യായമായ ലാഭം മാത്രം ഈടാക്കി വിൽക്കും. ഇതായിരുന്നു പതിവ്. പണിക്കാരുടെ ഭാര്യമാരും കുട്ടികളും അവരോടൊപ്പം കുടിലുകളിൽത്തന്നെ താമസിച്ചു.

ഒരുനാൾ, കാട്ടിൽനിന്നും മരംവെട്ടി അവർ മടങ്ങാനൊരുങ്ങവേ അസാധാരണമായ ഒരു കാഴ്ച കണ്ടു. ഒരു കൊമ്പനാന അലറി വിളിച്ചുകൊണ്ട് അവരുടെ നേർക്കു വരുന്നു. പേടിച്ചരണ്ട അവർ പ്രാണനുംകൊണ്ട് ഓടിരക്ഷപ്പെടാൻ നോക്കിയെങ്കിലും അതിനുമുമ്പേ ആന അടുത്തെത്തിക്കഴിഞ്ഞു. അപ്പോഴാണ് അവരത് ശ്രദ്ധിക്കുന്നത്. കൊമ്പനാന മൂന്നുകാലിലാണ് നടന്നുവരുന്നത്. മുൻവശത്തെ ഒരു കാൽ അവൻ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. തങ്ങളെ ചവിട്ടിമെതിക്കാനാണോ ആനയുടെ ഭാവമെന്നു ചിന്തിച്ചിരിക്കെ അവരെ അത്ഭുതപ്പെടുത്തിക്കൊണ്ട് അവൻ മനുഷ്യഭാഷയിൽ സംസാരിച്ചു.

''ചങ്ങാതിമാരേ, ഞാൻ ശത്രുവല്ല. ഇപ്പോൾ നിങ്ങളുടെ സഹായം അഭ്യർഥിച്ചെത്തിയിരിക്കുകയാണ്. വനത്തിലൂടെ മദിച്ചു നടക്കുമ്പോൾ എന്റെ മുൻകാലിലൊരു മുള്ളുകൊണ്ടു. ഇപ്പോഴത് പഴുത്തിട്ടുണ്ട്. കഠിനവേദന സഹിച്ചാണ് ഞാനിവിടെ നിൽക്കുന്നത്. ദയവുചെയ്ത് ഈ മുള്ളൊന്ന് എടുത്തുമാറ്റാൻ സഹായിക്കണം.''

കഠിനമായ വേദനകൊണ്ട്



വര : റോണി ദേവസ്യ

ആനയുടെ കണ്ണുനിറഞ്ഞിരിക്കുന്നത് മരപ്പണിക്കാർ ശ്രദ്ധിച്ചു. അവർക്ക് അവനോടു ദയവുതോന്നി. അവരിലൊരാൾ ഒരു ഇല്ലിമുള്ള് ഒടിച്ചെടുത്ത് അതുകൊണ്ട് ആനയുടെ കാലിലെ മുള്ള് ശ്രദ്ധാപൂർവം പുറത്തെടുത്തു. ആ ഭാഗം ചെറിയൊരു വ്രണം പോലെയായിട്ടുണ്ട്. മറ്റൊരു പണിക്കാരൻ ഔഷധശക്തിയുള്ള ചില പച്ചിലകൾ പറിച്ചെടുത്ത് പിഴിഞ്ഞ് മുറിവിലൊഴിച്ചു. അത്ഭുതമെന്നു പറയട്ടെ, നിമിഷങ്ങൾക്കകം ആനയുടെ കാലിൽ മുറിവിന്റെ പാടുപോലും ശേഷിച്ചില്ല.

''അതിശയം തന്നെ ഇത്! ഈ ദുർഘടസന്ധിയിൽ എന്നെ സഹായിച്ചതിന് ഞാനെന്നും നിങ്ങളോട് നന്ദിയുള്ളവനായിരിക്കും. നിങ്ങളുടെ ജോലിയിൽ ഇനി മുതൽ ഞാനും സഹായിക്കും.''

മരപ്പണിക്കാരോട് നന്ദി പറഞ്ഞ് കൊമ്പനാന തിരിഞ്ഞുനടന്നു. ആനയുടെ മാന്യമായ പെരുമാറ്റം അവർക്ക് അവിശ്വസനീയമായിത്തോന്നി.

കൊമ്പനാന വാഗ്ദാനം പാലിച്ചു. പിറ്റേന്നു മുതൽ അവൻ നദിക്കരയിലെത്തി മരപ്പണിക്കാരെ സഹായിച്ചുതുടങ്ങി. വൻമരങ്ങൾ മസ്തകം കൊണ്ട് തള്ളിത്താഴെയിടാനും മുറിച്ചിട്ട തടികൾ തുമ്പിക്കൈകൊണ്ടു ചുറ്റിവലിച്ച് തോണിയിൽ കയറ്റാനുമൊക്കെ അവൻ മുൻപന്തിയിലുണ്ടായിരുന്നു. കൊമ്പനാനയുടെ സഹായം ലഭിച്ചതോടെ തങ്ങളുടെ പണി നാലിലൊന്ന് കുറഞ്ഞതായി അവർക്കു തോന്നി.

തങ്ങളെ സഹായിക്കുന്ന ആനയ്ക്ക് പ്രത്യുപകാരം ചെയ്യാനും മരപ്പണിക്കാർ മറന്നില്ല. അവർ ദിവസവും മൂന്നുനേരം ആനയ്ക്ക് വയറുനിറയെ ഇളംമുളയും ഓലയുമൊക്കെ കൊടുത്തു. ദിവസം ചെല്ലുന്തോറും അവർ തമ്മിലുള്ള സൗഹൃദം ഇരട്ടിച്ചുവന്നു.

ഒരുനാൾ കൊമ്പനാന തടിപിടിക്കാനെത്തിയപ്പോൾ കൂടെയൊരു കുട്ടിക്കൊമ്പനുമുണ്ടായിരുന്നു. കൊമ്പനെന്നുവെച്ചാൽ ദേഹമാസകലം തൂവെള്ള നിറമുള്ള സാക്ഷാൽ ദേവേന്ദ്രന്റെ ഐരാവതം പോലൊരു കുസൃതിക്കുടുക്ക. അവനെ മുന്നിൽ നിർത്തി കൊമ്പനാന പറഞ്ഞു.

''ചങ്ങാതിമാരേ, ഇതെന്റെ ഒരേയൊരു മകനാണ്. ഈശ്വരൻ അനുഗ്രഹിച്ചുതന്നതാണ് ഇവന്റെ ഈ നിറം. പക്ഷേ, ഇതെന്നെ ആശങ്കാകുലനാക്കുന്നുമുണ്ട്. ഈ വെള്ളനിറം കണ്ട് ഇവനെ ആരെങ്കിലും മോഹിച്ച് കൊണ്ടുപോകുമോ എന്നാണെന്റെ പേടി. എനിക്ക് പ്രായം കൂടിവരുന്നതിനാൽ ഇവനും കുറച്ച് പണി പഠിക്കട്ടെ എന്നു കരുതി കൂട്ടിയതാണ്.''

വെള്ളാനയെ പണിക്കാർക്ക് 'ക്ഷ' പിടിച്ചു. അവരവനെ മാറി മാറി ലാളിച്ചു. അവനെക്കൊണ്ട് തടിപിടിപ്പിക്കാനൊന്നും അവർ സമ്മതിച്ചില്ല. അവർ തങ്ങളുടെ മക്കളെ കൂട്ടിക്കൊണ്ടുവന്ന് കുട്ടിക്കൊമ്പന് പരിചയപ്പെടുത്തി. കുറഞ്ഞ സമയം കൊണ്ടുതന്നെ കുട്ടികളും ആനയും കൂട്ടുകാരായി. കുട്ടിക്കൊമ്പൻ കുട്ടികളെ തുമ്പിക്കയ്യാൽ വാരിയെടുത്ത് മരക്കൊമ്പിൽ വച്ചപ്പോൾ അവർ പേടിച്ചുകരഞ്ഞു. അവൻ അവരെ സമാധാനിപ്പിച്ച് ശ്രദ്ധാപൂർവം താഴെയിറക്കി. അപ്പോൾ ആ കുരുന്നു മുഖങ്ങളിൽ പൂത്തിരികത്തി.

പിന്നീട് എല്ലാ ദിവസവും ഇതാവർത്തിച്ചു. ഒരിക്കൽ അന്നാട്ടിലെ രാജാവ് നായാട്ടിനായി ആ വഴി വന്നു. ഏതോ ഒരു മൃഗത്തെ പിന്തുടർന്ന് അദ്ദേഹം നദിക്കരയിലെത്തി. അപ്പോഴാണ് കുട്ടികളോടൊപ്പം കളിക്കുന്ന വെള്ളാനയെ കണ്ടത്. ഒറ്റനോട്ടത്തിൽത്തന്നെ അതിനെ തനിക്കു സ്വന്തമാക്കണമെന്ന് അദ്ദേഹത്തിനു തോന്നി. രാജാവ് മരപ്പണിക്കാരെ സമീപിച്ച് തന്റെ ആഗ്രഹം പ്രകടിപ്പിച്ചു.

''അസാധാരണ ഭംഗിയുള്ള ഈ വെള്ളാനയെ കുമാരന്മാർക്ക് സമ്മാനിക്കണമെന്നുണ്ട്. നിങ്ങൾക്ക് സമ്മതമാണെങ്കിൽ കനത്ത പണക്കിഴി തന്ന് ഞാനിതിനെ കൊട്ടാരത്തിലേക്കു കൊണ്ടുപൊയ്ക്കൊള്ളാം. എന്താ?''

രാജാവിന്റെ ആവശ്യം നിരസിക്കാനോ അതിനു വഴങ്ങാനോ ആവാതെ മരപ്പണിക്കാർ ധർമസങ്കടത്തിലായി. അവർ മനോവേദനയോടെ കൊമ്പനാനയെയും വെള്ളാനയെയും നോക്കി. അത് കണ്ടറിഞ്ഞ വെള്ളാന അച്ഛന്റെയടുത്തേക്ക് നടന്നു.

''അച്ഛാ, നമുക്ക് നല്ലതു വരണമെന്നാഗ്രഹിക്കുന്നവരാണ് ഈ മരപ്പണിക്കാർ. അവർക്ക് രാജകോപമുണ്ടാവാൻ നമ്മൾ ഇടവരുത്തരുത്. അച്ഛൻ സമ്മ

**വെള്ളാനയെ പണിക്കാർക്ക് 'ക്ഷ' പിടിച്ചു. അവരവനെ മാറി മാറി ലാളിച്ചു. അവനെക്കൊണ്ട് തടിപിടിപ്പിക്കാനൊന്നും അവർ സമ്മതിച്ചില്ല. അവർ തങ്ങളുടെ മക്കളെ കൂട്ടിക്കൊണ്ടുവന്ന് കുട്ടിക്കൊമ്പന് പരിചയപ്പെടുത്തി. കുറഞ്ഞ സമയം കൊണ്ടുതന്നെ കുട്ടികളും ആനയും കൂട്ടുകാരായി. കുട്ടിക്കൊമ്പൻ കുട്ടികളെ തുമ്പിക്കയ്യാൽ വാരിയെടുത്ത് മരക്കൊമ്പിൽ വച്ചപ്പോൾ അവർ പേടിച്ചുകരഞ്ഞു. അവൻ അവരെ സമാധാനിപ്പിച്ച് ശ്രദ്ധാപൂർവം താഴെയിറക്കി.**

തിച്ചാൽ ഞാനിപ്പോൾത്തന്നെ രാജാവിനൊപ്പം കൊട്ടാരത്തിലേക്ക് പൊയ്ക്കൊള്ളാം.''

തുമ്പിക്കൈകൊണ്ട് കുട്ടിയാനയെ തലോടി കൊമ്പനാന തൊണ്ടയിടറിപ്പറഞ്ഞു.

''മകനേ, നിന്നെ ഇളംപ്രായത്തിൽത്തന്നെ പിരിയേണ്ടിവരുന്നതിൽ എനിക്കു ദുഃഖമുണ്ട്. എന്നാൽ രാജാവിന്റെ ഉത്തരവ് അവഗണിക്കുന്നത് ഉചിതവുമല്ല. ജീവിവർഗത്തോട് സഹാനുഭൂതിയുള്ള ഉത്തമ രാജാവാണ് അദ്ദേഹം. നിനക്ക് അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ അൽപ്പവും ദുഃഖിക്കേണ്ടിവരില്ല.''

പിന്നെ രാജാവിനോടായി പറഞ്ഞു.

''മഹാരാജാവേ, എന്റെ പൊന്നുമകനെ ഞാൻ അങ്ങയെ ഏൽപ്പിക്കുന്നു. ഇവനെ ലക്ഷണമൊത്തതും സംസ്കാര സമ്പന്നനുമായ ഗജവീരനാക്കേണ്ട ചുമതല അങ്ങേക്കാണ്.

കൊമ്പനാനയുടെ മധുരവചനങ്ങൾ മഹാരാജാവിന് ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ നിർദേശപ്രകാരം ഭടന്മാർ വെള്ളാനയെക്കൂട്ടി മടങ്ങാൻ

**ആ കുട്ടികളുടെ വിലാപം രാജാവിന്റെ ഹൃദയത്തെ തൊട്ടുണർത്തി. കൊട്ടാരത്തിലെ സുഖസമൃദ്ധിയേക്കാൾ വെള്ളാനയ്ക്ക് പ്രിയങ്കരം ഇവരോടൊത്തുള്ള കേളികളാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. രാജകുമാരന്മാരുടെ സന്തോഷത്തിനായി കുട്ടിയാനയെ കൊണ്ടുപോകുന്നത് പാവം കുട്ടികളോടു ചെയ്യുന്ന ക്രൂരതയാവുമെന്നും അദ്ദേഹത്തിനു തോന്നി.**

ഭാവിക്കവേ, മരപ്പണിക്കാരുടെ മക്കൾ വാവിട്ടു കരഞ്ഞുകൊണ്ട് ഓടിയെത്തി. അവർ വെള്ളാനയുടെ തുമ്പിക്കൈയിലും നെറ്റിത്തടത്തിലും വാലിലുമെല്ലാം തഴുകി തൊണ്ട പൊട്ടിപ്പറഞ്ഞു.

''ഞങ്ങളുടെ വെള്ളാനയെ കൊണ്ടുപോകരുത്.''

''ഇവൻ പോയാൽപ്പിന്നെ ഞങ്ങൾക്ക് കളിക്കാൻ കൂട്ടുണ്ടാവില്ല.''

''മഹാരാജാവേ, ഞങ്ങളോട് കനിവുകാട്ടണം.''

ആ കുട്ടികളുടെ വിലാപം രാജാവിന്റെ ഹൃദയത്തെ തൊട്ടുണർത്തി. കൊട്ടാരത്തിലെ സുഖസമൃദ്ധിയേക്കാൾ വെള്ളാനയ്ക്ക് പ്രിയങ്കരം ഇവരോടൊത്തുള്ള കേളികളാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. രാജകുമാരന്മാരുടെ സന്തോഷത്തിനായി കുട്ടിയാനയെ കൊണ്ടുപോകുന്നത് പാവം കുട്ടികളോടു ചെയ്യുന്ന ക്രൂരതയാവുമെന്നും അദ്ദേഹത്തിനു തോന്നി. രാജാവ് കൊമ്പനാനയോടായി പറഞ്ഞു.

''ഈ കുട്ടികളുടെ മനസ്സു വേദനിപ്പിച്ച് ഞാനിവനെ കൊണ്ടുപോകുന്നില്ല. ഇവൻ നിങ്ങളോടൊത്ത് ഇവിടെത്തന്നെ കഴിയട്ടെ. കൊട്ടാരമല്ല, കൊടുംവനം തന്നെയാണ് ആനയ്ക്ക് സ്വർഗലോകം.''

രാജാവിന്റെ മഹാമനസ്കത കൊമ്പനാനയുടെ കണ്ണുനനയിച്ചു. മരപ്പണിക്കാർക്ക് ധാരാളം പണം നൽകി മഹാരാജാവ് മടങ്ങിപ്പോയി. കുട്ടികളുടെ നനഞ്ഞ കണ്ണുകളിൽ പ്രകാശം പരന്നു അപ്പോൾ.

കുട്ടിക്കവിത

# പുണ്യം

**ഉമ്മന്നൂർ ഗോപാലകൃഷ്ണൻ**

തിരി കൊളുത്തി വയ്ക്കുകിൽ
ഇരുളകന്നു പോയിടും
ചിരി പൊഴിച്ചു നോക്കുകിൽ
പരിഭവം മറന്നിടും
കരുതി നാം നടന്നിടിൽ
ദുരിതമൊട്ടൊഴിഞ്ഞിടും
കരുണ നമ്മൾ കാട്ടുകിൽ
ധരണി പുണ്യമാർന്നിടും!



വര: സചീന്ദ്രൻ കാറഡുക്ക


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
മക്കളെ, നിങ്ങൾക്ക് എന്ത് സമ്മാനമാണ് വേണ്ടത്?
ഹായ്! ക്രിസ്മസ് അപ്പൂപ്പൻ!!
ഞങ്ങൾക്ക് പപ്പായുടെ സ്മാർട്ട്ഫോൺ എവിടെയാണ് എന്ന് പറഞ്ഞുതന്നാമതി...
മക്കളെ, കണ്ടെത്തി തരാൻ പറയാതെ സമ്മാനങ്ങൾ വല്ലതും പറയൂ... പുസ്തകങ്ങൾ... കളിപ്പാട്ടങ്ങൾ... മിഠായി...
ഇവിടെയുള്ള പുസ്തകങ്ങൾ തന്നെ വായിച്ചു തീർന്നിട്ടില്ല...
എങ്കിലൊരു സ്മാർട്ട്ഫോൺ സമ്മാനമായി തന്നേക്കൂ...
സ്മാർട്ട്ഫോൺ... സ്മാർട്ട്ഫോൺ...എല്ലാത്തിനേയും ഞാൻ ശരിയാക്കുന്നുണ്ട്...
അയ്യോ....
പപ്പാ.... ഓടിക്കോ....



# കൊണാർക്കിലെ സൂര്യക്ഷേത്രം

**കെ യതീന്ദ്രനാഥൻ**



**പതിമൂന്നാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ടതാണ് കൊണാർക്കിലെ സൂര്യക്ഷേത്രം. ഒറിസ്സാ സംസ്ഥാനത്തിലെ പുരി ജില്ലയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുള്ള ഈ ക്ഷേത്രത്തെക്കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിക്കൂ...**

ലോകത്തു തന്നെ അപൂർവമെന്നു പറയാവുന്ന വാസ്തുശൈലിയിൽ നിർമിച്ചതും ചെറുതും വലുതുമായ ശില്പങ്ങൾ കൊണ്ട് അലങ്കൃതവുമാണ് കൊണാർക്കിലെ സൂര്യക്ഷേത്രം. സ്വദേശികളെയും വിദേശികളെയും ഇത് ഒരുപോലെ ആകർഷിക്കുന്നു. പണ്ടു നിലനിന്നിരുന്ന ഒരു പടുകൂറ്റൻ ക്ഷേത്രത്തിന്റെ നശിക്കാതെ ശേഷിക്കുന്ന ശ്രീകോവിലും മണ്ഡപവും അതിശയത്തോടെ നോക്കിനിൽക്കുമ്പോൾ നശിച്ചുപോയ എടുപ്പുകളെക്കുറിച്ചോർത്തുപോകും. ഇന്ത്യാക്കാരെന്ന നിലയിൽ നമ്മുടെ സംസ്കാരത്തനിമയെയും പഴമയെയും ഓർത്ത് നമുക്ക് അഭിമാനിക്കാം.

1250 ൽ രാജാനരസിംഹദേവൻ എന്ന ഒഡീഷയിലെ ഒരു രാജാവാണ് ഇന്നുകാണുന്ന ക്ഷേത്രം പണിതതെന്നു പനയോലയിലും ചെമ്പുതകിടുകളിലും കോറിയിട്ടിട്ടുണ്ട്. പക്ഷേ അതിനുമുമ്പും കൊണാർക്കിൽ ഒരു സൂര്യക്ഷേത്രം നിലനിന്നിരുന്നു എന്ന് വേദങ്ങളിലും പുരാണങ്ങളിലും മറ്റും സൂചിപ്പിച്ചിട്ടുണ്ട്. 7-ാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ഹുയാൻസാങ് എന്ന ചൈനീസ് സഞ്ചാരി ഇന്ത്യയുടെ കിഴക്കൻ തീരത്തു നിലനിന്നിരുന്ന സൂര്യക്ഷേത്രത്തെപ്പറ്റിയും ചുറ്റുമുള്ള നഗരത്തെക്കുറിച്ചും എഴുതിയിട്ടുണ്ട്.

സൂര്യൻ, അഗ്നി, ഇന്ദ്രൻ, കുബേരൻ, വരുണൻ തുടങ്ങിയ വേദകാലദേവന്മാരുടെ പിന്തുടർച്ചയാകണമല്ലോ ഹിന്ദുക്കളുടെ സൂര്യാരാധന. ക്ഷേത്രം പുതുക്കിപ്പണിഞ്ഞകാലത്തു വിശ്വാസങ്ങൾക്കു മാറ്റംവന്നിരുന്നു. അങ്ങനെയാണ് വിഷ്ണു, ശിവൻ, പാർവതി, ശ്രീകൃഷ്ണൻ, നരസിംഹം തുടങ്ങിയ ദേവഗണങ്ങൾ ക്ഷേത്രത്തിൽ ഇടംപിടിച്ചത്.

കൊണാർക് എന്ന വാക്കുണ്ടായത് കോണ, അർക്ക എന്നീ സംസ്കൃതപദങ്ങൾ ചേർന്നാണ്; (കോൺ+സൂര്യൻ). സൂര്യദേവാലയം എന്നും



**കടലിൽക്കൂടി യാത്രചെയ്യുന്ന കപ്പലുകളും വള്ള ങ്ങളുമെല്ലാം ദിശ മനസ്സിലാക്കാൻ ഈ ക്ഷേത്രത്തെ ആശ്രയിക്കാറുണ്ടായിരുന്നു. വിദേശ നാവികർ നൽ കിയ പേരാണ് ബ്ലാക്ക് പഗോഡ എന്നത്. വെളിച്ചം ഉള്ളിലേക്കു സമൃദ്ധമായെത്തുംവിധമാണ് ക്ഷേത്ര നിർമാണം. രഥചക്രങ്ങളിലെ ആരക്കാലുകളുടെ നിഴൽ പഠിച്ചു കൃത്യമായി സമയം പറയാൻ കഴിയും.**

പേരുണ്ട്. പുരിയിൽ നിന്നും 35 കിലോമീറ്ററും ഭുവനേശ്വറിൽ നിന്നും 60 കിലോമീറ്ററും അകലെ ബംഗാൾ ഉൾക്കടലിന്റെ തീരത്തായാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്.

100 അടി ഉയരമുള്ള ക്ഷേത്രത്തിലെ മുഖ്യദേവത സൂര്യൻ തന്നെ. ഒരു രഥത്തിൽ താമരപ്പൂവിനു മുകളിലായാണ് നിൽപ്പ്. ഉഷ, പ്രത്യുഷ എന്നീ ദേവിമാർ തൊട്ടടുത്തുണ്ട്. തേരാളിയായി അരുണനുണ്ട്. ഏഴു കുതിരകൾ വലിക്കുന്ന രഥത്തിൽ 12 ജോഡി ചക്രങ്ങൾ (ആകെ 24) ആണുള്ളത്.

അമ്പലത്തിനോടു ചേർന്ന് ഭക്തജനങ്ങൾക്കുവേണ്ടി വലിയൊരു മണ്ഡപമുണ്ട്. 'ജഗമോഹന' എന്നാണതിന്റെ പേര്. കലിംഗശൈലിയിലാണ് ക്ഷേത്രം നിർമിച്ചിരിക്കുന്നത്. പുരി, ഭുവനേശ്വർ തുടങ്ങിയ ക്ഷേത്രങ്ങളിലും ഈ ശൈലി കാണാം.

ചുവരിലും ചക്രങ്ങളിലുമെല്ലാം കൊത്തുപണികൾ ചെയ്തിരിക്കുന്നു. കരിങ്കല്ലിൽ ആഭരണങ്ങളിലെന്നപോലെ, സൂക്ഷ്മമായി കൊത്തുപണിചെയ്ത് ദേവീദേവന്മാർ, മൃഗങ്ങൾ, പുഷ്പങ്ങൾ, ചെടികൾ കൂടാതെ സാധാരണക്കാരുടെയും രാജകുടുംബാംഗങ്ങളുടെയും ധനികരുടെയും സന്ന്യാസിമാരുടെയും രൂപങ്ങൾ എന്നിവയെല്ലാം തന്മയത്വത്തോടെ പ്രദർശിപ്പിച്ചിരിക്കുകയാണ്.

സാധാരണക്കാരുടെ നിത്യജീവിതത്തിൽ നിന്നുള്ള ദൃശ്യങ്ങൾ ആരെയും ആകർഷിക്കും. കാളവണ്ടി, കിളിവാതിലിലൂടെ വളർത്തുമൃഗങ്ങളെ ചേർത്തുപിടിച്ചുനോക്കുന്ന സ്ത്രീകൾ, കണ്ണാടി നോക്കി മുഖം മിനുക്കുന്ന സുന്ദരിമാർ, വാദ്യോപകരണങ്ങൾ വായിക്കുന്നവർ, തീർഥയാത്രയ്ക്കുപോകുന്ന അമ്മയെ യാത്രയാക്കുന്ന ദൃശ്യം, മകനെ അനുഗ്രഹിക്കുന്ന അമ്മ, ഒറ്റക്കാലിൽ നിന്നുകൊണ്ടു യോഗാഭ്യാസം നടത്തുന്ന യോഗി, വടിപിടിച്ചു നടക്കുന്ന വൃദ്ധ, കോമാളികൾ അങ്ങനെ എത്രയെത്രദൃശ്യങ്ങൾ.

സ്ത്രീപുരുഷബന്ധങ്ങളെ ഒരു മറയും കൂടാതെ എണ്ണമറ്റ ശില്പങ്ങളിലൂടെ ചിത്രീകരിച്ചിരിക്കുകയാണ്. ഒരു ക്ഷേത്രത്തിൽ ഇതെല്ലാം കൊത്തിവയ്ക്കാമോ എന്നു തോന്നും. പക്ഷേ അന്നത്തെക്കാലത്ത് അതും ജീവിത ചിത്രീകരണത്തിൽപ്പെടുമായിരുന്നു എന്നു കരുതാം.

വലിയ ശില്പങ്ങളിൽ പലതും കാലാകാലങ്ങളിലായി നശിക്കയോ, നശിപ്പിക്കുകയോ, മാറ്റി പ്രതിഷ്ഠിക്കുകയോ ചെയ്യുകയുണ്ടായി.

പല ഉപദേവന്മാരുടെയും ക്ഷേത്രങ്ങൾ ഇന്നു കാണാനില്ല. പ്രകൃതിദുരന്തങ്ങളിൽപ്പെട്ടു നശിച്ചിരിക്കാനാണു സാധ്യത. പടയോട്ടങ്ങൾക്കിരയായതാണെന്നും ചിലർ വിശ്വസിക്കുന്നു.

കടലിൽക്കൂടി യാത്രചെയ്യുന്ന കപ്പലുകളും വള്ളങ്ങളുമെല്ലാം ദിശ മനസ്സിലാക്കാൻ ഈ ക്ഷേത്രത്തെ ആശ്രയിക്കാറുണ്ടായിരുന്നു. വിദേശ നാവികർ നൽകിയ പേരാണ് ബ്ലാക്ക് പഗോഡ എന്നത്.

വെളിച്ചം ഉള്ളിലേക്കു സമൃദ്ധമായെത്തുംവിധമാണ് ക്ഷേത്ര നിർമാണം. രഥചക്രങ്ങളിലെ ആരക്കാലുകളുടെ നിഴൽ പഠിച്ചു കൃത്യമായി സമയം പറയാൻ കഴിയും. ശില്പിയുടെ ജ്യോതിശാസ്ത്രപരിജ്ഞാനം ഇതിലൂടെ വ്യക്തമാകുന്നു.

ബ്രിട്ടീഷ് ഭരണകാലത്താണ് ശാസ്ത്രീയമായ അറ്റകുറ്റപ്പണികൾ ആരംഭിച്ചത്. യുനെസ്‌കോ (UNESCO)യുടെ വേൾഡ് ഹെറിറ്റേജ് സൈറ്റുകളിലൊന്നായി ഈ ക്ഷേത്രത്തെ അംഗീകരിച്ചുകഴിഞ്ഞു.

എല്ലാവർഷവും ആചരിച്ചുവരുന്ന ചന്ദ്രഭാഗമേളയിൽ ആയിരക്കണക്കിനു ഭക്തർ പങ്കെടുക്കുന്നു. അവരുടെ തീർഥാടനകേന്ദ്രമാണിത്.

കല്ലിൽ പണിഞ്ഞ ഈ വിസ്മയം നമ്മുടെ അഭിമാനവും അഹങ്കാരവുമാണ്. ഇതുപോലൊന്നു വേറെയില്ല. ഇനി ഉണ്ടാകുകയുമില്ല.

# pH സ്കെയിൽ

ലക്ഷ്മണൻ കെ പി

ആസിഡുകളുടെയും ക്ഷാരങ്ങളുടെയും ഗാഢത മനസ്സിലാക്കുന്നതിന് ഉപകരിക്കുന്ന ശാസ്ത്രീയ മാർഗ മാണ് pHസ്കെയിൽ. നമ്മുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്ന pHസ്കെയിലിനെ കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിക്കൂ...



സോറൺസൺ

ഉറുമ്പ് കടിക്കുമ്പോൾ കൂട്ടുകാർക്ക് വേദനയനുഭവപ്പെടില്ലേ? എന്താണ് ഇതിനു കാരണം? ഉറുമ്പ് നമ്മെ കടിക്കുമ്പോൾ അൽപ്പം ഫോർമിക് ആസിഡ് നമ്മുടെ ശരീരത്തിലേക്ക് കടത്തിവിടുന്നതുകൊണ്ടാണ് നമുക്ക് വേദനയുണ്ടാകുന്നത്. അതുപോലെ നാം കഴിക്കുന്ന പഴങ്ങളിലും പച്ചക്കറികളിലും പല തരത്തിലുള്ള ആസിഡുകളാണ് അടങ്ങിയിരിക്കുന്നത്. ചേന മുറിക്കുമ്പോൾ ചൊറിച്ചിലനുഭവപ്പെടുന്നത് ചേനയിലടങ്ങിയിരിക്കുന്ന ഓക്സാലിക് ആസിഡ് എന്ന അമ്ലം മൂലമാണ്. നാരങ്ങയിലും പുളിയിലും ആപ്പിളിലും ഓറഞ്ചിലും അമ്ലങ്ങൾ അടങ്ങിയിട്ടുണ്ട്. അമ്ലത്തെപ്പോലെ മനുഷ്യന് പ്രയോജനപ്പെടുന്ന മറ്റൊരു വസ്തുവാണ് ക്ഷാരങ്ങൾ. നാം കുളിക്കാനും വസ്ത്രം കഴുകാനും ഉപയോഗിക്കുന്ന സോപ്പുകളുടെ ഒരു പ്രധാന ഘടകം ക്ഷാരമാണ്. ബേക്കറി ഉൽപ്പന്നങ്ങൾ നിർമിക്കാനുപയോഗിക്കുന്ന അപ്പക്കാരം (രാസനാമം സോഡിയം ബൈകാർബണേറ്റ്) ഒരു ക്ഷാരമാണ്.



ഫോട്ടോ: PJohn Tann

അമ്ലങ്ങളെയും ക്ഷാരങ്ങളെയും തിരിച്ചറിയാൻ നാം പല വസ്തുക്കൾ ഉപയോഗിക്കാറുണ്ട്. മഞ്ഞൾ, ചെമ്പരത്തിപ്പൂവ്, ഫിനോഫ്തലിൻ, മീഥൈൽ, ഓറഞ്ച്, ലിറ്റ്മസ് പേപ്പർ എന്നിവ അവയിൽ ചിലതാണ്. അമ്ലങ്ങൾ നീല ലിറ്റ്മസ് പേപ്പറുകളെ ചുവപ്പാക്കി മാറ്റുന്നുവെന്നും ക്ഷാരങ്ങൾ ചുവന്ന ലിറ്റ്മസ് പേപ്പറിനെ നീലയാക്കി മാറ്റുന്നുവെന്നും നാം പഠിച്ചിട്ടുണ്ട്.

എന്നാൽ ആസിഡുകളുടെയും ക്ഷാരങ്ങളുടെയും ഗാഢത മനസ്സിലാക്കാൻ ലിറ്റ്മസ് പേപ്പറുകൾ പര്യാപ്തമല്ല.

ആസിഡുകളുടെയും ക്ഷാരങ്ങളുടെയും ഗാഢത മനസ്സിലാക്കുന്നതിന് ഉപകരിക്കുന്ന ശാസ്ത്രീയ മാർഗമാണ് pHസ്കെയിൽ. ആസിഡുകളിലും ബേസുകളിലും അടങ്ങിയിട്ടുള്ള H+അയണുകളുടെ (ഹൈഡ്രജൻ അയൺ) ഗാഢതയ്ക്കനുസരിച്ചാണ് അവ ആസിഡാണോ, ബേസാണോ എന്ന് മനസ്സിലാക്കുന്നത്. pH സ്കെയിലിൽ 1 മുതൽ 14 വരെയുള്ള അക്കങ്ങളാണുള്ളത്. 7 എന്ന സംഖ്യ സൂചിപ്പിക്കുന്നത് ആ ലായനി നിർവീര്യമാണ് എന്നാണ്. ശുദ്ധമായ ജലത്തിന്റെ പി എച്ച് മൂല്യം 7 ആണ്. 7 ൽ താഴെ പി എച്ച് മൂല്യം വരുന്ന ലായനികൾ എല്ലാം ആസിഡുകൾ ആണ്. മൂല്യം കുറയുന്നതിനനുസരിച്ച് ആസിഡുകളുടെ ഗാഢത കൂടിവരുന്നു. pH മൂല്യം 1 ആയ ആസിഡ് ശക്തിയേറിയ ആസിഡാണ്. ലായനിയുടെ pHമൂല്യം 7 ൽ കൂടുമ്പോൾ അവ ക്ഷാര ഗുണമുള്ള ലായനികളാണ്. pHമൂല്യം 14 ആയ ലായനി ശക്തിയേറിയ ക്ഷാര ലായനിയാണ്.


മനുഷ്യശരീരത്തിലെ രക്തത്തിന്റെ pH മൂല്യം സാധാരണ ഗതിയിൽ 7.35 നും 7.45 നും

ഇടയിലായിരിക്കുമെന്ന് കണ്ടെ ത്തിയിട്ടുണ്ട്.

1909 ൽ ഡച്ച് ശാസ്ത്രജ്ഞ നായ സോറൺസൺ ആണ് pHസ്കെയിൽ ആവിഷ്കരി ച്ചത്. 1924 ൽ അദ്ദേഹം അത് പരിഷ്കരിച്ചു.

പൊട്ടൻഷ്യൽ ഓഫ് ഹൈഡ്രജൻ എന്ന അർഥത്തി ലാണ് pH സൂചിപ്പിക്കുന്നത്.


ശുദ്ധജലത്തിന്റെ pHമൂല്യം 7 ആണെന്ന് പറഞ്ഞുവല്ലോ. ജലത്തിന്റെ pH മൂല്യത്തിലു ണ്ടാകുന്ന മാറ്റം ജീവികളുടെ നിലനിൽപ്പ് തന്നെ അപകട ത്തിലാക്കും. ഫാക്ടറികളിൽ നിന്നും മറ്റും മാലിന്യങ്ങൾ പുഴകളിലേക്ക് ഒഴുക്കിവിടു ന്നതുമൂലം നദികളിലെ ജല ത്തിന്റെ pHമൂല്യം വ്യത്യാസ പ്പെടാറുണ്ട്. ഇത് നദികളിലെ ജൈവവൈവിധ്യം ഇല്ലാതാക്കും. പരിസര മലിനീകരണത്തിന്റെ ഫലമായി ആസിഡ് മഴ ഉണ്ടാകു ന്നത് വഴി കടൽ വെള്ളത്തിന്റെ pH മൂല്യം താഴ്ന്നുപോകാനിട യുണ്ട്. സമുദ്രങ്ങളിലെ ജൈവ സമ്പത്ത് നശിച്ചു പോകാനിത് കാരണമാകാറുണ്ട്.




മനുഷ്യശരീരത്തിൽ ഉത്പാ ദിപ്പിക്കുന്ന ആസിഡാണ് ഹൈഡ്രോക്ലോറിക് ആസിഡ്. ഭക്ഷണം ദഹിപ്പിക്കുന്നതിന് ഹൈഡ്രോക്ലോറിക് ആസിഡ് ഉപയോഗിക്കുന്നു.

എന്നാൽ ശരിയായ രീതിയിൽ ഭക്ഷണം ദഹി ക്കാതെ വന്നാൽ അധികമായി ഹൈഡ്രോക്ലോറിക് ആസിഡ് ഉത്പാദിപ്പിക്കും. ഇതുമൂലം വയറുവേദനയും അസ്വസ്ഥ തയും അനുഭവപ്പെടും. ഇത് പരിഹരിക്കുന്നതിന് നൽകുന്ന മരുന്നുകളിൽ ചെറിയ അള വിൽ ക്ഷാരം അടങ്ങിയിരിക്കും. ചെറിയ തോതിൽ ക്ഷാരം അട ങ്ങിയിട്ടുള്ള ടൂത്ത് പേസ്റ്റ് ഉപ യോഗിച്ച് പല്ല് തേക്കുമ്പോഴും സോപ്പുവെള്ളം ഉപയോഗിച്ച് കൈകഴുകുമ്പോഴും അവയി ലടങ്ങിയിട്ടുള്ള ക്ഷാരം അണു ക്കളെ നശിപ്പിക്കുന്നുണ്ട്.

മണ്ണ് അമ്ലസ്വഭാവമുള്ളതാണ്. എന്നാൽ മണ്ണിന്റെ അമ്ലസ്വഭാവം കൂടിയാലോ കുറഞ്ഞുപോ യാലോ ചെടികൾ വളരുകയില്ല. മണ്ണിന്റെ അമ്ലസ്വഭാവം കുറ യ്ക്കുന്നതിന് കൃഷിചെയ്യുന്നതി നുമുമ്പ് കുമ്മായം (കാൽസ്യം കാർബണേറ്റ്) മണ്ണിൽ ചേർക്കു ന്നത് നന്നായിരിക്കും. ക്ഷാര സ്വഭാവം കൂടിയ മണ്ണിന്റെ ക്ഷാരഗുണം കുറയ്ക്കുന്നതിന് ഉപ്പ് (സോഡിയം ക്ലോറൈഡ്) ഉപയോഗിക്കാറുണ്ട്. ഇത്തര ത്തിൽ pH സ്കെയിൽ നമ്മുടെ ജീവിതവുമായി ഏറെ ബന്ധപ്പെ ട്ടിരിക്കുന്നു.




വ്യത്യസ്ത വസ്തുക്കളുടെ പി എച്ച് മൂല്യം

# അറയ്ക്കൽ ബീവി

പുനരാഖ്യാനം : ജ്യോതി കെ ജി



വര: ഗോപു പട്ടിത്തറ

ഏഴിമലയുടെ താഴ്വരയിൽ പതിനെട്ടു നാലുകെട്ടുകളോടു കൂടിയ വലിയ കോവിലകമായിരുന്നു ഏഴിമല കോവിലകം. വിശാലമായ പറമ്പും പുരയിടത്തിന്റെ അടുക്കൽ കൂടിയുള്ള പുഴയും കോവിലകത്തിന്റെ ചുറ്റുമായി അനേകം ബ്രാഹ്മണാലയങ്ങളും പടയാളികളായി നിരവധി നായൻമാരും അഞ്ഞൂറു ഗൃഹങ്ങളും സ്വൽപ്പം അകലെ ധനവാൻമാരും യുദ്ധവിദഗ്ധരുമായ ചില മുഹമ്മദീയരുടെ വീടുകളുമുണ്ടായിരുന്നു.

അക്കാലത്ത് ഏഴിമല കോവിലകത്തെ സുന്ദരിമാരും അവിവാഹിതകളുമായ രണ്ടു തമ്പുരാട്ടിമാർ കൊട്ടാരംവക പുഴയിലെ കുളിക്കടവിൽ കുളിക്കാനിറങ്ങി. ഉല്ലാസവതികളായ തമ്പുരാട്ടിമാർ പതിവിലധികം നേരം വെള്ളത്തിൽ കിടന്നു ചാടുകയും മറിയുകയും പുഴയുടെ മധ്യത്തിലേക്ക് നീന്തുകയും ചെയ്തു. നവയൗവനയുക്തകളായിരുന്ന തമ്പുരാട്ടിമാർ അൽപ്പം കഴിഞ്ഞപ്പോൾ ക്ഷീണിച്ചവശരായി. അതിനാൽ തമ്പുരാട്ടിമാരിൽ അനുജത്തിയായിരുന്ന തമ്പുരാട്ടി നീന്തി കരയ്ക്കു കയറി. ജ്യേഷ്ഠത്തി തമ്പുരാട്ടി കരയിലേക്ക് നീന്തിയിട്ടും ക്ഷീണിച്ചവശയായതിനാൽ കൈയും കാലും കുഴഞ്ഞുപോവുകയാൽ കരയിലെത്താൻ സാധിക്കാതെ ഒഴുക്കിലകപ്പെട്ടു താഴ്ന്നു

പോയിത്തുടങ്ങി. പെട്ടെന്ന് ഇളയതമ്പുരാട്ടി ഉച്ചത്തിൽ കരഞ്ഞ് ബഹളമുണ്ടാക്കി.

അൽപ്പം ദൂരെ പുഴയിൽ കുളിച്ചുകൊണ്ടിരുന്ന സുമുഖനായ ഒരു മുഹമ്മദീയ യുവാവ് നിലവിളികേട്ട് ഈ കടവിൽ ഓടിയെത്തി. സംഗതി മനസ്സിലായ യുവാവ് തന്റെ രണ്ടാം മുണ്ട് അരയിൽ മുറുക്കിക്കെട്ടിക്കൊണ്ട് വെള്ളത്തിൽച്ചാടി തമ്പുരാട്ടിയുടെ കൈ പിടിച്ചു കരയോടടുപ്പിച്ചിട്ട് കരയ്ക്കു കയറ്റുകയും ചെയ്തു. ഒഴുക്കിൽ വസ്ത്രം നഷ്ടപ്പെട്ട തമ്പുരാട്ടിക്ക് നനഞ്ഞതെങ്കിലും കോടിയായിരുന്ന രണ്ടാംമുണ്ടു കൊടുത്ത് നഗ്നത മറയ്ക്കാൻ സഹായിച്ചു. അപ്പോഴേക്കും തുണയ്ക്കായി കന്യകമാർ കോവിലകത്തു നിന്നും എത്തുകയും ചെയ്തു.

ആചാരമനുസരിച്ച് പാണിഗ്രഹണവും വസ്ത്രംസ്വീകരിക്കലും വിവാഹച്ചടങ്ങിന്റെ ഭാഗമാണ്. എന്നാൽ ഈ സംഭവങ്ങളെല്ലാം ക്ഷണനേരം കൊണ്ട് ആ ദിക്കിൽ സർവത്ര പരക്കുകയും ചെയ്തു. അങ്ങനെ ഈ വാർത്ത ആപത്തിൽ നിന്നു രക്ഷപ്രാപിച്ച ആ കന്യകയുടെ മാതുലനായിരുന്ന കോലത്തിരി രാജാവിന്റെ ചെവിയിലുമെത്തി. തന്റെ ഭാഗിനേയിയെ ആ അത്യാപത്തിൽനിന്നു രക്ഷിച്ച മുഹമ്മദീയനെക്കുറിച്ചു വളരെ സന്തോഷം തോന്നുകയാൽ തമ്പുരാൻ ഉടനെ ആളെ അയച്ച് ആ മുഹമ്മദീയ യുവാവിനെ കോവിലകത്തു വരുത്തി. അപ്പോഴാണ് ആ യുവാവ് തന്റെ സൈന്യത്തിൽച്ചേർന്നിട്ടുള്ള ഒരു ഭടനാണെന്ന് അറിഞ്ഞത്. അതറിഞ്ഞ തമ്പുരാൻ അതിയായ സന്തോഷത്തോടെ ആ യുവാവിന് കൂടുതൽ സമ്മാനങ്ങൾ നൽകുകയും പട്ടാളത്തിൽ ഉയർന്ന ഉദ്യോഗം കൽപ്പിച്ചു നൽകുകയും ചെയ്തു.

എന്നാൽ നീരാട്ടു കഴിഞ്ഞു കോവിലകത്തുചെന്ന രാജകന്യക അകത്തുകടക്കാതെ അവിടെ അടുത്തുണ്ടായിരുന്ന ഉപഗൃഹത്തിൽ ചെന്നിരുന്നു. മരണത്തിൽ നിന്നും തന്നെ രക്ഷിച്ച മുഹമ്മദീയ യുവാവ് പാണിഗ്രഹണവും വസ്ത്രം സ്വീകരിക്കലും പരോക്ഷമായി നൽകിയതിനാൽ താൻ അദ്ദേഹത്തിന്റെ വധുവായി മാറിയെന്ന് സ്വയം വ്യാഖ്യാനിച്ചു. അമ്മത്തമ്പുരാട്ടിയും മറ്റു തമ്പുരാട്ടിമാരും പലതവണ നിർബന്ധിച്ചിട്ടും കന്യകയുടെ മനസ്സ് മാറ്റാൻ സാധിച്ചില്ല. ഗുരുജനങ്ങൾ നിർബന്ധിച്ചപ്പോൾ ആ രാജകുമാരി ഇങ്ങനെ പറഞ്ഞു.

''വെള്ളത്തിൽ നിന്ന് എന്നെ പിടിച്ചു കയറ്റിയപ്പോൾ ആ മുഹമ്മദീയൻ എന്നെ പാണിഗ്രഹണം കഴിച്ചു. പിന്നെ നനഞ്ഞതെങ്കിലും കോടിയായ ഒരു മുണ്ട് എനിക്കുടുക്കാൻ അയാൾ തരികയും ചെയ്തു. ഈ രണ്ടു ചടങ്ങുകൾകൊണ്ട് എന്റെ വിവാഹകർമ്മം കഴിഞ്ഞിരിക്കുന്നു. രാജകന്യകമാരെ മുഹമ്മദീയർ വിവാഹം കഴിക്കുക ഹിതമല്ലല്ലോ. അതിനാൽ ഞാനിപ്പോൾ ഭ്രഷ്ടയായിരിക്കുന്നു. എനിക്കിനി അകത്തു കടക്കാൻ പാടില്ല.''

ഈ കാര്യമറിഞ്ഞ കോലത്തിരിത്തമ്പുരാൻ എന്തുവന്നാലും തക്കതായ വൈദിക പ്രായശ്ചിത്തങ്ങൾ ചെയ്യിച്ചു രാജകുമാരിയെ ശുദ്ധീകരിച്ചു വീണ്ടെടുക്കണമെന്നു തീർച്ചപ്പെടുത്തി.

കോലത്തിരി തമ്പുരാൻ വൈദികപ്രായശ്ചിത്തം കൊണ്ടു തന്റെ ഭാഗിനേയിയെ ശുദ്ധീകരിച്ചു വീണ്ടെടുക്കാൻ നിശ്ചയിച്ച വിവരം ചില സ്ത്രീജനങ്ങൾ മുഖാന്തരം രാജകുമാരിയെ അറിയിച്ചു. എന്നാൽ ഇതിനൊന്നും ഫലമുണ്ടായില്ല. കൊട്ടാരത്തിലെ ബന്ധുക്കൾ കൊണ്ടുവന്ന വിവാഹാലോചനകൾ എല്ലാം തമ്പുരാട്ടി നിരസിക്കുകയും മുഹമ്മദീയ യുവാവിനെ വിവാഹം കഴിക്കണമെന്ന് നിർബന്ധംപിടിക്കുകയും ചെയ്തു. തമ്പുരാട്ടിയുടെ നിർബന്ധത്തിനു വഴങ്ങി കൊട്ടാരത്തിലെ തമ്പുരാക്കന്മാരുടെ സമ്മതത്തോടെ ആ വിവാഹം നടന്നു. രാജകുടുംബത്തിലെ മറ്റു തമ്പുരാട്ടിമാരെപ്പോലെ സുഖമായി കഴിഞ്ഞുകൂടാൻ തക്കവണ്ണമുള്ള വസ്തുവകകളും പാത്രങ്ങളും ആഭരണങ്ങളും മറ്റുമെല്ലാം നൽകി. ആ തമ്പുരാട്ടിയാണ് പിന്നീട് അറയ്ക്കൽ ബീവി എന്ന പേരിൽ പ്രസിദ്ധയായിത്തീർന്നത്. കണ്ണൂർ കേന്ദ്രമായി നിലവിലുണ്ടായിരുന്ന കേരളത്തിലെ ഏക മുസ്ലിം രാജവംശമാണ് അറയ്ക്കൽ രാജവംശം. അറയ്ക്കൽ രാജവംശം കോലത്തിരി രാജവംശത്തിൽ നിന്നും പിരിഞ്ഞുപോയതിന്റെ ഐതിഹ്യവും ഇതാണ്.

നീരാട്ടു കഴിഞ്ഞു കോവിലകത്തുചെന്ന രാജകന്യക അകത്തുകടക്കാതെ അവിടെ അടുത്തുണ്ടായിരുന്ന ഉപഗൃഹത്തിൽ ചെന്നിരുന്നു. മരണത്തിൽ നിന്നും തന്നെ രക്ഷിച്ച മുഹമ്മദീയ യുവാവ് പാണിഗ്രഹണവും വസ്ത്രം സ്വീകരിക്കലും പരോക്ഷമായി നൽകിയതിനാൽ താൻ അദ്ദേഹത്തിന്റെ വധുവായി മാറിയെന്ന് സ്വയം വ്യാഖ്യാനിച്ചു.

# മാന്ത്രിക ചതുരം നിർമിക്കാൻ ഒരു കവിത

**പള്ളിയറ ശ്രീധരൻ**

കഴിഞ്ഞ ലക്കത്തിലെ പോലെ ഇനി മറ്റൊരു സംസ്കൃതകവിതയിലൂടെ നമുക്കു മാന്ത്രികചതുരം നിർമിച്ചുനോക്കാം.

*“നാകനാഥ നദീനീരേ*
*മാനാംഗനീ ഘനതനീ*
*ഇഷ്ടാർദ്ധേ ഏക ശൂന്യം*
*ഗജപാദക്രമാൽ ലിഖാൽ.*

ഇതിലെ ആദ്യത്തെ 2 വരി സ്ഥിരസംഖ്യകളായ 1 മുതൽ 8 വരെയുള്ള സംഖ്യകൾ പൂരിപ്പിക്കുന്ന വിധം പ്രസ്താവിച്ചിരിക്കുന്നു. അക്ഷരസംഖ്യകളാണ് ഇവിടെയും ഉപയോഗിച്ചിട്ടുള്ളത്.

സാധാരണയായി അക്ഷരസംഖ്യകൾ സൂചിപ്പിക്കുന്നത് വലത്തുനിന്ന് ഇടത്തോട്ടാണ്. ഉദാഹരണമായി ‘കവിത’ എന്ന പദത്തിൽ ക=1, വ=4, ത=6 എന്നിവ സൂചിപ്പിക്കുമെങ്കിലും ‘കവിത’ എന്ന പദം സൂചിപ്പിക്കുന്ന സംഖ്യ 641 ആയിരിക്കും. അതായത് വലത്തുനിന്ന് ഇടത്തേക്കാണ് അക്കങ്ങൾ പരിഗണിക്കേണ്ടത്.



| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | റഴ |

കവിതപ്രകാരം മാന്ത്രികചതുരത്തിലെ കള്ളികൾ പൂരിപ്പിക്കുന്നവിധം താഴെ കൊടുക്കുന്നു. കൂട്ടക്ഷരം വരുമ്പോൾ രണ്ടാമത്തേതിനാണ് പ്രാധാന്യം നൽകേണ്ടത്. സ്ത എന്നതിൽ ‘ത’ പരിഗണിച്ചാൽ മതി.

| | | | |
|---|---|---|---|
| ഥ | നാ | ക | നാ |
| രേ | നീ | ദീ | ന |
| നി | ഗ | നാം | മാ |
| നീ | ത | ന | ഘ |

ഇതിലെ അക്ഷരങ്ങൾ സൂചിപ്പിക്കുന്ന സംഖ്യകൾ താഴെ കൊടുക്കുന്നു. ‘ന’

പൂജ്യത്തെ സൂചിപ്പിക്കുന്നതിനാൽ ആ കള്ളികൾ ഒഴിവാക്കിവച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| 7 | | 1 | |
| 2 | | 8 | |
| | 3 | | 5 |
| | 6 | | 4 |

ബാക്കിയുള്ള 8 കള്ളികൾ പൂരിപ്പിക്കുന്നതിനുള്ള വഴി അടുത്ത വരികളിൽ കാണാം. പകുതിയിൽ നിന്ന് ഒന്നുവീതം കുറച്ച് ശൂന്യമായ കള്ളികളിൽ ഗജപാദ ക്രമത്തിൽ പൂരിപ്പിക്കണം. ഈ രീതിയിൽ തുക 48 വരുന്ന മാന്ത്രികചതുരം താഴെകൊടുക്കുന്നു.

| | | | |
|---|---|---|---|
| 7 | 19 | 1 | 21 |
| 2 | 20 | 8 | 18 |
| 23 | 3 | 17 | 5 |
| 16 | 6 | 22 | 4 |

മാന്ത്രികചതുരങ്ങൾ നിർമിക്കാൻ ധാരാളം വഴികൾ ഇന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും എളുപ്പത്തിൽ ഹൃദിസ്ഥമാക്കാവുന്ന കവിതകൾ ദുർലഭമാണ്. മറ്റു തുക വരുന്ന മാന്ത്രിക ചതുരങ്ങൾ നിർമിക്കാൻ നിങ്ങൾ ശ്രമിക്കുമല്ലോ.

palliyarasreedharan@gmail.com

# പ്രാർഥിക്കും പ്രാണി



മുൻകാലുകൾ കൂപ്പി അനങ്ങാതിരിക്കുന്ന പച്ചനിറമുള്ള ഒരു വിരുതനെ വാതിൽപ്പടിയിലും ഭിത്തിയിലുമൊക്കെ ചില നേരത്ത് നാം കാണാറുണ്ട്. പ്രാർഥിക്കുന്ന പ്രാണി എന്ന് ഇവന് വിളിപ്പേരുമുണ്ട്. ആ ഇരിപ്പു കണ്ടാൽ പ്രാർഥിക്കാൻ കൈകൾ കൂപ്പി ഇരിക്കുന്ന ഒരു പാവത്താനാണെന്നേ തോന്നൂ. പ്രേയിംഗ് മാന്റിസ് എന്നാണ് ഇവന്റെ പേര്. മാന്റ് റോയ്ഡിയ എന്ന പ്രാണികുടുംബത്തിലെ അംഗമാണ്. കാഴ്ചയ്ക്ക് പച്ചപ്പുൽച്ചാടിയോട് നല്ല സാമ്യമുണ്ട്.

അമേരിക്കക്കാർ ഇതിനെ വിളിക്കുന്നത് ഡെവിൾസ് ഹോഴ്സ് എന്നാണ്. അതായത് ചെകുത്താന്റെ കുതിര. പ്രാർഥിക്കുന്ന പ്രാണിക്ക് ഇങ്ങനെയൊരു പേര് എങ്ങനെ വന്നെന്നാണോ? കൈകൾ കൂപ്പിയുള്ള ഇതിന്റെ ഇരിപ്പ് ഒന്നാന്തരം ഒരു കെണിയാണ്. ഇര അടുത്തുകൂടി പോയാൽ കൂപ്പി പിടിച്ചിരിക്കുന്ന കാലുകൾ നീട്ടി ചാടിപ്പിടിക്കാനുള്ള സൂത്രം. അങ്ങനെ പിടിക്കുന്ന പ്രാണികളെ അതേ കാലുകൾ കൊണ്ടുതന്നെ പിച്ചിക്കീറി അകത്താക്കുകയും ചെയ്യും. അപ്പോൾ പിന്നെ ഇതിനെ ചെകുത്താന്റെ കുതിര എന്ന് വിളിക്കുന്നതിലും അതിശയോക്തി ഇല്ലല്ലോ...

# നാം തനിച്ചാണോ?

**ദിലീപ് മമ്പള്ളിൽ**


**ഭൂമിയിലുള്ളതു പോലെ ജീവന്റെ സാന്നിധ്യം മറ്റു ഗ്രഹങ്ങളിൽ ഉണ്ടോ എന്ന് കണ്ടെത്താനുള്ള തീവ്ര ശ്രമത്തിലാണല്ലോ മനുഷ്യർ. ആകാശത്തേക്കു നോക്കിനിൽക്കുമ്പോൾ ഈ പ്രപഞ്ചത്തിൽ നാം തനിച്ചാണോ എന്ന സംശയം നമ്മിലും പലപ്പോഴും ഉടലെടുക്കാറില്ലേ? രസകരമായ ഈ ലേഖനം വായിച്ചുനോക്കൂ...**

രാത്രി ആകാശത്തിലേക്കു നോക്കിയാൽ എത്രയെത്ര നക്ഷത്രങ്ങളെയാണ് നാം അവിടെ കാണുക. എണ്ണിയാൽ ഒടുങ്ങില്ല. അത്രയ്ക്കും എണ്ണമുണ്ടവിടെ. നമുക്ക് ഭൂമിയിൽ നിന്നും കാണാൻ കഴിയുന്നതിലും അധികം നക്ഷത്രങ്ങൾ ആകാശത്തിലുണ്ട്.

നമ്മുടെ ഏറ്റവും അടുത്ത നക്ഷത്രം ഏതാണ്? സൂര്യൻ തന്നെ. അതുകഴിഞ്ഞാൽ അടുത്ത നക്ഷത്രം സത്യത്തിൽ കുറച്ചകലെയാണ്. പ്രോക്സിമ സെഞ്ചുറി എന്ന നക്ഷത്രം ഏതാണ്ട് നാല് പ്രകാശവർഷങ്ങൾ അകലെ



പ്രോക്സിമ സെഞ്ചുറി



സോളാർ വിന്റ്

യാണ്. എന്നുവച്ചാൽ ആ നക്ഷത്രത്തിൽ നിന്നും പ്രകാശത്തിന് നാലു വർഷമെടുക്കും നമ്മുടെ ഭൂമിയിലെത്താൻ. പ്രകാശം ഒരു സെക്കന്റിൽ ഏതാണ്ട് മൂന്നുലക്ഷം കിലോമീറ്റർ സഞ്ചരിക്കും എന്നറിയാമല്ലോ. അപ്പോൾ എത്ര അകലെയായിരിക്കും നാല് പ്രകാശ വർഷങ്ങൾ.

ഒരു പതിനഞ്ച് പ്രകാശവർഷങ്ങൾക്ക് ഉള്ളിലായി ഏതാണ്ട് അറുപതോളം നക്ഷത്രങ്ങളുണ്ട്. അവയ്ക്കൊക്കെ നമ്മുടെ സൂര്യനെപ്പോലെ ഗ്രഹങ്ങളും ഉണ്ടാകില്ലേ? ആ ഗ്രഹങ്ങളിൽ ഒന്നിലെങ്കിലും നമ്മുടെ ഭൂമിയിലെപ്പോലെ ജീവികൾ ഉണ്ടാകുമോ? മനുഷ്യർ ഉണ്ടാകുമോ? നമ്മുടെ അടുത്തുള്ള നക്ഷത്രങ്ങളുടെ ഗ്രഹങ്ങളിൽ ഇല്ലെങ്കിൽ കുറഞ്ഞപക്ഷം കോടാനുകോടിയുള്ള മറ്റേതെങ്കിലും നക്ഷത്രങ്ങളുടെ ഗ്രഹങ്ങളിൽ ജീവികൾ ഉണ്ടാകുമോ?

ആകാശത്തേക്കു നോക്കിനിൽക്കുമ്പോൾ ഇമ്മാതിരി ചോദ്യങ്ങൾ നിങ്ങളുടെ മനസ്സിലേക്ക് വന്നിട്ടുണ്ടാകണം. ശരിക്കും ഈ പ്രപഞ്ചത്തിൽ നാം ഒറ്റയ്ക്കാണോ? അങ്ങകലെ നിന്നും ആരെങ്കിലും നമ്മുടെ സൂര്യനെ നോക്കുന്നുണ്ടാകുമോ? നമ്മൾ ഇവിടെയുള്ള കാര്യം അവർക്കറിയാമോ?

മറ്റു നക്ഷത്രങ്ങളിലെ ഗ്രഹങ്ങളിലേക്ക് യാത്രപോകുന്ന സഞ്ചാരികളെയൊക്കെ നിങ്ങൾ സിനിമകളിൽ കണ്ടിട്ടുണ്ടാകാം. പക്ഷേ അത് സിനിമയിലേ നടക്കൂ. ഇന്നത്തെ നമ്മുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് നമുക്ക് അടുത്തുള്ള പ്രോക്സിമ സെഞ്ചുറിയിൽപോലും പോകാൻ കഴിയില്ല. അതുകൊണ്ടുതന്നെ അവിടെയുള്ള ഗ്രഹങ്ങളിൽ പോയി ജീവികളുണ്ടോ എന്നുനോക്കൽ സാധ്യമല്ല. പിന്നെ എന്തു ചെയ്യും?


ഏതെങ്കിലും ഗ്രഹത്തിൽ നമ്മെപ്പോലെ ബുദ്ധിയുള്ള ജീവികൾ ഉണ്ടെന്നു വിചാരിക്കുക. അവർ അയയ്ക്കുന്ന എന്തെങ്കിലും സിഗ്നലുകൾ നമുക്ക് ലഭിച്ചാലോ? ഭൂമിയിൽ നാം ഉണ്ടാക്കുന്ന റേഡിയോ സിഗ്നലുകൾ ഭൂമിക്കു പുറത്തേക്കും പോകുന്നുണ്ട്. അവ ആർക്കെങ്കിലും ലഭിച്ചാൽ നമ്മൾ ഇവിടെയുള്ള വിവരം അവർക്കും ലഭിക്കും. അവർ നമ്മുടെ റേഡിയോ പരിപാടികൾ കേൾക്കുന്നുണ്ടാകുമോ? ഇല്ല. കാരണം റേഡിയോ കണ്ടുപിടിച്ചിട്ട് ഒരു നൂറുവർഷങ്ങൾ മാത്രമേ ആയുള്ളൂ. എന്നുവച്ചാൽ ഒരു നൂറുപ്രകാശ വർഷങ്ങൾക്ക് ഉള്ളിൽ ആരെങ്കിലും ഉണ്ടെങ്കിൽ മാത്രമേ അവർക്കു നമ്മുടെ സിഗ്നലുകൾ ലഭിക്കൂ. സത്യത്തിൽ അതിനുപോലും സാധ്യതയില്ല. കാരണം നമ്മുടെ റേഡിയോ സിഗ്നലുകൾ അത്ര ദൂരത്തിൽ എത്തില്ല. അത്രയ്ക്കും ശക്തിയിൽ നാം സിഗ്നലുകൾ അയയ്ക്കുന്നില്ല. ബുദ്ധിയുള്ള ഏതെങ്കിലും

അന്യഗ്രഹജീവികൾ ശക്തിയേറിയ സിഗ്നലുകൾ ഉപയോഗിച്ച് മറ്റുഗ്രഹങ്ങളുമായി സന്ദേശങ്ങൾ കൈമാറുന്നുണ്ടെങ്കിൽ ഒരു പക്ഷേ അവ നമുക്ക് ലഭിക്കാം. ഇങ്ങനെ എന്തെങ്കിലും റേഡിയോ സിഗ്നലുകൾ വരുന്നുണ്ടോ എന്നത് ശാസ്ത്രജ്ഞർ എപ്പോഴും നിരീക്ഷിക്കുന്നുണ്ട്. എന്നാലും പുറത്തുനിന്നും ഇതുവരെ നമുക്ക് യാതൊരു സിഗ്നലുകളും ലഭിച്ചിട്ടില്ല. ഇനി അവിടെ ബുദ്ധിയുള്ള ജീവികൾ ഉണ്ടാവില്ലേ?

ജീവികൾ ഉണ്ടാകണമെങ്കിൽ ഭൂമിയെപ്പോലെയുള്ള ഗ്രഹങ്ങൾ ഉണ്ടാകണം. ഇങ്ങനെ പറഞ്ഞാൽ എന്താണ് അർഥമാക്കുന്നത് എന്ന് നോക്കാം.

ജീവൻ എന്നാൽ രസതന്ത്രത്തിന്റെ കളിയാണ്. അനേകം വിവിധങ്ങളായ തന്മാത്രകളും അവയുടെ രാസപ്രവർത്തനങ്ങളുമാണ് ജീവൻ ഉണ്ടാക്കുന്നത്. അതിനാൽ ജീവനും ജീവികളും ഉണ്ടാകാൻ ആദ്യം വേണ്ടത് കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ, സൾഫർ, ഫോസ്ഫറസ് തുടങ്ങിയ മൂലകങ്ങളാണ്. ഇവയൊക്കെ മിക്കവാറും എല്ലാ ഗ്രഹങ്ങളിലും ഉണ്ടാകും. പിന്നെ വേണ്ടത് ഈ തന്മാത്രകൾക്ക് പരസ്പരം പ്രവർത്തിക്കാൻ ആവശ്യമായ ഒരു ദ്രാവകമാണ്. ഭൂമിയിലെ ജീവന്റെ ഭാഗമായ ഈ ദ്രാവകം ജലമാണ്. നമ്മുടെപോലെ വലിയ ജീവികൾ ഉണ്ടാകണമെങ്കിൽ അവിടെ ദ്രാവക രൂപത്തിലുള്ള ജലം തന്നെ വേണം. ദ്രാവകജലത്തിന്റെ പ്രത്യേകതകൾ തന്നെയാണ് ഇതിനുകാരണം.

ഒരു നക്ഷത്രത്തിൽ നിന്നും അതിന്റെ ഗ്രഹം വളരെ ദൂരത്തിലാണെങ്കിൽ അവിടെ ദ്രാവകജലം ഉണ്ടാകില്ല. ജലമെല്ലാം ഐസ് രൂപത്തിലായിരിക്കും. ഇവിടെ ജീവൻ ഉണ്ടാകില്ല. ഇനി ഗ്രഹം നക്ഷത്രത്തോട് വളരെ അടുത്താണെങ്കിൽ ജലം നീരാവിയായി പോയിരിക്കും. കാരണം നക്ഷത്രത്തിന്റെ ചൂടുതന്നെ, എന്നുവച്ചാൽ ഒരു നക്ഷത്രത്തിൽ നിന്നും ആ ഗ്രഹം ഒരു പ്രത്യേക അകലത്തിൽ ആയിരുന്നാൽ മാത്രമേ അവിടെ ദ്രാവകജലം



കെപ്ലർ ടെലിസ്കോപ്പ്

ഉണ്ടാകൂ. അതുപോലെ ജീവനും. ഭൂമി സൂര്യനിൽ നിന്നും ഈ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്.

പ്രത്യേക അകലത്തിൽ സ്ഥിതിചെയ്യുന്നു എന്നതുകൊണ്ടുമാത്രം അവിടെ ജീവൻ ഉണ്ടാകില്ല. ഗ്രഹത്തിന്റെ വലിപ്പവും ഒരു ഘടകമാണ്. ചെറിയ ഗ്രഹങ്ങളിൽ അതിന്റെ ഗുരുത്വാകർഷണബലം വളരെ കുറവായിരിക്കും. അതുകൊണ്ട് അവിടെ വായുമണ്ഡലം ഉണ്ടാകില്ല. അന്തരീക്ഷത്തെ പിടിച്ചുനിർത്താൻ അതിന്റെ ഗുരുത്വബലത്തിനു കഴിയില്ല. നമ്മുടെ ചന്ദ്രനും ചൊവ്വയുമൊക്കെ ഉദാഹരണങ്ങളാണ്. അങ്ങനെയുള്ള ഗ്രഹങ്ങളിലും ദ്രാവകജലവും ജീവനും ഉണ്ടാകില്ല. എന്നാൽ ഗ്രഹത്തിന്റെ വലിപ്പം വളരെ വലുതായാലോ? അവിടെ അന്തരീക്ഷം വളരെ കട്ടികൂടിയതാകും. താപവും കൂടുതലായിരിക്കും. അപ്പോൾ ജലം മിക്കവാറും നീരാവിയായിരിക്കും. ഭൂമിയുടെ വലിപ്പം അത്ര കുറവുമല്ല എന്നാലത്ര അധികവുമല്ല.

അതുപോലെ ഗ്രഹത്തിന് കാന്തികവലയം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. അതല്ലെങ്കിൽ നക്ഷത്രത്തിൽ നിന്നുമുള്ള ചാർജുള്ള കണങ്ങൾ ആ ഗ്രഹത്തിലെ അന്തരീക്ഷത്തെയും ജലത്തെയും പുറത്തേക്ക് തട്ടിത്തെറിപ്പിക്കും. സൂര്യനിൽ നിന്നും വരുന്ന ഇത്തരം ചാർജുള്ള കണങ്ങളെ നാം സോളാർ വിൻഡ് എന്നാണ് വിളിക്കുന്നത്. ഭൂമിയുടെ കാന്തികവലയം ഇത്തരം കണങ്ങളെ ഭൂമിയിൽ പതിക്കാതെ സംരക്ഷിക്കുന്നു. ഭൂമിക്ക് അതിന്റെ കാന്തികവലയം ഉണ്ടാകാൻ കാരണം ഭൂമിക്കുള്ളിൽ ദ്രാവകരൂപത്തിലുള്ള ഇരുമ്പിന്റെ ചലനമാണ്.

ഇങ്ങനെയുള്ള പ്രത്യേകതകളുള്ള ഗ്രഹങ്ങളിൽ മാത്രമേ ജീവനും ജീവികളും ഉണ്ടാകൂ. അവിടെപ്പോലും ബുദ്ധിയുള്ള, നമ്മെപ്പോലെയുള്ള ജീവികൾ ഉണ്ടാകുമോ എന്നത് നമുക്ക് പറയാൻ സാധിക്കില്ല.

ഭൂമിക്ക് സമാനമായ ഗ്രഹങ്ങൾ നമ്മുടെ സൗരയൂഥത്തിന്റെ പുറത്ത്, അതായത് മറ്റു നക്ഷത്രങ്ങളിൽ ഉണ്ടാകുമോ? ഈ ചോദ്യം നിങ്ങളുടെ മനസ്സിലിപ്പോൾ വന്നുകാണും. ഇതിനുത്തരമറിയാൻ നാം 2009 ൽ കെപ്ലർ എന്നുവിളിക്കുന്ന ഒരു ടെലിസ്കോപ്പ് ഭൂമിക്ക് പുറത്തേക്ക് അയയ്ക്കുകയുണ്ടായി.

**കെപ്ലർ ഭൂമിയെ വലംവച്ചുകൊണ്ടിരിക്കെ സൂര്യന് സമാനമായ നക്ഷത്രങ്ങളെ നിരീക്ഷിക്കാൻ തുടങ്ങി. ആ നക്ഷത്രങ്ങളെ വലംവയ്ക്കുന്ന ഗ്രഹങ്ങളുണ്ടെങ്കിൽ ആ ഗ്രഹങ്ങൾ നക്ഷത്രത്തിന്റെ മുന്നിലൂടെ കടന്നുപോകുമ്പോൾ ഒരു കറുത്ത പൊട്ടുപോലെ കെപ്ലർ ടെലിസ്കോപ്പിൽ പതിയും. ഗ്രഹത്തിന്റെ വലിപ്പം, അതുപോലെ എത്ര വേഗത്തിലാണ് ഈ ഗ്രഹം കടന്നുപോകുന്നത് എന്നുനോക്കി അത് നക്ഷത്രത്തിൽ നിന്നും എത്ര ദൂരത്തിലാണ് എന്നിങ്ങനെയുള്ള വിവരങ്ങൾ കെപ്ലർ കണ്ടുപിടിക്കും.**

കെപ്ലർ ഭൂമിയെ വലംവച്ചുകൊണ്ടിരിക്കെ സൂര്യന് സമാനമായ നക്ഷത്രങ്ങളെ നിരീക്ഷിക്കാൻ തുടങ്ങി. ആ നക്ഷത്രങ്ങളെ വലംവയ്ക്കുന്ന ഗ്രഹങ്ങളുണ്ടെങ്കിൽ ആ ഗ്രഹങ്ങൾ നക്ഷത്രത്തിന്റെ മുന്നിലൂടെ കടന്നുപോകുമ്പോൾ ഒരു കറുത്ത പൊട്ടുപോലെ കെപ്ലർ ടെലിസ്കോപ്പിൽ പതിയും. ഗ്രഹത്തിന്റെ വലിപ്പം, അതുപോലെ എത്ര വേഗത്തിലാണ് ഈ ഗ്രഹം കടന്നുപോകുന്നത് എന്നുനോക്കി അത് നക്ഷത്രത്തിൽ നിന്നും എത്ര ദൂരത്തിലാണ് എന്നിങ്ങനെയുള്ള വിവരങ്ങൾ കെപ്ലർ കണ്ടുപിടിക്കും.

കുറേ വർഷങ്ങൾകൊണ്ട് കെപ്ലർ ലക്ഷത്തിലധികം നക്ഷത്രങ്ങളെ നിരീക്ഷിച്ചു. ആയിരക്കണക്കിന് ഭൂമിക്കു സമാനമായ ഗ്രഹങ്ങളെ കെപ്ലർ കണ്ടെത്തി. നമ്മുടെ ഗ്യാലക്സിയിൽ ഏതാനും ലക്ഷം നക്ഷത്രങ്ങൾ മാത്രമല്ല ഉള്ളത്. ഏതാണ്ട് നാൽപ്പതിനായിരം കോടി നക്ഷത്രങ്ങൾ ഉണ്ടത്രേ! അതിനൊത്ത എണ്ണം ഭൂമിക്കു സമാനമായ ഗ്രഹങ്ങളും ഉണ്ടാകും. അപ്പോൾ അതിൽ ഭൂമിയിൽ മാത്രമേ ജീവൻ ഉണ്ടാകാൻ സാധ്യതയുള്ളോ? തീർച്ചയായും അല്ല. ഭൂമിയിൽ ജീവൻ ഉണ്ടെങ്കിൽ ഭൂമിപോലുള്ള അനേകം ഗ്രഹങ്ങളിൽ ജീവൻ ഉണ്ടാകും. അതിൽ കുറെ എണ്ണത്തിൽ നമ്മളെപ്പോലെ ബുദ്ധിയുള്ള ജീവികളും ഉണ്ടാകും. അവരെ നമുക്ക് കണ്ടെത്താൻ സാധിക്കുമോ? ഒരു പക്ഷേ അവരുടെ റേഡിയോ സിഗ്നലുകൾ നമുക്ക് ഒരിക്കൽ ലഭിച്ചേക്കാം.

ഇനി ആകാശത്തിലേക്ക് നോക്കുമ്പോൾ നിങ്ങൾക്ക് എന്താണ് തോന്നുക. മറ്റേ കുറേ ഗ്രഹങ്ങളിലെ കുട്ടികളും അവരുടെ ആകാശത്തിലേക്ക് നോക്കി ഇങ്ങനെ ചോദിക്കുന്നുണ്ടാകും. നമ്മൾ അല്ലാതെ ആരെങ്കിലും ഈ പ്രപഞ്ചത്തിൽ ഉണ്ടാകുമോ?

കഥ

# തണൽ

പ്രേമജ ഹരീന്ദ്രൻ

''അമ്മ എനിക്കു പൈസ വെച്ചിട്ടുണ്ടോ?'' ഉറക്കെയാണ് റിനി ചോദിച്ചത്. അമ്മയോട് ഉള്ളിലുള്ള ദേഷ്യം മുഴുവൻ ആ ശബ്ദത്തിലുണ്ടായിരുന്നു.

എത്ര ദിവസമായി ചോദിക്കുന്നു. വെറുമൊരു രണ്ടായിരം രൂപയല്ലേ! ടൂറിന്റെ പൈസയാണ്. ചങ്ങാതിമാരെല്ലാം പോകുന്നുണ്ട്. താൻമാത്രം പോവാതെ മാറിനിന്നാൽ അവരെല്ലാം കളിയാക്കും.

അമ്മ പണിക്ക് പോകാനിറങ്ങുകയാണ്. ഇപ്പോ കിട്ടിയില്ലെങ്കിൽ ഇന്നും ടീച്ചർക്കു പൈസ കൊടുക്കാൻ കഴിയില്ല.

''മോളേ, ഇന്നു വൈകുന്നേരം കൂലി കിട്ടുമായിരിക്കും. നാളെ ഉറപ്പായും കൊടുക്കാം.''

അമ്മയുടെ ശബ്ദത്തിന് ഒരു ഉറപ്പു പോരാ എന്ന് റിനിക്കു തോന്നി. ഇതു വെറുതെ പറഞ്ഞുപറഞ്ഞ് പറ്റിക്കലാണ്.

അവൾക്ക് വല്ലാതെ ദേഷ്യം വന്നു. കൈയിലുണ്ടായിരുന്ന സ്റ്റീൽപാത്രം അവൾ ശക്തിയായി താഴെയിട്ടു. 'ക്ലും' എന്ന് ഒച്ചയുണ്ടാക്കിക്കൊണ്ട് അത് ഉരുണ്ടുപോയി.

''മോളെ ഞാൻ ഇറങ്ങട്ടെ.''

അമ്മ പറഞ്ഞത് കേട്ടതായിപ്പോലും റിനി ഭാവിച്ചില്ല. ഒന്നും പറയാതെ അൽപ്പസമയം അവളെത്തന്നെ നോക്കി നിന്നു അമ്മ. പിന്നെ പുറത്തേക്കിറങ്ങിപ്പോയി.

റിനിക്ക് അമ്മയോടു വല്ലാത്ത വെറുപ്പുതോന്നി. എല്ലാദിവസവുമില്ലെങ്കിലും ഇടയ്ക്കൊക്കെ പണിയുണ്ടല്ലോ. അതിനു കൂലി കിട്ടുന്നുണ്ടാവുമല്ലോ. പിന്നെന്താ. ഒരു രണ്ടായിരം രൂപ തന്നാൽ?

സ്കൂളിൽപ്പോവാനുള്ള നേരമായിരിക്കുന്നു. കുളിക്കണം. അമ്മ കുളിക്കാനുള്ള വെള്ളം കുളിമുറിയിലെടുത്തു വച്ചിട്ടുണ്ടാവും. റിനിയുടെ വീട്ടിൽ കിണറില്ല. അടുത്ത വീട്ടിൽ നിന്നുവേണം എല്ലാ ആവശ്യത്തിനും വെള്ളം കൊണ്ടുവരാൻ. വല്ലപ്പോഴും പൈപ്പുവെള്ളവും കിട്ടും.

'ഒരു പാത്രം വെള്ളം നിനക്ക് കൊണ്ടുവന്നുകൂടേ' എന്ന് അമ്മ പലപ്പോഴും റിനിയോട് ചോദിക്കാറുണ്ട്.

'ഏയ് എനിക്ക് പഠിക്കാനുണ്ട്. ഹോം വർക്ക് ചെയ്യാനുണ്ട്.' എന്നൊക്കെ പറഞ്ഞ് അവൾ മടിച്ചുനിൽക്കാറാണ് പതിവ്.

ക്ലാസിൽ ടീച്ചർ ടൂറിന്റെ പൈസ വാങ്ങിക്കൊണ്ടിരുന്നപ്പോൾ റിനിക്ക് ശരിക്കും സങ്കടം വന്നു. അവൾ ടീച്ചർ കാണാതിരിക്കാൻ കുനിഞ്ഞിരുന്നു.

''നീയെന്താടീ ടൂറിനു പോരുന്നില്ലേ? എന്താ പൈസ കൊണ്ടരാത്തത്?''

അടുത്തിരിക്കുന്ന ജ്യോത്സ്ന ചോദിച്ചത് കേൾക്കാത്തപോലെ റിനി ഇരുന്നു.

അമ്മയോട് ദേഷ്യം ഉള്ളിൽ നുരഞ്ഞു പൊന്തുകയായിരുന്നു. ഇനി അമ്മയോട് മിണ്ടുകയേയില്ല എന്നവൾ മനസ്സിലുറപ്പിച്ചു.

ഉച്ചയ്ക്ക് ഊണു കഴിഞ്ഞയുടനെ എല്ലാവരും ഗ്രൗണ്ടിലേക്കോടാൻ തുടങ്ങുമ്പോഴാണ് മൈക്കിലൂടെ അറിയിപ്പ് വന്നത്.

''നമ്മുടെ മുൻ സ്കൂൾ മാനേജർ അന്തരിച്ചതിനാൽ ഇന്ന് ഉച്ചയ്ക്കുശേഷം സ്കൂൾ അവധിയായിരിക്കും.''

കേട്ടപാതി കേൾക്കാത്ത പാതി കുട്ടികൾ തിക്കിത്തിരക്കി സ്കൂൾ ബസിലേക്കോടി.

ഒരു പത്തു മിനിട്ട് ആഞ്ഞു നടന്നാൽ റിനിക്ക് വീട്ടിൽ നിന്നും സ്കൂളിലെത്താം. പക്ഷേ റോഡ് മുറിച്ചു കടക്കണം. പിന്നെയും തിരക്കുള്ള റോഡിലൂടെ നടന്നാലേ സ്കൂളിലെത്തൂ. അതുകൊണ്ട് സ്കൂൾ ബസിലാണ് അവളുടെ വരവും പോക്കും.

'ബസ്ഫീസിനു വകയുണ്ടായിട്ടല്ല. ഈ ടൗണിലെ വണ്ടികളുടെ മരണപ്പാച്ചിലിനെ പേടിച്ചിട്ടാ ടീച്ചറേ' എന്ന് അമ്മ ടീച്ചറോട് പറയുന്നത് റിനി കേട്ടിട്ടുണ്ട്.


ടൗണിലെത്തിയതും വാഹനങ്ങളുടെ നീണ്ട നിര. പിന്നിലായി സ്കൂൾബസ്. നീങ്ങുന്നേയില്ല. അക്ഷമരായ കുട്ടികൾ പുറത്തേക്ക് തലയിട്ടു നോക്കാൻ തുടങ്ങി. എന്താണ് പറ്റിയത്? വല്ല അപകടവും....?

''ഏയ്, കൈയും തലയും പുറത്തിടരുതെന്ന് പറഞ്ഞിട്ടില്ലേ...'' ആയ മേഴ്സിയാന്റി ഒച്ചയുണ്ടാക്കി പറഞ്ഞു.

''അവിടെ റോഡ് ടാർ ചെയ്യുകയാ. കുറച്ചു സമയം നിൽക്കേണ്ടിവരും.''

റിനി പുറത്തേക്കു നോക്കി. തിളയ്ക്കുന്ന വെയിൽ! കണ്ണ് മഞ്ഞളിച്ചു പോകുന്നു. എന്തൊരു ചൂടാണ്. ബസിനുള്ളിൽപ്പോലും ചുട്ടുപൊള്ളുന്നു. എല്ലാവരും വിയർത്തൊഴുകാൻ തുടങ്ങി. എങ്ങനെയെങ്കിലും ബസ്സൊന്ന് മുന്നോട്ട് നീങ്ങിക്കിട്ടിയിരുന്നെങ്കിൽ എന്ന് എല്ലാവർക്കും തോന്നിത്തുടങ്ങി.

''കത്തിക്കരിയുന്ന ചൂട് തന്നെ.



വര: സുജിത് പി വി



ഹോ! ഈ റോഡുപണിക്കാരെ സമ്മതിക്കണം. വല്ല ബംഗാളികളുമാവും. അല്ലാണ്ടാരുവരും ഈ പണിക്കൊക്കെ!'' മേഴ്സിയാന്റി തന്നത്താൻ പറഞ്ഞു കൊണ്ടിരുന്നു.

കുറച്ചുസമയം കഴിഞ്ഞപ്പോൾ ബസ് മെല്ലെ ഇഴഞ്ഞിഴഞ്ഞ് മുന്നോട്ടു നീങ്ങാൻ തുടങ്ങി. റോഡരികിൽ കൂട്ടിയ അടുപ്പിൽ തീ ആളിക്കത്തുന്നു. വലിയ വീപ്പയിൽ ഉരുകിത്തിളയ്ക്കുന്ന ടാർ. ആ ചൂട്, ബസിനുള്ളിലേക്ക് വരെ എത്തുന്നുണ്ടെന്ന് റിനിക്കു തോന്നി.

ചെറിയ പാത്രംകൊണ്ട് തിളയ്ക്കുന്ന ടാർ കോരിയൊഴിക്കുന്ന സ്ത്രീയെ അപ്പോഴാണ് റിനി ശ്രദ്ധിച്ചത്.

''അമ്മ!!!''

ഒരു നിമിഷത്തേക്ക് ആ ടാറിന്റെ അത്രയുംചൂട് ഉള്ളിലൂടെ കടന്നുപോയതായി അവൾക്കു തോന്നി. പണിക്ക് വേഗത പോരെന്നു പറഞ്ഞ് ഒരാൾ ഉറക്കെ അമ്മയെ ശകാരിക്കുകയാണ്.

ബസ് മുന്നോട്ടുനീങ്ങി. വിയർത്തൊലിച്ച് തളർന്ന്, വാടിക്കരിഞ്ഞു നിൽക്കുന്ന അമ്മ. റിനിക്ക് ഉള്ളിൽ സങ്കടം തിങ്ങിനിറഞ്ഞു. ഈ അമ്മയോടാണ് രാവിലെ ഇറങ്ങുമ്പോൾ താൻ വാശി കാണിച്ച് മിണ്ടാതിരുന്നത്. ഇനിയൊരിക്കലും മിണ്ടുകയേയില്ലെന്നു പ്രതിജ്ഞ ചെയ്തത്! കഷ്ടം.

വീട്ടിലെത്തിയിട്ടും റിനിയുടെ കൺമുമ്പിൽ അമ്മ തന്നെയായിരുന്നു. ഉരുകിത്തിളയ്ക്കുന്ന വെയിലിൽ തീത്തൈലം പോലെയുള്ള ടാർ കോരിയെടുക്കുന്ന വിയർപ്പിലലിഞ്ഞ അമ്മ. കുളിമുറിയിലെത്തി മുഖം കഴുകുമ്പോൾ അന്നാദ്യമായി അവൾ ശ്രദ്ധിച്ചു. പാത്രങ്ങളിലൊന്നും വെള്ളമില്ല. അമ്മ വൈകുന്നേരം പണികഴിഞ്ഞു വന്നിട്ടാവണം ഇതിലൊക്കെ എന്നും വെള്ളം നിറച്ചുവയ്ക്കുന്നത്.

വൈകുന്നേരം പണികഴിഞ്ഞ് വന്ന് കാലും മുഖവും കഴുകാനായി കുളിമുറിയിലെത്തിയ അമ്മ അദ്ഭുതത്തോടെ റിനിയെ നോക്കി. എല്ലാ പാത്രങ്ങളും നിറഞ്ഞിരിക്കുന്നു.

റിനി മെല്ലെപ്പറഞ്ഞു.

''അമ്മേ, ഞാൻ ടൂറിനു പോകുന്നില്ല. ഞാനിന്നു കണ്ടു. അമ്മ എത്ര കഷ്ടപ്പെട്ടിട്ടാ....''

അത്രയും പറയുമ്പോഴേക്കും അവൾ വിങ്ങിപ്പൊട്ടിപ്പോയി. പൂർത്തിയാക്കാൻ അവൾക്ക് കഴിഞ്ഞില്ല.

''അമ്മയ്ക്ക് അത് കഷ്ടപ്പാടാണെന്ന് ആരു പറഞ്ഞു. മോള് ടൂറിനു പോകണം. മോൾക്ക് വേണ്ടിയല്ലെങ്കിൽ അമ്മയ്ക്ക് പിന്നെന്തിനാ പണം?''

റിനി അമ്മയുടെ വിയർത്തുമുഷിഞ്ഞ ദേഹം മുറുകെ കെട്ടിപ്പിടിച്ചു. അവൾക്ക് ഉറക്കെയൊന്നു കരയണമെന്നു തോന്നി.

# ശിശുദിനാഘോഷവേളയിൽ തലസ്ഥാന നഗരിയിൽ നടന്ന
# നെഹ്റുസ്മൃതി





ആധുനിക ഇന്ത്യയുടെ ശിൽപ്പിയും ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയും കുട്ടികൾക്ക് ഏറെ പ്രിയങ്കരനുമായ ജവഹർലാൽ നെഹ്റുവിന്റെ 129-ാം ജന്മദിനത്തോടനുബന്ധിച്ച് കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പതിനാലു ജില്ലകളിലും 'നെഹ്റു സ്മൃതി - 2018' എന്ന പേരിൽ ശിശുദിന പരിപാടികൾ സംഘടിപ്പിച്ചു. നെഹ്റുവിന്റെ ജീവിതവും ദർശനങ്ങളും പുതിയ തലമുറയിലെ കുട്ടികളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ കുട്ടികൾക്കായി ദേശിയോദ്ഗ്രഥന പ്രശ്നോത്തരി, സെമിനാറുകൾ, പുസ്തകപ്രദർശനം, പുസ്തകവിൽപ്പന എന്നിവ ഉണ്ടായിരുന്നു. രണ്ടായിരത്തോളം കുട്ടികൾ പങ്കെടുത്ത പ്രശ്നോത്തരിയിൽ വിജയികളായ നൂറോളം കുട്ടികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു. നവംബർ 1 ന് കാസർഗോഡ് തുടങ്ങി നവംബർ 14 ന് തിരുവനന്തപുരത്ത് അവസാനിച്ച പരിപാടിയിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച അമ്പത് പുസ്തകങ്ങളുടെ പ്രകാശനകർമവും നടന്നു.

നവംബർ 1 ന് കാസർഗോഡ് നടന്ന സമ്മേളനത്തിൽ മലയാളത്തിന്റെ ആദരണീയനായ എഴുത്തുകാരൻ ടി പത്മനാഭനാണ് നെഹ്റുസ്മൃതിയുടെ സംസ്ഥാനതല ഉത്ഘാടനം നിർവഹിച്ചത്. രണ്ടാഴ്ച നീണ്ട പരിപാടിയുടെ സമാപനസമ്മേളനം നവംബർ 14 ന് പട്ടം സെന്റ്മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. ചടങ്ങ് ആദരണീയനായ കേരള ഗവർണർ ബഹു. ജസ്റ്റിസ് ശ്രീ പി സദാശിവം ഉദ്ഘാടനം ചെയ്തു.

''പ്രിയപ്പെട്ട കൊച്ചു കൂട്ടുകാരേ... സർവോപരി സഹോദരന്മാരേ'' എന്ന് മലയാളത്തിൽ അഭിസംബോധന ചെയ്താണ് ആദരണീയനായ ഗവർണർ തന്റെ പ്രസംഗം തുടങ്ങിയത്. ഈ അഭിസംബോധന ആദ്യം അവിടെ കൂടിയവരിൽ അമ്പരപ്പുണ്ടാക്കിയെങ്കിലും പിന്നീട്

സദസ്സിൽ നിന്നും നിറഞ്ഞ കൈയടി ഉയർന്നു. അവിടെയിരുന്ന ഓരോ കുട്ടിയും ബഹു. ഗവർണറുടെ വാക്കുകൾക്കായി ആകാംക്ഷയോടെ കാത്തിരിക്കുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്.

കുട്ടികളെ അഭിസംബോധന ചെയ്യുമ്പോൾ ഇന്ത്യയുടെ ഭാവിയെയാണ് അഭിസംബോധന ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. എല്ലാ വിദ്യാർഥികളും ഭരണഘടനയുടെ ആമുഖം വായിച്ചിരിക്കണമെന്നും അങ്ങനെ ചെയ്യുമ്പോൾ നമ്മൾ ജാതി-മതഭേദങ്ങൾ മറന്ന് ഇന്ത്യാക്കാരായി മാറുമെന്നും അദ്ദേഹം പറഞ്ഞു. മൗലിക അവകാശങ്ങളെക്കുറിച്ച് അറിവുള്ളതുപോലെ തന്നെ മൗലിക കർത്തവ്യങ്ങളെക്കുറിച്ചും നാം അറിഞ്ഞിരിക്കണം. പതാകയോടും പൊതുസ്വത്തിനോടും നമുക്ക് കടമകളുണ്ട്. കുട്ടികൾ ഇവ വായിക്കുന്നുണ്ടെന്നും ഇവയെപ്പറ്റി ബോധവാന്മാരാണെന്നും ഉറപ്പുവരുത്തുന്നതിനായി ആമുഖത്തിന്റെ കോപ്പി എല്ലാ കുട്ടികൾക്കും നൽകാനുള്ള നടപടി ഉണ്ടാകണമെന്ന് താൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ബാല്യകാലത്തെപ്പറ്റി പറഞ്ഞ അദ്ദേഹം സർക്കാർ സ്കൂളിലും കോളജിലും പഠിച്ചാണ് താൻ ഈ പദവിയിലെത്തിയതെന്നും അതിനാൽ കുട്ടികൾ തങ്ങൾക്കു കിട്ടുന്ന ഓരോ അവസരവും പരമാവധി ഉപയോഗപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു. കഴിഞ്ഞ 19 വർഷത്തെ നിയമജീവിതത്തിനിടെ ഒരിക്കൽപ്പോലും ഒരു മതപരിപാടിയിലോ രാഷ്ട്രീയ പരിപാടിയിലോ താൻ പങ്കെടുത്തിട്ടില്ല. നിർബന്ധിതവും




ബഹു. കേരള ഗവർണർ ജസ്റ്റിസ് ശ്രീ പി സദാശിവം കുട്ടികളെ അഭിസംബോധന ചെയ്യുന്നു




കുട്ടികളുമായി സംവദിക്കുന്ന ബഹു. സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ എ കെ ബാലൻ




സ്വാതന്ത്ര്യസമരസേനാനി ശ്രീ കെ പത്മനാഭപിള്ളയെ ബഹു. ഗവർണർ ആദരിക്കുന്നു



ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച എട്ടു പുസ്തകങ്ങൾ ബഹു. ഗവർണർ പ്രകാശനം ചെയ്യുന്നു



സൗജന്യവുമായ വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും അവകാശമാണ്. കുട്ടികളെ സ്കൂളിലയക്കാത്ത മാതാപിതാക്കളെ ജയിലിലടക്കാൻ നിയമമുണ്ടെന്നുള്ള കാര്യവും അദ്ദേഹം ഓർമിപ്പിച്ചു.

രാജ്യത്തിന്റെ ഭാവി കുട്ടികളിലാണെന്നും അതിനാൽ ഗ്രാമങ്ങളിലെ ദാരിദ്ര്യത്തെക്കുറിച്ചും അവിടത്തെ കുട്ടികളുടെ അവസ്ഥയെക്കുറിച്ചും എല്ലാ കുട്ടികളും മനസ്സിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കിയിരിക്കണം. ലിംഗനീതി വളരെ പ്രധാനമാണെന്നും അത് കുടുംബത്തിൽ നിന്നും കുഞ്ഞുങ്ങളിൽ നിന്നും തുടങ്ങണമെന്നും അദ്ദേഹം എടുത്തുപറഞ്ഞു. 'എല്ലാവർക്കും എന്റെ ശിശുദിനാശംസകൾ' എന്നു മലയാളത്തിൽ പറഞ്ഞാണ് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

ചടങ്ങിൽ ബഹുമാനപ്പെട്ട പട്ടികജാതി- പട്ടികവർഗ നിയമ സാംസ്കാരിക- പാർലമെന്ററി കാര്യ-പിന്നാക്ക ക്ഷേമ വികസന വകുപ്പുമന്ത്രി ശ്രീ എ കെ ബാലൻ അധ്യക്ഷനായിരുന്നു. നെഹ്റു അടക്കമുള്ള നേതാക്കളെ അവരുടെ ചിന്തകളുടെ പേരിലല്ല ഇന്ന് ഓർമിക്കപ്പെടുന്നത്. ജന്മദിനത്തിലും ചരമദിനത്തിലും മാത്രമാണ് നാം ഇന്ന് അവരെ ഓർക്കുന്നത്. എന്നാൽ അതുപോരാ. അവർ ഭാരതത്തിനു നൽകിയ സംഭാവനകളുടെ പേരിലാകണം എന്നും അവർ ഓർമിക്കപ്പെടേണ്ടത്. ഇന്ത്യൻ ജനാധിപത്യത്തിന് അടിത്തറ നൽകിയ നേതാവായിരുന്നു നെഹ്റു. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്ത ദീർഘവീക്ഷണമുള്ള നേതാവ്. വിശ്വവിജ്ഞാനത്തിന്റെ മഹാത്ഭുതങ്ങളാണ് അദ്ദേഹത്തിന്റെ പുസ്തകങ്ങൾ എന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഗാന്ധിജിക്കുശേഷം ഭാരത സംസ്കാരത്തിന്റെ വൈവിധ്യത്തെ ഇത്രയധികം ഉൾക്കൊണ്ട നേതാവ് വേറെയില്ലായെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

സ്വാതന്ത്ര്യസമരസേനാനിയായ ശ്രീ കെ പത്മനാഭപിള്ളയെ ബഹുമാനപ്പെട്ട ഗവർണർ ചടങ്ങിൽ ആദരിച്ചു. ജില്ലയിലെ ഹൈസ്കൂൾ, യു പി വിഭാഗത്തിലെ കുട്ടികൾക്കായി നടത്തിയ ദേശിയോദ്ഗ്രഥന പ്രശ്നോത്തരിയിലെ വിജയികൾക്കുള്ള പുരസ്കാര സമർപ്പണവും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച എട്ട് പുസ്തകങ്ങളുടെ പ്രകാശനവും ബഹുമാനപ്പെട്ട കേരള ഗവർണർ നിർവഹിച്ചു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ, ഭരണസമിതിയംഗം ശ്രീ ജി രാധാകൃഷ്ണൻ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ കെ വി മോഹൻകുമാർ ഐ എ എസ്, തിരുവനന്തപുരം മേജർ അതിരൂപതാ വികാരി ജനറൽ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോർ എപ്പിസ്കോപ്പോ, സെന്റ് മേരീസ് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ജോൺ സി സി പ്രധാന അധ്യാപകൻ എബി എബ്രഹാം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# മഴവില്ലുണ്ടായ കഥ

രാജഗോപാലൻ നാട്ടുകൽ



വര: സുജിത് പി.വി

ഒരുനാളിൽ മാനത്തു കേറുവാനായി ഞാ-
നൊരു കമ്പു വെട്ടിയെടുത്തു വന്നൂ
തൊലിയും കളഞ്ഞതു ചെത്തി മിനുക്കിയി-
ട്ടൊരു നല്ല വെയ്‌ലത്തുണക്കി വച്ചൂ.
വെണ്ണപോലുണ്ടേ മിനുമിനുപ്പയ്യയ്യാ
വെൺചാമരം പോൽ വെളുവെളുപ്പ്!
ഏഴുനിറങ്ങൾ കൊടുത്തു ഞാൻ കമ്പിതിൽ
ആകാശത്തേയ്ക്കുടൻ ചാരിവച്ചൂ.
ഒന്നകലെച്ചെന്നു നോക്കി ഞാൻ നിന്നുപോയ്
കണ്ണഞ്ചിപ്പിക്കുന്ന ചന്തമുണ്ടേ!
പിന്നെ ഹായ് മേലോട്ടു മേലോട്ടു കമ്പിതിൽ
അള്ളിപ്പിടിച്ചു ഞാൻ കേറിയല്ലോ
കമ്പിന്റെയറ്റത്തിരുന്നൂ വിരിവിണ്ണിൽ
കൈവിരലാലൊന്നു തൊട്ടുനോക്കീ.
'ഭൂമിയും വാനവും കീഴടക്കീ' യെന്ന
ബോധം മനസ്സിനെ കീഴടക്കീ.
താഴേക്കു കണ്ണയച്ചീടവേ ഞാൻ കണ്ടൂ
ആഴിത്തിരകൾ തൻ തുള്ളിയാട്ടം!
തോട്ടുവരമ്പിലും കുന്നിലും പൂവുകൾ
പൊട്ടിവിടർന്ന ചിരിത്തിളക്കം!
പെട്ടെന്നു കമ്പു വളയുന്നു, താഴത്തു
മുട്ടുന്നൂ, ഞാൻ മണ്ണിലെത്തിടുന്നൂ!
ചുറ്റിലും കൂടിയോർ ചൂണ്ടിപ്പറയുന്നൂ
'കൂട്ടരേ, കണ്ടോളൂ മാരിവില്ല്!'
ആരാരുമൊന്നുമറിഞ്ഞീലേ, ഞാനാണു
മാരിവില്ലൊന്നിപ്പോൾ തീർത്തു വച്ചൂ!

# ഡെമൊക്ലസിന്റെ വാൾ

എം ഗീതാഞ്ജലി


വര: ടി ആർ രാജേഷ്

സിറാക്കൂസും സിസിലിയും ഭരിച്ചിരുന്ന ഒരു സ്വേച്ഛാധിപതിയായ രാജാവായിരുന്നു ഡൈനിഷ്യസ്. രാജ്യത്തിന്റെയോ ജനങ്ങളുടെയോ ക്ഷേമകാര്യങ്ങളിലൊന്നും അധികം ശ്രദ്ധിക്കാതെ ആഡംബരവും ധൂർത്തുമായി രാജാവ് കഴിഞ്ഞു. അദ്ദേഹത്തിന്റെ ആജ്ഞകൾക്ക് എതിര് നിൽക്കുവാനോ പറയുവാനോ ആരും തന്നെ ധൈര്യപ്പെട്ടില്ല. രാജാവിനെ സ്തുതി പറഞ്ഞും പാടിപ്പുകഴ്ത്തിയും മാത്രമേ എല്ലാവരും സംസാരിച്ചിരുന്നുള്ളു.

ഒരുനാൾ രാജസദസ്സ് കൂടിയ സമയം. രാജാവ് സിംഹാസനത്തിലിരിക്കുന്നു. സദസ്യരെല്ലാം അദ്ദേഹത്തിനു മുന്നിൽ വണങ്ങിയിരിക്കുന്നു. ആ നേരത്ത് സദസ്സിൽ നിന്ന് സ്തുതിപാഠകരിലൊരാളായ ഡെമൊക്ലസ് എഴുന്നേറ്റ് രാജാവിനെ താണുവണങ്ങി. രാജാവ് കാര്യമെന്തെന്നന്വേഷിച്ചു.

“പ്രഭോ, അങ്ങയെ ഞാൻ വണങ്ങുന്നു. അങ്ങ് മഹാഭാഗ്യവാനാണ്.”

“ഭാഗ്യവാനോ? അങ്ങനെ പറയുന്നതെന്തുകൊണ്ട്?” ഡെമൊക്ലസിന്റെ വാക്കുകൾ കേട്ട് രാജാവിന് തമാശ തോന്നി.

“അതെ, പ്രഭോ! അങ്ങ് അധികാരത്തിന്റെയും ശക്തിയുടെയും ഏറ്റവും നെറുകയിൽത്തന്നെ വിരാജിക്കുന്ന മഹാനാണ്. അങ്ങയുടെ ചുറ്റും ഐശ്വര്യവും

അഭിവൃദ്ധിയും മാത്രം. സമ്പത്തുകൊണ്ടും സമൃദ്ധികൊണ്ടും അധികാരബലംകൊണ്ടും അങ്ങ് വളരെ വളരെ ഔന്നത്യത്തിലാണ്. അങ്ങയുടെ ഹൃദയം സന്തോഷവും സമാധാനവും സംതൃപ്തിയും കൊണ്ട് നിറഞ്ഞു തുളുമ്പുകയാണ്. അങ്ങയുടെ രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമം കാണുമ്പോൾ മറ്റൊന്നിനെക്കുറിച്ചും അങ്ങേക്ക് വേവലാതിപ്പെടേണ്ടതില്ല. മഹാഭാഗ്യം ചെയ്ത ജന്മമാണ് അങ്ങയുടേത്.''

ഡെമൊക്ലസിന് പറഞ്ഞിട്ടും പറഞ്ഞിട്ടും മതിയാവുന്നില്ല. രാജാവിനെ എങ്ങനെയെല്ലാം പുകഴ്ത്തേണ്ടു, അങ്ങനെയെല്ലാം ഡെമൊക്ലസ് പറഞ്ഞു കൊണ്ടിരുന്നു.

കേട്ടുകൊണ്ടിരുന്ന ഡൈനിഷ്യസിന് ഉള്ളിൽ ചിരി പൊട്ടി. ഗംഭീരസ്വരത്തിൽ രാജാവ് പറഞ്ഞു.

''ഡെമൊക്ലസ്, ഞാൻ ഭാഗ്യവാനാണ് എന്നാണോ നീ പറഞ്ഞുകൊണ്ടിരിക്കുന്നത്?''

''അതെ പ്രഭോ! സംശയമെന്ത്?''

ഡെമൊക്ലസ് വീണ്ടും രാജാവിനെ വണങ്ങി.

രാജാവ് ഒരു പുഞ്ചിരിയോടെ ചോദിച്ചു.

''ഡെമൊക്ലസ്, ഈ ഭാഗ്യം നിനക്ക് അനുഭവിക്കണമെന്നുണ്ടോ?''

ഡെമൊക്ലസിനും മറ്റു സദസ്യർക്കും രാജാവിന്റെ ചോദ്യത്തിന്റെ പൊരുൾ മനസ്സിലായില്ല.

''ഞാനനുഭവിക്കുന്ന ഈ ഭാഗ്യവും സന്തോഷവും സമാധാനവും ഐശ്വര്യവുമെല്ലാം നിനക്കും അനുഭവിക്കണമെന്നുണ്ടോ?

''പ്രഭോ, ആർക്കാണ് അതിന് ആഗ്രഹമില്ലാതിരിക്കുക?''

''ശരി, ഞാനനുഭവിക്കുന്ന സുഖങ്ങൾ നിനക്കു നേരിട്ടനുഭവിക്കാൻ ഒരു അവസരം ഞാൻ തരാൻ പോകുന്നു. നാളെ ഒരുദിവസം മുഴുവൻ എനിക്ക് പകരം നീ രാജാവാകൂ. എന്റെ സിംഹാസനത്തിൽ നാളെ നീയാണ് ഇരിക്കാൻ പോകുന്നത്.''

ഡെമൊക്ലസിന്റെ പുഞ്ചിരിയെല്ലാം മാഞ്ഞു. മുഖമാകെ പരിഭ്രമവും ആശങ്കയും നിറഞ്ഞു. അപ്പോഴേക്കും 'രാജാവി' ന് കഴിക്കാനുള്ള വിശിഷ്ടമായ ഭോജനങ്ങളും പാനീയങ്ങളും സിംഹാസനത്തിനു മുന്നിലൊരുക്കിയ സ്വർണപീഠത്തിൽ പരിചാരകർ കൊണ്ടുവന്നു വച്ചു. കൊതിയൂറിക്കുന്ന ഭക്ഷണപാനീയങ്ങൾ കണ്ട ഡെമൊക്ലസിന് അതെല്ലാം ഒറ്റയടിക്ക് കഴിക്കാനുള്ള വെമ്പൽ തോന്നി.

രാജാവ് പറഞ്ഞതുകേട്ട് സദസ്യരെല്ലാം അത്ഭുതപ്പെട്ടു. ഇതെന്തുകഥ! ഡെമൊക്ലസാകട്ടെ, വേഗം തന്നെ സമ്മതിച്ചു. ഒരു ദിവസമാണെങ്കിൽ ഒരു ദിവസം. രാജാവിന്റെ ഐശ്വര്യങ്ങൾ എനിക്കും അനുഭവിക്കാമല്ലോ.

അന്ന് സദസ്യരെല്ലാം പിരിഞ്ഞുപോയതിനുശേഷം രാജാവ് ഒരു പരിചാരകനെ വിളിച്ച് സിംഹാസനത്തിനു നേരെ മുകളിലായി ഒരു നീണ്ട മൂർച്ചയുള്ളവാൾ കെട്ടിത്തൂക്കിയിടാൻ നിർദേശം നൽകി. ആ വാൾ നീണ്ട ഒരൊറ്റ കുതിരവാൽ രോമത്തിന്റെ അറ്റത്തായാണ് കെട്ടിത്തൂക്കിയത്.

പിറ്റേന്ന് രാജസദസ്സ് സമ്മേളിച്ച സമയം. തലേന്നു പറഞ്ഞതുപോലെ ഒരു ദിവസത്തേക്ക് സിംഹാസനത്തിലിരുന്ന് രാജ്യം ഭരിക്കാൻ രാജാവ് ഡെമൊക്ലസിനെ ക്ഷണിച്ചു. വളരെ ആകാംക്ഷയോടെ, ഉള്ളിൽ തുള്ളി വരുന്ന ആഹ്ലാദത്തോടെ ഡെമൊക്ലസ് മുന്നോട്ട് വന്ന് സിംഹാസനത്തിലിരുന്നു. രാജാവിനായി സദസ്സിൽ വേറെ ഒരു പ്രത്യേക ഇരിപ്പിടം ഒരുക്കി.

സിംഹാസനത്തിലിരുന്ന് 'പുതിയ' രാജാവ് സന്തോഷത്തോടെ ചുറ്റുംനോക്കി. എല്ലാവരോടും പുഞ്ചിരിച്ചു. പെട്ടെന്നാണ് യാദൃച്ഛികമായി അയാൾ മുകളിലേക്ക് നോക്കിപ്പോയത്. അതാ! ഒരു നീണ്ട മൂർച്ചയേറിയ വാൾ തന്റെ തലയ്ക്കു നേരെ മുകളിൽ തൂങ്ങിക്കിടക്കുന്നു. എപ്പോൾ വേണമെങ്കിലും പൊട്ടിവീഴാം എന്ന നിലയിൽ.

ഡെമൊക്ലസിന്റെ പുഞ്ചിരിയെല്ലാം മാഞ്ഞു. മുഖമാകെ പരിഭ്രമവും ആശങ്കയും നിറഞ്ഞു. അപ്പോഴേക്കും 'രാജാവി' ന് കഴിക്കാനുള്ള വിശിഷ്ടമായ ഭോജനങ്ങളും പാനീയങ്ങളും സിംഹാസനത്തിനു മുന്നിലൊരുക്കിയ സ്വർണപീഠത്തിൽ പരിചാരകർ കൊണ്ടുവന്നു വച്ചു. കൊതിയൂറിക്കുന്ന ഭക്ഷണപാനീയങ്ങൾ കണ്ട ഡെമൊക്ലസിന് അതെല്ലാം ഒറ്റയടിക്ക് കഴിക്കാനുള്ള വെമ്പൽ തോന്നി. എന്നാൽ മുകളിൽ തൂങ്ങിക്കിടക്കുന്ന വാൾ കണ്ടുകൊണ്ട് എങ്ങനെ വല്ലതും കഴിക്കും? ഇളംകാറ്റിൽ വാൾ ആടുന്നുണ്ടോ? കുതിരവാൽരോമംപൊട്ടി എപ്പോൾ വാൾ തന്റെ ഉച്ചിയിൽ വന്നു വീഴും എന്ന ചിന്ത മാത്രമായി അയാൾക്ക്. സദസ്സിലുള്ളവരെയോ രാജാവിനെയോ അദ്ദേഹം പറയുന്ന കാര്യങ്ങളോ ഒന്നും അയാൾക്ക് ശ്രദ്ധിക്കാൻ ആയില്ല. തലയ്ക്കു മുകളിൽ തൂങ്ങിക്കിടക്കുന്ന വാൾ, എപ്പോൾ വേണമെങ്കിലും പൊട്ടി വീഴാം. അതുമാത്രമായി അയാളുടെ മനസ്സിൽ. പരിഭ്രമിച്ച് വിയർത്തു കുളിച്ച് വളരെ അസ്വസ്ഥതയോടെ അയാൾ ഇരുന്നു. കുറച്ചുനേരം അങ്ങനെയിരുന്നു കഴിഞ്ഞപ്പോഴേക്കും

അയാൾക്ക് മതിയായി. ഇരിക്കപ്പൊറുതിയില്ലാതെ അയാൾ ചാടിയെണീറ്റു.

''പ്രഭോ! ഈ സിംഹാസനത്തിൽ നിന്ന് അടിയനെ അടിയന്റെ പഴയസ്ഥാനത്തേക്കു തന്നെ വരാൻ അനുവദിച്ചാലും. സിംഹാസനം അടിയന് ഒട്ടും യോജിക്കില്ല. അങ്ങുതന്നെ ഇതിൽ ആസനസ്ഥനായാലും.'' അയാൾ താഴ്മയോടെ പറഞ്ഞു.

''എന്തുപറ്റി ഡെമൊക്ലസ്? സിംഹാസനത്തിനു ചുറ്റും ഐശ്വര്യവും സമൃദ്ധിയും മാത്രം. അതിലിരിക്കുന്ന ആൾ സംതൃപ്തനും സന്തുഷ്ടനും അതിഭാഗ്യവാനും. അങ്ങനെയല്ലേ നീ പറഞ്ഞിരുന്നത്?''

''വേണ്ട പ്രഭോ! ഈ 'ഭാഗ്യം' അടിയനു വേണ്ട. അടിയനെ ഇവിടുന്ന് എഴുന്നേൽക്കാൻ അനുവദിച്ചാലും.'' ഡെമൊക്ലസ് യാചിച്ചു.


''ഡെമൊക്ലസ്, ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവാൻ അതിലിരുന്ന ഞാനായിരുന്നില്ലേ?''

''അല്ല പ്രഭോ! അടിയന് ഇപ്പോൾ മനസ്സിലായി. വലിയ അധികാരത്തിന്റെയും ഭാഗ്യത്തിന്റെയും കൂടെത്തന്നെ എപ്പോഴും അപകടങ്ങളും ആകാംക്ഷയും അസന്തുഷ്ടിയും ഉണ്ടായിരിക്കും. എപ്പോൾ വേണമെങ്കിലും ആപത്ത് വരാമെന്ന ചിന്ത ഉണ്ടായിരിക്കും. അടിയന് ഈ 'സൗഭാഗ്യം' വേണ്ട പ്രഭോ.''

ഡെമൊക്ലസ് സിംഹാസനം വിട്ട് ഓടിയിറങ്ങി സദസ്സിൽ തന്റെ സ്ഥാനത്തു തന്നെ വന്നിരുന്നു. ഡൈനിഷ്യസ് സിംഹാസനത്തിലും.

ഏതു സമയത്തും ആപത്തോ അപകടമോ ദുർഭാഗ്യമോ വരാമെന്ന ചിന്തയോടെ ഉത്കണ്ഠയും പരിഭ്രമവും വേവലാതിയും മാത്രമായി കഴിയേണ്ടി വരിക എന്ന അവസ്ഥയെയാണ് ''ഡെമൊക്ലസിന്റെ തലയ്ക്കുമുകളിൽ തൂങ്ങുന്ന വാൾ പോലെ'' എന്ന ശൈലി കൊണ്ട് അർഥമാക്കുന്നത്. (A Sword of Democles)

**ഏതു സമയത്തും ആപത്തോ,അപകടമോ ദുർഭാഗ്യമോ വരാമെന്ന ചിന്തയോടെ ഉത്കണ്ഠയും പരിഭ്രമവും വേവലാതിയും മാത്രമായി കഴിയേണ്ടി വരിക എന്ന അവസ്ഥയെയാണ് "ഡെമൊക്ലസിന്റെ തലയ്ക്കുമുകളിൽ തൂങ്ങുന്ന വാൾ പോലെ" എന്ന ശൈലി കൊണ്ട് അർഥമാക്കുന്നത്.**



# കുട്ടന്റെ സ്വപ്നം

രാജു പാമ്പാടി



വര:ആശ ആർ



നാടുവിട്ടു കൊടും കാട്ടിലെത്തി,
കാടു മുഴുവനൊറ്റയ്ക്ക് ചുറ്റി.

തോണിയില്ലാതെ പുഴ കടന്നു,
ഏണിയില്ലാതെ മരം കയറി,

പായലും ചേറും ചെളിയുമുള്ള
കായലെളുപ്പം കുറുകെ നീന്തി,

അന്തിക്കുവേഗം കടൽ കടന്നു,
സുന്ദരചക്രവാളത്തിലെത്തി.

മാനത്തിലോടിക്കരിമേഘത്തെ,
ആനയാക്കീട്ടതിൻ മേലിലേറി,

അമ്പിളിയെക്കളിപ്പന്തു തട്ടി,
തുമ്പിയായ് നക്ഷത്രം ചുറ്റിവന്നൂ

മാരിവില്ലിൻ വർണത്തേരിലേറി,
തോരാമഴയിൽ നനഞ്ഞിറങ്ങി.

വർണക്കനവിന്റെ സ്വപ്നലോകം,
സ്വർണനൂലിൽ കോർത്ത പുഷ്പഹാരം,

കാലത്തെ വെയ്‌ലേറ്റ മഞ്ഞുതുള്ളി
പോലെ മറഞ്ഞു മറഞ്ഞുപോയി.

കുട്ടനുറക്കമുണർന്നുപോയി,
പെട്ടെന്ന് സ്വപ്നങ്ങൾ മാഞ്ഞുപോയീ!

ASIAN GAMES 2018 | Jakarta Palembang





# ജക്കാർത്ത ഏഷ്യൻ ഗെയിംസ്

**സനിൽ പി തോമസ്**

ഏഷ്യയിലെ രാജ്യങ്ങൾക്കായി നാലുവർഷത്തിലൊരിക്കൽ അരങ്ങേറുന്ന കായിക മാമാങ്കമാണ് ഏഷ്യൻ ഗെയിംസ്. ഇന്റർനാഷണൽ ഒളിമ്പിക്സ് കമ്മിറ്റി (ഐ.ഒ.സി.)യുടെ ഭാഗമായ ഒളിമ്പിക്സ് കൗൺസിൽ ഓഫ് ഏഷ്യ (ഒ.സി.എ.)യാണ് ഏഷ്യൻ ഗെയിംസ് സംഘടിപ്പിക്കുന്നത്. ജക്കാർത്തയിൽ നടന്ന 18-ാമത് ഏഷ്യൻ ഗെയിംസിന്റെ വിശേഷങ്ങൾ അറിയാൻ ഈ ലേഖനം വായിക്കൂ...

1951 മാർച്ച് 4. ന്യൂഡൽഹിയിലെ ഇന്ത്യാഗേറ്റിനു സമീപം നാഷണൽസ്റ്റേഡിയം. 'ഏഷ്യയുടെ പ്രഥമ കായികമേള ഡൽഹി എഷ്യൻ ഗെയിംസ് ഉദ്ഘാടനം ചെയ്തതായി ഞാൻ പ്രഖ്യാപിക്കുന്നു.' ഇന്ത്യയുടെ രാഷ്ട്രപതി ഡോ.ബാബു രാജേന്ദ്രപ്രസാദ് പ്രഖ്യാപിച്ചു. ചെങ്കോട്ടയിൽ സൂര്യപ്രകാശത്തിൽ നിന്നു ജ്വലിപ്പിച്ച ദീപശിഖ നാഷണൽ സ്റ്റേഡിയത്തിൽ എത്തി. 1924 ലെ ഒളിംപിക്സിൽ ഇന്ത്യയെ പ്രതിനിധാനംചെയ്ത ബ്രിഗേഡിയർ ദാലിപ്സിങ് സ്റ്റേഡിയത്തിലെ ദീപത്തിൽ നാളം പകർന്നു. 11 രാജ്യങ്ങളിൽ നിന്ന് 489 കായിക താരങ്ങൾ 55 മത്സരങ്ങളിൽ പങ്കെടുത്തു. 24മത്സരങ്ങൾ അത്‌ലറ്റിക്സിൽ ആയിരുന്നു. ജപ്പാൻ 24 സ്വർണവുമായി ഒന്നാമതെത്തി. 15 സ്വർണം നേടി ഇന്ത്യ രണ്ടാം സ്ഥാനത്തും. നാലുവർഷത്തിലൊരിക്കൽ നടത്താൻ നിശ്ചയിക്കപ്പെട്ടെങ്കിലും രണ്ടാം ഗെയിംസ് 1954ൽ മനിലയിൽ നടന്നു. പിന്നെ, നാലു വർഷത്തിലൊരിക്കൽ മുടങ്ങാതെനടന്നു. പതിനെട്ടാമത്തെ ഏഷ്യൻഗെയിംസാണ് ഈയിടെ ഇന്തൊനീഷ്യയിലെ ജക്കാർത്തയിലും പാലംബാങ്ങിലുമായി നടന്നത്. 1982ൽ, മൂന്നാമതൊരിക്കൽ കൂടി ഗെയിംസ്, ഇന്ത്യ സംഘടിപ്പിച്ചു. ഇത്തവണയും ന്യൂഡൽഹിയായിരുന്നുവേദി.

ഫോട്ടോ: Wikimedia Commons


## ഏഷ്യൻഗെയിംസിന്റെ പിതാവ്

ഒളിംപിക്സിന്റെ ചുവടുപിടിച്ച് 1913 മനിലയിൽ 'ഓറിയന്റൽ ഒളിംപിക്ഗെയിംസും' പിന്നീട് 'ഫാർ ഈസ്റ്റേൺ ചാംപ്യൻഷിപ് ഗെയിംസും' നടന്നു. 1934ൽ ഡൽഹിയിൽ 'വെസ്റ്റേൺ ഏഷ്യാറ്റിക് ഗെയിംസ്' അരങ്ങേറി. പ്രൊഫ. ഗുരു ദത്ത് സൊന്ദിയായിരുന്നു സംഘാടകൻ. വെല്ലിംഗ്ടൺപ്രഭുവും മഹാരാജാ യാദവേന്ദ്ര സിങ്ങും സഹായിച്ചു. ലാഹോറിലെ സർക്കാർ കോളജിൽ കായികവകുപ്പു മേധാവിയായിരുന്ന സോന്ദിക്ക് പ്രധാനമന്ത്രി നെഹ്റുവിന്റെ പിന്തു ണ കിട്ടിയതോടെ 'ഏഷ്യയുടെ കായികമേള എന്ന ആശയം വീണ്ടും ഉയർന്നു. 1947ൽ ഏഷ്യൻ റിലേഷൻസ് കോൺഫറൻസ് നടന്നപ്പോൾ പ്രൊഫ.സോന്ദി തന്റെ ആശയങ്ങൾ അവതരിപ്പിച്ചു. ഏഷ്യാറ്റിക് ഗെയിംസിന് 'ഏഷ്യൻ ഗെയിംസ്' എന്നുപേരിട്ടത് പണ്ഡിറ്റ് നെഹ്റുവാണ്. 1950ൽ നടത്തുവാൻ നിശ്ചയിക്കപ്പെട്ട മേള ഒരു വർഷം വൈകി അരങ്ങേറി. പ്രൊഫ. സോന്ദിയുടെ കഠിനാധ്വാനത്തിന്റെ ഫലം. എന്നും മുന്നോട്ട് എന്നതായി ഏഷ്യൻഗെയിംസ് ഫെഡറേഷന്റെ മുദ്രാവാക്യം. ഇപ്പോൾ ഒളിംപിക് കൗൺസിൽ ഓഫ്ഏഷ്യയാണ് ഏഷ്യൻ ഗെയിംസ് നയിക്കുന്നത്. ഒ.സി.എ.യിൽ ഇപ്പോൾ 45 രാജ്യങ്ങൾ അംഗങ്ങളായുണ്ട്.

എഷ്യൻ ഗെയിംസിൽ ഒരു 'ഭാഗ്യചിഹ്നം' ഉണ്ടായിരിക്കും. ചിലപ്പോൾ ഒന്നിൽ കൂടുതലും. മലയാളികൾ എന്നുമോർക്കുന്ന 'ഭാഗ്യചിഹ്നം അപ്പു എന്ന ആനക്കുട്ടിയുടേതാണ്. 1982ലെ ഭാഗ്യചിഹ്നമായിരുന്നു അപ്പു. ഈ ആനക്കുട്ടിയെ എത്തിച്ചത് കേരളമായിരുന്നു.


ഹാരി കെയിൻ

സ്വപ്ന ബർമൻ


അപ്പു എന്ന ആനക്കുട്ടി

## ജക്കാർത്ത ഏഷ്യൻ ഗെയിംസ്

പതിവുപോലെ ചൈന മെഡൽ പട്ടികയിൽ ഒന്നാമതെത്തി. കൊറിയയെ മറികടന്ന് ജപ്പാൻ രണ്ടാംസ്ഥാനത്ത് എത്തി എന്നതാണ് പ്രത്യേകത. 15 സ്വർണവും 24 വെള്ളിയും 30 വെങ്കലവും ചേർന്ന് 69 മെഡൽനേടി ഇന്ത്യ ഗെയിംസ് ചരിത്രത്തിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചു.

ഇന്ത്യൻവിജയങ്ങളിൽ ഗ്രാമീണതാരങ്ങൾ നിർണായക പങ്കുവഹിച്ചു എന്ന പ്രത്യേകതയുണ്ട്. സ്വർണം നേടിയവരിൽ ഷൂട്ടിങ്താരം 16 വയസ് മാത്രമുള്ള സൗരഭ്ചൗധരി മുതൽ ബ്രിജ്താരം 60 വയസുകാരൻ പ്രണബ്ബർദൻ വരെയുണ്ടായിരുന്നു. കുട്ടിത്തം വിട്ടുമാറാത്ത സൗരഭ് തോൽപ്പിച്ചത് ലോകചാംപ്യനെയാണ്. അമിത്പംഗൽ എന്ന ബോക്സർക്ക് 22 വയസ്സു മാത്രം. തോൽപിച്ചത് ലോക ഒന്നാംനമ്പർ താരത്തെ. അതുപോലെ ഗ്രാമങ്ങളിൽ, കഷ്ടതകൾ അറിഞ്ഞുവളർന്ന സാധാരണക്കാരായ കളിക്കാരാണ് പല ഇനങ്ങളിലും ഇന്ത്യയുടെ അഭിമാനതാരങ്ങളായത്. അർപ്പണബോധവും കഠിനപ്രയത്നവും ഉണ്ടായാൽ ഏതു രംഗത്തും വിജയിക്കാം എന്നുതെളിയുന്നു.

ഹെപ്റ്റത്‌ലനിൽ സ്വർണംനേടി സ്വപ്ന ബർമൻ ബംഗാളിലെ ഗ്രാമത്തിൽ നിന്നുമുള്ളതാണ്. രണ്ടു കാലിലും ആറു വിരലുകൾ വീതമുള്ളതിനാൽ ഷൂസിനുള്ളിൽ വിരലുകൾ ഞെരിയും. ഈവേദനയ്ക്കു പുറമെ കനത്ത പല്ലുവേദനയും സഹിച്ചാണ് സ്വപ്ന ഹെപ്റ്റത്‌ലനിൽ മത്സരിച്ചു ജയിച്ചത്. ഒറീസയുടെ ദുത്തിചന്ദ് മറ്റൊരു ഗ്രാമീണ താരമാണ്. അസമിലെ ഹിമാദാസിന്റെ കഥയും വ്യത്യസ്തമല്ല. മലയാളിതാരങ്ങളിൽ സ്വർണം നേടിയ ജിൻസൻ ജോൺസൺ, വിസ്മയ; മറ്റു മെഡൽ ജേതാക്കളായ മുഹമ്മദ് അനസ്, വി.നീന, പി.യു.

ചിത്ര തുടങ്ങിയവരൊക്കെ ഗ്രാമങ്ങളിൽ കഷ്ടപ്പാടുകളിലൂടെ വളർന്നവരാണ്.

ജക്കാർത്ത ഏഷ്യൻ ഗെയിംസിലെ ഏറ്റവും മൂല്യമുള്ള താരമായത് ജപ്പാന്റെ റിക്കാക്കോ ഇക്കിയാണ്. ആറു സ്വർണവും രണ്ടു വെള്ളിയും നേടിയ ഈ നീന്തൽ താരം കോളജ് വിദ്യാർഥിയാണ്. പ്രായം 18.

ഷൂട്ടിങ്ങിൽ സ്വർണം നേടിയ ഇന്ത്യയുടെ സൗരഭ് ചൗധരിക്കു 16 വയസ് എന്നു പറഞ്ഞല്ലോ. വെള്ളി നേടിയ ശാർദുൽ വിഹാനു പ്രായം 15. ഒൻപതാം ക്ലാസ് വിദ്യാർഥിയാണ്. അമ്പെയ്ത്തിൽ വെള്ളി കിട്ടിയ മുസ്കൻ കരാറിന് 18 വയസ്. പ്രായത്തെ വെല്ലുന്ന പക്വതയാണ് പ്രശസ്തരും പ്രഗൽഭരുമായ എതിരാളികളെ നേരിട്ടപ്പോൾ നമ്മുടെ കൗമാരതാരങ്ങൾ കാഴ്ചവച്ചത്.


## അട്ടിമറികളും അദ്ഭുതങ്ങളും

എത്ര പ്രശസ്തരും പ്രഗത്ഭരുമായാലും ചിലപ്പോൾ അടിതെറ്റും. ഗുസ്തിയിൽ ഒളിംപിക് മെഡൽ ജേതാക്കളായ സുശീൽ കുമാറിനും സാക്ഷി മാലിക്കിനും ചുവടുപിഴച്ചു. ബോക്സിങ്ങിൽ വികാസ് കൃഷ്ണനു പരുക്കുമൂലം സെമിയിൽ മത്സരിക്കാതെ പിൻവാങ്ങേണ്ടി വന്നു. ഇതേസമയം സ്ക്വാഷിൽ നമ്മുടെ ജോഷ്ന ചിന്നപ്പ തോൽപ്പിച്ചത് മുൻ ലോക ഒന്നാം നമ്പറുകാരി, പല തവണ ലോകചാമ്പ്യനായിട്ടുള്ള മലേഷ്യൻതാരം നിക്കോൾ ഡേവിഡിനെയാണ്. ഒരു ചാമ്പ്യന്റെ കളി പുറത്തെടുത്തിട്ടാണ് നിക്കോൾ കീഴടങ്ങിയത്. തുടക്കത്തിൽ നല്ല എതിരാളികൾ ഇല്ലാതെ ജയിച്ചുകയറുന്നതും നല്ലതല്ല. അതാണ് മലയാളിയായ ശ്രീജേഷ് നയിച്ച ഇന്ത്യൻ ഹോക്കിടീമിനു പറ്റിയത്. ദുർബലരായ എതിരാളികൾക്കെതിരെ ഗോൾ അടിച്ചു കൂട്ടുന്നതിലും നല്ലത് ശക്തരെ ചെറിയ മാർജിനു തോൽപിക്കുന്നതാണ്. അമിതപ്രതീക്ഷയും നല്ലതല്ല എന്നതിനു തെളിവാണ് കബഡിയിൽ ഇന്ത്യയുടെ പുരുഷ, വനിതാടീമുകൾ ഇറാനോട് ഏറ്റുവാങ്ങിയ തോൽവി. ഇതിനു മുൻപ് ഒരിക്കലും തോറ്റിട്ടില്ല എന്നതാണ് ഇന്ത്യയ്ക്കു ശാപമായത്. മലയാളികൾക്ക് അഭിമാനനേട്ടമുണ്ടാക്കിയത് 1500 മീറ്റർ ജയിച്ച ജിൻസനാണ്. 800 മീറ്ററിൽ മൻജിത്ത്സിങ് അപ്രതീക്ഷിതമായി മുന്നിലെത്തിയതിന്റെ കാരണം അറിഞ്ഞാണ് ജിൻസൻ 1500 മീറ്റർ ഓടിയത്. സീനിയർതലത്തിൽ ഒരു മത്സരത്തിലും പങ്കെടുക്കാതെയാണ് വി കെ വിസ്മയ 4 x 400 മീറ്റർ റിലേ ഓടിയത്. അന്തർസർവകലാശാലാ മീറ്റിലെ മികവാണ് വിസ്മയയെ ഇന്ത്യൻ ക്യാംപിൽ എത്തിച്ചത്. പ്രതിഭ തിരിച്ചറിയാൻ അധികം സമയം വേണ്ട എന്നാണ് വിസ്മയയുടെ സ്വർണനേട്ടം നമ്മെ പഠിപ്പിക്കുന്നത്. പി യു ചിത്ര 1500 മീറ്ററിൽ നേടിയ വെങ്കലത്തിന് സ്വർണത്തേക്കാൾ തിളക്കമുണ്ട്. ചിത്ര കടന്നുവന്ന വഴികളും നേരിട്ട പ്രതിബന്ധങ്ങളും കേരളത്തിൽ എല്ലാവർക്കും അറിയാം. കോഴിക്കോട്ടെ ചക്കിട്ടപാറയിൽ നിന്ന് ജിൻസനും കൊല്ലത്തെ നിലമേലിൽ നിന്ന് അനസും പാലക്കാട്ടെ മുണ്ടൂരിൽ നിന്ന് ചിത്രയുമൊക്കെ വളർന്നുവലുതായത് പുതിയതലമുറയ്ക്ക് പാഠമാകട്ടെ.



ഫോട്ടോ: Wikimedia Commons
ജിൻസൺ ജോൺസൺ


ഫോട്ടോ: Wikimedia Commons
പി യു ചിത്ര




വര:ആശ ആർ



# ഒരു സ്വപ്നം

ജോസ് ഗോതുരുത്ത്

ഉണ്ണിക്കുട്ടൻ സ്വപ്നം കണ്ടു
കുഞ്ഞിച്ചിറകു മുളച്ചെന്ന്.
ചിറകുകൾ രണ്ടും വീശിക്കൊണ്ടേ
മാനത്തേക്കു പറന്നെന്ന്.
മാനത്തേക്കു പറന്നിട്ടോരോ
മുകിലിൻ മുകളിലിരുന്നെന്ന്.
മുകിലിൻ മുകളിലിരുന്നപ്പോഴോ
മാനക്കാഴ്ചകൾ കണ്ടെന്ന്.
മാനക്കാഴ്ചകൾ കാണുംനേരം
മാരുതനോടിയണഞ്ഞെന്ന്.
മാരുതനൊത്തു നടന്നപ്പോഴോ
മാമല മുതുകിലിറങ്ങീന്ന്.
മാമലമുതുകിലിരുന്നപ്പോഴോ
മാരിപൊഴിഞ്ഞു നനഞ്ഞെന്ന്.
മാരിപ്പെയ്ത്തുകഴിഞ്ഞപ്പോഴോ
ആറായൊഴുകിപ്പോയെന്ന്.
ആറായൊഴുകിപ്പാഞ്ഞപ്പോഴോ
ആഴക്കടലിൽച്ചെന്നെന്ന്!

# മഹാഭാരതം

**സുഗതകുമാരി**

95



## ഭീമവിക്രമം

സഞ്ജയൻ തുടർന്നു. ‘മഹാരാജൻ, ഇതാ ഇന്ന് പടതുടങ്ങി നാലാംദിവസം. രക്തം പുരണ്ടപോലെ സൂര്യനുദിച്ചപ്പോൾ ഇരുസൈന്യവും വർധിതവീര്യന്മാരായി പടയ്ക്കിറങ്ങി. വ്യാളരൂപത്തിൽ വ്യൂഹംചമച്ച പാണ്ഡവസേനയ്ക്കു മുന്നിൽ കപിധ്വജം പറക്കുന്നതും ശ്രീകൃഷ്ണഭഗവാൻ തെളിക്കുന്നതുമായ മഹാരഥം ഉയർന്നു വിളങ്ങി. ഭേരികൾ മുഴങ്ങി. അന്നത്തെ ഉഗ്രയുദ്ധത്തിൽ സുഭദ്രാനന്ദനനായ അഭിമന്യുവത്രേ മികച്ചുനിന്ന വീരൻ. സിംഹക്കുട്ടിയെപ്പോലെ വിക്രമിയായ അഭിമന്യു കൗരവസേനയിലെ ഇരുപത്തയ്യായിരംപേർ വളഞ്ഞെതിർത്തിട്ടും കുലുങ്ങാതെനിന്നു പൊരുതുന്നതുകണ്ട് ധൃഷ്ടദ്യുമ്നൻ പടയോടെ അവന് തുണനിന്നു. വാളും പരിചയുമെടുത്ത് പോരാടുന്ന വീരയോദ്ധാക്കൾ തലയറ്റും കൈയറ്റുവീണും പിടയുകയായി. തന്റെ നേർക്ക് ബാണവർഷം ചൊരിയുന്ന ശല്യരെ തടുത്തുനിർത്തി പോരാടവേ ധൃഷ്ടദ്യുമ്നൻ ശല്യാസ്ത്രങ്ങളേറ്റു വലയുന്നതുകണ്ട അഭിമന്യു അവിടേക്കു കുതിച്ചെത്തി കൂരമ്പുകളാൽ ശല്യരെ എയ്തുമുറിച്ചു.

ധൃതരാഷ്ട്രർ ചോദിച്ചു. ‘സഞ്ജയ, എന്റെ പുത്രന്മാർ തോൽക്കുകയാണോ? പാണ്ഡവരെ വീഴ്ത്താൻ ഒരു വഴിയും കാണുന്നില്ലേ?‘ സഞ്ജയൻ പറഞ്ഞു. ‘മഹാരാജാവേ, അങ്ങയുടെ ദുർന്നയത്താൽ ഈവിധം മനുഷ്യക്ഷയവും തേരുകൾ, കുതിരകൾ, ആനകൾ ഇവയുടെ ക്ഷയവും സംഭവിച്ചു. കേട്ടാലും. ശല്യരെ ചുഴന്നുനിന്ന് ദുര്യോധനൻ, ദുശ്ശാസനൻ, ദുർമുഖൻ തുടങ്ങി പത്തുനായകന്മാർ പോർചെയ്തപ്പോൾ ഭീമനും ധൃഷ്ടദ്യുമ്നനും നകുലസഹദേവന്മാരുമൊന്നിച്ച് അവരെ നേരിട്ടു. ദുര്യോധനനെ അരികത്തുകണ്ട ഭീമൻ ക്രോധത്താൽ ജ്വലിച്ച് പെരുംഗദ കൈക്കൊണ്ട് മലപോലെ പാഞ്ഞെത്തി. ആ വരവുകണ്ട് ദുര്യോധനനും അനുജന്മാരും പേടിച്ചു പിൻവാങ്ങി പകരം ആനപ്പടയെ മുന്നോട്ടോടിച്ചു. സിംഹത്തെപ്പോലെ അലറിക്കൊണ്ട് ഭീമകർമാവായ ഭീമസേനൻ മുന്നോട്ടു കുതിച്ചുചാടി ആനകളെ തച്ചുകൊന്നൊടുക്കിക്കൊണ്ടു കൊടുങ്കാറ്റുപോലെ ചുറ്റിത്തിരിഞ്ഞു. ഭീമഗദാഘാതമേറ്റ ആനകൾ കുന്നുകൾപോലെ മറിഞ്ഞുവീണു. അലറി, പിണ്ടമിട്ടുകൊണ്ട് തിരിഞ്ഞോടുന്ന ആനപ്പട, സൈന്യത്തെ ചവിട്ടിയരച്ചു. ആനപ്പടയെ മുകളിലിരിക്കുന്ന പടയാളികളോടൊപ്പം കൊന്നുകൊന്നൊടുക്കിയ ഭീമന്റെ കൂറ്റൻ ഗദ കടുംചോരയിൽ മുങ്ങി ചോപ്പുനിറത്തിൽ ഉയർന്നു താഴുന്നതു കണ്ട ഭടജനങ്ങൾ പേടിച്ചരണ്ടു. കൊടുങ്കാറ്റിൽപ്പെട്ട കാർമേഘങ്ങൾപോലെ കൗരവന്മാരുടെ ആനപ്പട ചിതറിയോടി മറഞ്ഞു. അതുകണ്ട ദുര്യോധനൻ തന്റെ വീരന്മാരായ സഹോദരന്മാരെ സേനാനികളോടൊപ്പം കൂട്ടമായി ഭീമനെ വധിക്കാൻ പറഞ്ഞുവിട്ടു. ഭീമഗദാഘാതത്താൽ ദുര്യോധന സഹോദരന്മാർ വീണു മരിച്ചുതുടങ്ങി. വാളാൽ



വെട്ടിയും അമ്പെയ്തൊടുക്കിയും പാണ്ഡവർ അവരുടെ സേനയെയും കൊന്നൊടുക്കിയപ്പോൾ കഠിനകോപംപൂണ്ട ദുര്യോധനൻ തേരേറിയെത്തി ഭീമന്റെ മാറിൽത്തന്നെ മൂന്നമ്പുകൾ എയ്തുതറപ്പിച്ചു. ഒരുനിമിഷം ബോധമറ്റ് തേരിൽ ഇരുന്നുപോയ ഭീമൻ വീണ്ടും ചാടിയെണീറ്റ് ദുര്യോധനനെയും സഹോദരരെയും അലറിക്കൊണ്ട് അമ്പെയ്തു മുറിപ്പെടുത്താൻ തുടങ്ങി. മഹായോദ്ധാക്കളും സേനാപതികളും വീണൊടുങ്ങി. ഭീമന്റെ അലർച്ചയും ആക്രമണവും കണ്ട് 'അവനെ തടയുവിൻ!' എന്ന് ഭീഷ്മർ ഗർജിച്ചു. ഭീമവിക്രമം പൊറുക്കാനാവാതെ മഹാശക്തനായ ഭഗദത്തൻ തന്റെ മദിച്ച കൂറ്റൻ കൊമ്പനാനപ്പുറത്തേറി പാഞ്ഞടുത്തു. ഭഗദത്തനെ ബാണങ്ങൾകൊണ്ടു തടുക്കാൻ പാണ്ഡവപക്ഷക്കാർക്കായില്ല. കാലനെപ്പോലെ ഭീഷണനായ ആ മഹാഗജം ഇരട്ടിവേഗത്തിൽ കാൽച്ചവിട്ടാൽ ഭൂമി കുലുക്കിക്കൊണ്ടു മുന്നേറി. അവന്റെ പുറത്തിരുന്ന ഭഗദത്തൻ അയച്ച മൊട്ടമ്പുകൾ ഭീമന്റെ നെഞ്ചത്തു തറച്ചു. അതുകണ്ട ഘടോൽക്കചൻ അലറിക്കൊണ്ട് കൂട്ടാളികളായ രാക്ഷസരുമൊത്ത് മൂന്നാനപ്പുറങ്ങളിലേറി ഭഗദത്തനൃപനെ നേരിട്ടു. ആനകൾ തമ്മിൽ ഇടഞ്ഞ ഘോരശബ്ദംകേട്ട് യുദ്ധക്കളത്തിൽ മറ്റൊരിടത്തു പടവെട്ടി നിൽക്കുന്ന ഭീഷ്മർ പറഞ്ഞു. 'അതാ ഭഗദത്തന്റെ ആനയുടെ അലർച്ച കേൾക്കുന്നു. വേഗം പോകുവിൻ. അവനെ രക്ഷിക്കുവിൻ!' ദ്രോണരെ മുൻനിർത്തി കൗരവസേനാപതികൾ ഭീമന്റെ നേർക്കടുക്കുന്നത് കണ്ട് ധർമപുത്രരും പാഞ്ചാലരും പാണ്ഡവരും അവരെ എതിരിടാൻ മുന്നോട്ടുനീങ്ങി. യുദ്ധം അതിഭയങ്കരമായി. ഭീഷ്മർ പറഞ്ഞു. 'ഘടോൽക്കചന്റെ രാക്ഷസയുദ്ധം നമുക്ക് താങ്ങാനാവുന്നില്ല. സേനാപതികളേ, സന്ധ്യയാകാറായി. പിൻവാങ്ങുവിൻ.' തന്റെ സഹോദരന്മാരിൽ പലരുടെയും മരണത്താൽ മനംനൊന്ത് കണ്ണീരൊഴുക്കിക്കൊണ്ട് ദുര്യോധനൻ കൈനിലയിലേക്കു മടങ്ങി.

മക്കളിൽ പലരും മരിക്കുന്നതും ബൃഹത്തായ കുരുസൈന്യം നശിക്കുന്നതും അറിഞ്ഞ് അതീവ ദു:ഖിതനായ ധൃതരാഷ്ട്രർ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് പിതാമഹനോടു ചോദിച്ചു. ഭീഷ്മർ പറഞ്ഞു. ''മകനേ, പാണ്ഡവർക്കു തുണയായി നിൽക്കുന്നത് സാക്ഷാൽ നാരായണനാണെന്ന് നൂറുവട്ടം ഞാൻ നിന്നോടു പറഞ്ഞതല്ലേ? ഭഗവാൻ തേരാളിയായുള്ള വിജയനെ ജയിക്കുവാൻ ആർക്കാണ് സാധിക്കുക? ഒരിക്കൽക്കൂടി ഞാൻ അഭ്യർഥിക്കുകയാണ്. മതിയാക്കുക ഈ പാഴ്ക്കൊലകൾ. നരനാരായണന്മാരായ അവരുമായി സന്ധിയുണ്ടാക്കുക. അതുമാത്രമേ രക്ഷ!'' ഇത്രയുംപറഞ്ഞ് ഭീഷ്മർ മൗനംപൂണ്ടു. ദു:ഖിതനും ഭീതനുമായ ധൃതരാഷ്ട്രർ തന്റെ ശയനമുറിയിലേക്കും പോയി. അസ്വസ്ഥമായ ആ രാത്രി അങ്ങനെ കടന്നുപോയി.

ഭീകരമായ ഈ മഹായുദ്ധം ഈ വിധത്തിൽ ദിവസങ്ങളോളം തുടർന്നു. എല്ലാ സൂര്യോദയത്തിലും മകരമത്സ്യരൂപത്തിലും പരുന്തിന്റെ രൂപത്തിലും മണ്ഡലാകൃതിയിലും വജ്രാകൃതിയിലും മറ്റ് വിചിത്രരൂപങ്ങളിലും വ്യൂഹങ്ങൾ നിർമിതമായി. എല്ലാ ദിവസവും കൗരവ പാണ്ഡവ സേനകൾ തമ്മിൽ കഠിനയുദ്ധം നടന്നു. വീരന്മാർ ആയിരക്കണക്കിന് മരിച്ചുവീണു. കുന്നുകൾപോലെ മറിഞ്ഞുവീണു കിടക്കുന്ന ആനകളും ചത്തുമലച്ച കുതിരകളും കബന്ധങ്ങളും നിറഞ്ഞ, ചോരപ്പുഴ കൈവഴികളായൊലിക്കുന്ന കുരുക്ഷേത്രഭൂമിയിൽ മൃത്യുഭയമെന്യേ യോദ്ധാക്കൾ പോരാട്ടം തുടർന്നു. ഓരോദിവസവും ഭീഷ്മദ്രോണാദികളും ദുര്യോധനനും ദുശ്ശാസനനും അശ്വത്ഥാമാവും കൃപരും ഒരുഭാഗത്തും കൃഷ്ണൻ സാരഥ്യംവഹിക്കുന്ന പൊന്നിൻതേരിൽ അർജുനാദി പാണ്ഡവന്മാരും അഭിമന്യുവും സാത്യകിയും പാഞ്ചാലനും ധൃഷ്ടദ്യുമ്നനും ഘടോൽക്കചനും ശിഖണ്ഡിയും മറുഭാഗത്തുംനിന്ന് തുല്യവൈഭവത്തോടെ ശസ്ത്രാസ്ത്രങ്ങൾ പ്രയോഗിച്ചു. പരസ്പരം വധോദ്യുക്തരായ അവരുടെ സിംഹനാദങ്ങളാലും ഞാണൊലികളാലും നാലുദിക്കും മാറ്റൊലിക്കൊണ്ടു. (തുടരും)



# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## മഴയോടൊപ്പം

മഴക്കെന്തൊരു അഴകാണ്!
അമ്മയുടെ വിടർന്ന ചിരിപോലെ,
പൂനിലാവു പോലെ,
പാൽനുര പോലെ...



മഴക്കെന്തൊരു കുറുമ്പാണ്!
കുപ്പിവള തല്ലിയുടയ്ക്കും
ചേച്ചിയെപ്പോലെ,
പമ്മിപ്പമ്മി പാലു കുടിക്കും
കുറുഞ്ഞിയെപ്പോലെ...

മഴക്കെന്തൊരു ദേഷ്യമാണ്!
തെറ്റുകൾ കണ്ടാൽ
തുള്ളി വിറയ്ക്കും അച്ഛനെപ്പോലെ,
ഗൃഹപാഠം ചെയ്യാതെത്തും
കുട്ടിയെ നോക്കും മാഷിനെപ്പോലെ...

മഴക്കെന്തൊരു സ്നേഹമാണ്!
ഉണ്ണിയെ ചേർത്തുപിടിച്ച്
കഥകൾ പറയും മുത്തശ്ശിയെപ്പോലെ,
ഉണ്ണിക്കവിളിൽ തലോടി,
മധുരം നൽകും മുത്തശ്ശനെപ്പോലെ,
പിണങ്ങാതങ്ങനെ ചേർന്നിരിക്കും
മണ്ണിനെപ്പോലെ...



വര: ഗോപു പട്ടിത്തറ

**അലിഡ കെ എം,**
**ക്ലാസ് 4, ജി വി എച്ച് എസ് എസ്**
**കാരാകുറുശ്ശി**

# വര




**ഷാനിയ എസ് എൽസ. ക്ലാസ് 7, വി എൻ എസ് എസ് എസ് എൻ ട്രസ്റ്റ് സെൻട്രൽസ്കൂൾ, ചേർത്തല, ആലപ്പുഴ**

# എന്റെ പൂച്ചക്കുഞ്ഞ്



ദൈവം തന്നൊരു കുഞ്ഞ്
മേഘം പോലുള്ള കുഞ്ഞ്
സ്നേഹമുള്ളൊരു കുഞ്ഞ്
ചന്തമുള്ളൊരു കുഞ്ഞ്

ദൈവം തന്നൊരു കുഞ്ഞ്
അമ്പിളിപോലുള്ള കുഞ്ഞ്
ശ്യാമിനിയുടെ കുഞ്ഞ്
വെളുത്ത പൂച്ചക്കുഞ്ഞ്.

**ഗ്രിൻഷ ഗിരീഷ്, ക്ലാസ്: 2,**
**അമലോത്ഭവ എൽ പി സ്കൂൾ,**
**പുളിങ്കുന്ന്, ആലപ്പുഴ**

# കത്ത്

**ഷീജ എസ്, ക്ലാസ്: 7 ബി,**
**പി കെ എം എ യു പി എസ്,**
**ചിറ്റിലംഞ്ചേരി പി ഒ, പാലക്കാട്**

പ്രിയപ്പെട്ട അമ്മയ്ക്ക്,

അമ്മയ്ക്കു സുഖമാണെന്നു ഞാൻ വിചാരിക്കുന്നു. അമ്മേ... ഇന്നലെ ഞാൻ സ്കൂളിൽനിന്ന് വൃദ്ധസദനത്തിലേക്കു പോകുകയുണ്ടായി. അവിടെവച്ച് ഒരുപാട് പാവം മുത്തശ്ശിമാരെ ഞാൻ കണ്ടുമുട്ടി. ബുദ്ധിപോലും നഷ്ടപ്പെട്ട അമ്മമാരെ ഞാനവിടെ കണ്ടു. അവരുടെ ദയനീയമായ മുഖം കണ്ടപ്പോൾ ശരിക്കും അവരോട് സഹതാപം തോന്നി. ഞങ്ങളവർക്ക് ഒരുപാട് സമ്മാനം കൊടുത്തു. വസ്ത്രങ്ങളും മറ്റു സാധനങ്ങളും എന്റെ പക്കലുണ്ടായിരുന്നു. ഞാനത് മേരിക്കുട്ടി എന്ന അമ്മച്ചിക്കാണ് കൊടുത്തത്. ഞാനത് കൊടുത്തതും എന്റെ കൈയിൽപ്പിടിച്ച് അവർ കരഞ്ഞുകൊണ്ട് ചോദിച്ചു. ''എന്താ കൊച്ചിന്റെ പേരെന്ന്?'' ഞാൻ വൈഗ എന്നു പറഞ്ഞു. ഞാനവരോട് മിണ്ടിയപ്പോൾ അവരുടെ മുഖത്തെ സന്തോഷം; അമ്മ അതൊന്നു കാണണമായിരുന്നു. ആ തേജസ്സാർന്ന മുഖത്ത് ഞാൻ ഒരുപാട് നേരം നോക്കിയിരുന്നു. ഓരോ മുത്തശ്ശിയും അവരുടെ ഓരോ വിശേഷവും കുട്ടികളോടായി പറയുന്നത് ഞാൻ കേട്ടു. അവർ അവരുടെ കുടുംബത്തിലുണ്ടായിരുന്നപ്പോൾ അനുഭവിച്ച സുഖവും സന്തോഷവും പേടിയും അവരുടെ അന്നേരത്തെ അവസ്ഥപോലും അവർ എല്ലാവരോടും പങ്കുവയ്ക്കുന്നുണ്ട്. എനിക്ക് ശരിക്കും ആശ്ചര്യം തോന്നി. മേരിക്കുട്ടി എന്ന അമ്മച്ചി എന്നോട് പറഞ്ഞത് തന്റെ കുടുംബത്തെപ്പറ്റിയായിരുന്നു. ഇവിടെ ഉപേക്ഷിച്ചിട്ടു പോയിട്ടും അമ്മച്ചിക്ക് അവരോടുള്ള സ്നേഹം മാറിയിട്ടില്ല എന്ന് ഓർത്തപ്പോൾ എനിക്ക് അവരോടാണ് ദേഷ്യം തോന്നിയത്. അമ്മച്ചി തന്റെ കുടുംബകാര്യം പറയുന്നയിടയിൽ തന്റെ കൊച്ചുമകളെപ്പറ്റി പറയുന്നത് ഞാൻ കേട്ടു. ആ മകളെപ്പറ്റി പറയുമ്പോൾ അവരുടെ മുഖത്ത് എന്തെന്നില്ലാത്ത സന്തോഷം വിടരുന്നുണ്ടായിരുന്നു. മേരിക്കുട്ടിഅമ്മച്ചി പറഞ്ഞു: ''നിങ്ങളെപ്പോലുള്ള കൊച്ചുങ്ങളെ കാണുമ്പോൾ എനിക്ക് എന്റെ കൊച്ചുമകളെ ഓർമ വരും.'' അങ്ങനെ ഒരുപാട് കാര്യങ്ങൾ അവർ എന്നോടായി പറഞ്ഞു. അവസാനം ഞാനൊരു കാര്യം അമ്മച്ചിയോട് ചോദിക്കാൻ പറ്റുമോ എന്നറിയാതെ പതുക്കെ ചോദിച്ചു. ''പിന്നെന്തിനാ അമ്മച്ചിയെ അവർ ഇവിടെ കൊണ്ടാക്കിയത്?'' അമ്മച്ചിയുടെ കണ്ണുകൾ പൊടുന്നനെ നിറഞ്ഞു. അവർ ഒന്നും എന്നോട് പറഞ്ഞില്ല. എന്തോ ആലോചിച്ചിരിക്കുന്നത് മാത്രമേ കണ്ടൊള്ളൂ. അപ്പോഴേക്കും ടീച്ചർ എല്ലാവരെയും വിളിച്ചു. ആ ചോദ്യത്തിന് ഉത്തരം കിട്ടാതെ ഞാനവിടെ നിന്നും എഴുന്നേറ്റു. വേഗം ടീച്ചറുടെ അടുത്തേക്കോടി. നമുക്ക് പോകാനുള്ള സമയമായെന്ന് ടീച്ചർ പറഞ്ഞു. ഞങ്ങളെല്ലാവരും വരിവരിയായി എല്ലാ മുത്തശ്ശിമാരോടും യാത്ര പറഞ്ഞു. നിഷ്കളങ്കതയും കാരുണ്യവും ഉൾക്കൊള്ളുന്ന മുഖങ്ങളെ മാത്രമേ അവിടെ കാണാൻ കഴിഞ്ഞുള്ളൂ. എന്നിട്ടും ഒരു ചോദ്യം മാത്രം എന്റെ മനസ്സിനുള്ളിൽ മായാതെ നിന്നു. ആ ചോദ്യത്തിനുള്ള ഉത്തരം മാത്രമല്ല ഇവരോരുത്തരുടെയും ആ ചോദ്യത്തിനുള്ള ഉത്തരം എന്തായിരിക്കുമെന്ന്.



നിർത്തുന്നു
*എന്ന് അമ്മേടെ സ്വന്തം*
*വൈഗ എസ്*

ഉണ്ടാക്കാം

# ലിഫ്റ്റ്


അരവിന്ദ് ഗുപ്ത

വളരെ എളുപ്പത്തിൽ
നമുക്ക് ഒരു ലിഫ്റ്റ്
ഉണ്ടാക്കിയാലോ...



**ആവശ്യമുള്ള സാധനങ്ങൾ**

- സ്ട്രോയുടെ രണ്ട് കഷണങ്ങൾ
- നീളമുള്ള ഒരു നൂല്
- നൂൽ എടുത്ത് തീർന്നതിനു ശേഷമുള്ള ഒരു കുഴൽ



1 നൂലിന്റെ രണ്ട് അഗ്രങ്ങളും സ്ട്രോയിൽ ഇതുപോലെ കെട്ടുക. നൂലിന്റെ മറ്റേ അഗ്രം കുഴലിലേക്കിറക്കി വയ്ക്കുക.



2 മുകളിൽ കാണുന്നതു പോലെ പിടിച്ച് ഒരു സ്ട്രോ താഴേക്ക് വലിക്കുക. ലിഫ്റ്റ് മുകളിലേക്ക് പൊങ്ങു ന്നതുകാണാം.



3 ഉചിതമാകും വിധം നിങ്ങൾക്ക് ലിഫ്റ്റിനെ അലങ്കരിക്കാവുന്നതാണ്.

# ക്ഷേത്രപ്രവേശനവിളംബരം

## 82-ാം വാർഷികാഘോഷങ്ങൾ : വയനാട് ജില്ല



ക്ഷേത്രപ്രവേശനവിളംബരത്തിന്റെ 82-ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം ബഹു. തുറമുഖ-പുരാവസ്തുവകുപ്പുമന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കുന്നു

ശാസ്ത്രീയമായി ഏറെ പുരോഗമിച്ച മനുഷ്യർ വർത്തമാനകാലത്തും ജാതിയുടെയും മതത്തിന്റെയും പേരിൽ പോരടിക്കുന്നത് ശിലായുഗത്തിലേക്കുള്ള തിരിച്ചുപോക്കിനു സമമാണെന്ന് ബഹു. തുറമുഖ-പുരാവസ്തുവകുപ്പുമന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി അഭിപ്രായപ്പെട്ടു.

ക്ഷേത്രപ്രവേശനവിളംബരത്തിന്റെ 82-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നവംബർ 10 ന് വയനാട് ജില്ലയിലെ കൽപ്പറ്റയിൽ വിവരസാങ്കേതികവകുപ്പ്, സാംസ്കാരിക വകുപ്പ് (കേരള സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്), പുരാവസ്തു-പുരാരേഖവകുപ്പ് എന്നിവ സംയുക്തമായി സംഘടിപ്പിച്ച പരിപാടികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ പ്രശസ്ത സാഹിത്യകാരൻ ശ്രീ കെ പി രാമനുണ്ണി മുഖ്യപ്രഭാഷണം നടത്തി. ശ്രീ സി കെ ശശീന്ദ്രൻ എം എൽ എ, വയനാട് ജില്ലാകലക്ടർ എ ആർ അജയകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ബി നസീമ, കൽപ്പറ്റ നഗരസഭാധ്യക്ഷ സനിത ജഗദീഷ്, ബ്ലോക് പഞ്ചായത്ത് പ്രസിഡന്റ് ഉഷാതമ്പി, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഇ വി സുഗതൻ, ഇൻ-ചാർജ് സതീഷ്കുമാർ, ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ കെ രാധാകൃഷ്ണൻ പുരാരേഖ വകുപ്പ് ഡയറക്ടർ ജെ രജികുമാർ തുടങ്ങിയവർ പ്രസംഗിച്ചു. നവംബർ 11, 12, തീയതികളിൽ പന്തിഭോജനം, നവോത്ഥാനസംഗമം, സെമിനാർ എന്നിവയും ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു.

# നെഹ്റുസ്മൃതി 2018

## ശിശുദിനാഘോഷം വിവിധ ജില്ലകളിൽ



തിരുവനന്തപുരം - ബഹു. ഗവർണർ ജസ്റ്റിസ് ശ്രീ പി സദാശിവം ഉദ്ഘാടനം ചെയ്യുന്നു



കാസർഗോഡ് - മലയാളത്തിന്റെ പ്രിയ കഥാകാരൻ ശ്രീ ടി പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു



കൊല്ലം- ബഹു. മേയർ അഡ്വ: വി രാജേന്ദ്ര ബാബു ഉദ്ഘാടനം ചെയ്യുന്നു




പത്തനംതിട്ട- ബഹു.മന്ത്രി ശ്രീ മാത്യു ടി തോമസ് ഉദ്ഘാടനം ചെയ്യുന്നു

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.



പാലക്കാട്- ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ എ കെ ബാല



തൃശ്ശൂർ- ബഹു കൃഷിവകുപ്പ് മന്ത്രി ശ്രീ വി എസ് സുനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു



ആലപ്പുഴ-ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്



വയനാട് - ശ്രീമതി ദേവകി ഉദ്ഘാടനം ചെയ്യുന്നു



കോട്ടയം- ശ്രീ ഋഷിരാജ് സിംഗ് ഐ പി



ഇടുക്കി- ശ്രീ യു എൻ പ്രകാശ് ഉദ്ഘാടനവും പുസ്തകപ്രകാശനവും നിർവഹിക്ക



ൻ ഉദ്ഘാടനം ചെയ്യുന്നു



ശ്രീ ജി വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു



എസ് ഉദ്ഘാടനം ചെയ്യുന്നു



ുന്നു



കണ്ണൂർ- ബഹു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു



എറണാകുളം -ശ്രീ എം കെ സാനു ഉദ്ഘാടനം ചെയ്യുന്നു




കോഴിക്കോട്- ബഹു. എം എൽ എ ശ്രീ. സി കെ നാണു ഉദ്ഘാടനം ചെയ്യുന്നു



മലപ്പുറം - ബഹു. എം എൽ എ ശ്രീ പി ഉബൈദുള്ള ഉദ്ഘാടനം ചെയ്യുന്നു

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 December 2018
Regd KL/TV (N)/399/2018-2020 Published on 29-11-2018 Vol:24, Issue:12, ₹20

